ശ്രീ. ടി. എം. മീതിയൻ : സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. വളരെ ഗൗരവമായ നടപടികളാ സ്വീകരിക്കേണ്ടതാണ്. ഒരു സംഘം വിദ്യാർത്ഥികളാ അവിടെ നിന്നു വന്നിരിക്കുകയാണ്, അവിടെ ഇന്നിയും സംഘർഷാവസ്ഥ ഉണ്ടാകാൻ ഇടയുണ്ട്. അവിടെ ഗ്രണ്ടുകളാ കോളേജിനകത്തു കയറി വിദ്യാർത്ഥികളെ മർദ്ദിക്കുകയാണ് ഉണ്ടായത്. ഗവണ്മെന്റു ശ്രദ്ധിക്കേണ്ടകാര്യമാണ്.

Mr. Speaker : The hon. Minister is not here. I am sending it to the Minister for necessary action.

4. LEGISLATIVE BUSINESS

The Kerala Land Reforms (Amendment) Bill 1963—(*Contd.*)

Mr Speaker : Now we pass on to the consideration and further stages of the Kerala Land Reforms (Amendment) Bill, 1968. Shri. V. S. Achyuthanandan was speaking. He is not there. I think his speech is over. When a member is called, if he is absent, then his turn is over. Shri A. V. Kunhambu may speak.

ശ്രീ എ. വി. കുഞ്ഞമ്പു : സർ, ഈ ഭൂപരിഷ്കരണ ഭേദഗതി നിയമം കഴിഞ്ഞ 18-8-68 ൽ ആണ് ഈ അസംബ്ലിയിൽ അവതരിപ്പിച്ചത് എങ്കിലും നമുക്ക് ഇപ്പോഴാ മാത്രമേ ഈ ബില്ല് അതിന്റെ രണ്ടാം വായനയ്ക്ക് എടുക്കുവാനും അവസാനമായി പരിഗണിക്കുവാനും സാധിച്ചിട്ടുള്ളൂ. തീർച്ചയായും ഇതു സംബന്ധിച്ച് പല അഭിപ്രായങ്ങളും പല ദിക്കിലും ഉയർന്നുവരുന്നുണ്ട്. അസംബ്ലിക്കകത്തും അതുപോലെതന്നെ പൊതുരംഗങ്ങളിലും ഇതിന്റെ കാലതാമസത്തെപ്പറ്റി വിമർശനപരമായ അഭിപ്രായങ്ങളാ വരുന്നുണ്ട്. ഈ വകുപ്പിന്റെ ഉത്തരവാദിത്വം വഹിക്കുന്ന മന്ത്രിയെ, പ്രത്യേകിച്ചും അവർ ഉൾക്കൊള്ളുന്ന മാർക്സിസ്റ്റ് പാർട്ടിയെ പൊതുവിലും എടുത്തു വിമർശിക്കുക എന്നതു് എല്ലാവരുടെയും വിനോദത്തിനുള്ള വകയായിത്തീർന്നു കഴിഞ്ഞിട്ടുണ്ട്. പക്ഷെ 18-8-68-ൽ ഇതു് അസംബ്ലിയിൽ അവതരിപ്പിച്ചുവെങ്കിലും ഈ ബില്ലിന്റെ അനുമതിക്കുവേണ്ടി 14-8-68-ൽ ആണ് കേന്ദ്രത്തിൽ അയച്ചത്. അങ്ങനെ അനുമതിക്കുവേണ്ടി കേന്ദ്രഗവണ്മെന്റിനു് അയച്ച ബില്ലിനു് 10-4-69-ൽ ആണ് അവതരണാനുമതി ലഭിച്ചതു് എന്നുള്ളതു് പരമാർത്ഥമായ സംഗതിയാണ്. ദീർഘമായ ഈ ഏഴു മാസം, ഇടയ്ക്കു വച്ചു താമസിപ്പിച്ചതിനെസംബന്ധിച്ച് നിർഭാഗ്യവശാൽ ആരുംതന്നെ ഒന്നും പറഞ്ഞില്ല. ഇങ്ങനെ വച്ചു താമസിപ്പിക്കുന്നതിനു് തീർച്ചയായിട്ടും പ്രതിഷേധം, അധിക്ഷേപിക്കപ്പെടുന്ന നമ്മുടെ പാർട്ടി, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് അതിന്റെ നേതൃത്വത്തിലുള്ള ബഹുജനസംഘടനയാണ് പ്രകടിപ്പിച്ചതു് എന്നുള്ളതും ഒരു വാസ്തവം മാത്രമാണ്. കാലതാമസത്തിനിടയാക്കുന്നതു് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയും ആണെന്നും അസംബ്ലിയിലും പുറത്തും വച്ച് അഭിപ്രായ പ്രചാരണം നടത്തുന്നതു് തീർച്ചയായും സത്യത്തിനു യോജിക്കുന്നതും അതതവസരത്തിൽത്തന്നെ ജനങ്ങളുടെ ഇടയിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്നതിനു പ്രയോജനപ്പെടുന്നതുമായ വാദഗതികളാണ്.

ഇന്നു് ഈ കേരള അസംബ്ലിയുടെ നേരെ, ഈ കേരളത്തിന്റെ ഒരറ്റംമുതൽ മറ്റെ അറ്റംവരെയുള്ള പാടത്തിൽ പണിയെടുക്കുന്ന പാവപ്പെട്ട കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ദൃഷ്ടി, ഈ തലസ്ഥാനനഗരിയിൽ ഉള്ള അസംബ്ലി മന്ദിരത്തിന്റെ നേരെ നട്ടിരിക്കുകയാണെന്ന വാസ്തവം നാമെല്ലാം ഓർത്തിരിക്കേണ്ടതാണ്. ഇതു് നിയമമാകുന്നതുവരെ ശ്വാസം അടക്കിപ്പിടിച്ചു ആകാംക്ഷയോടുകൂടി ഉത്ക്കണ്ഠയോടുകൂടി ആണ് ഇന്നാട്ടിലെ ജനങ്ങൾ ഉറ്റുനോക്കുന്നതു്. പ്രത്യേകിച്ചും ഈ രാജ്യത്തിലെ കർഷകരും കർഷകത്തൊഴിലാളികളും. ഈ കർഷകർക്കും കർഷകത്തൊഴിലാളികൾക്കും മോചനം ഉണ്ടാകാൻ വേണ്ടി കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

നിരവധികൊല്ലങ്ങളായി അവർ നടത്തിയിരിക്കുന്ന ഐതിഹാസികമായ സമരങ്ങളും ഉണ്ട്. അവർ കൈവശം വയ്ക്കുന്ന മണ്ണിന്റെ ഉടമാവകാശം അവർക്കുതന്നെ ലഭിക്കേണ്ടതാണ്. ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുന്ന അവസരത്തിൽ, മണ്ണിന്റെ അവകാശത്തിനുവേണ്ടി കൈവശം വയ്ക്കുന്ന നിലത്തിന്റെ അവകാശത്തിനുവേണ്ടി പട പൊരുതി പടക്കളത്തിൽ ജീവാർപ്പണം ചെയ്ത രക്തസാക്ഷികളും, കയ്യൂരിലും കരിവെള്ളൂരിലും കാവുംപായിയിലും ഒഞ്ചിയത്തും മൂനയംകുന്നിലും തില്ലങ്കേരിയിലുമെന്നുവേണ്ട നൂറുകണക്കിനു ജീവാർപ്പണംചെയ്ത രക്തസാക്ഷികളും, ഇന്ന് നമ്മുടെ മുമ്പിൽ നിരന്നു നിൽക്കുന്നുണ്ട്. ഈ ബില്ല് വളരെ വേഗത്തിൽ പാസ്സാക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. സർ, കഴിഞ്ഞ മുപ്പത്താറുകൊല്ലമായി ഒരു കോൺഗ്രസ്സുകാരൻ എന്ന നിലയിലും, ഒരു കോൺഗ്രസ് സോഷ്യലിസ്റ്റുകാരൻ എന്ന നിലയിലും, അവസാനമായി ഒരു കമ്മ്യൂണിസ്റ്റുകാരൻ എന്ന നിലയിലും ഞാൻ ഈ രാജ്യത്തിലെ ജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ചത് അധ്വാനിക്കുന്ന കർഷകത്തൊഴിലാളികളുടെയും കർഷകരുടെയും ഇടയിൽ ആണ്. പകലന്തിയോളം പണിയെടുക്കുകയും പട്ടിണി കിടക്കേണ്ടിവരികയും ചെയ്യുന്ന കർഷകത്തൊഴിലാളികൾക്ക് മോചനം ലഭിക്കുന്ന ആശ്വാസം ലഭിക്കുന്ന ദിനത്തിന്റെ ഉദയംകാത്തു വളരെയേറെ വിശ്വാസത്തോടുകൂടി നിൽക്കുന്ന ഒരുവനാണ് ഞാൻ. അതുകൊണ്ട് ഈ രാജ്യത്തെ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ഈ ന്യായം ഈ അസംബ്ലിയിൽ, അങ്ങയുടെ മഹനീയമായ അദ്ധ്യക്ഷതയിൽ നടന്നുകൊണ്ടിരിക്കുന്ന കേരള നിയമസഭ വളരെ വേഗത്തിൽ പാസ്സാക്കിയെടുക്കുന്നതിൽ അങ്ങേയറ്റത്തെ ജാഗ്രതയും വ്യഗ്രതയും ഉള്ള ഒരാളാണ് ഞാൻ. എന്നാൽ ഇങ്ങനെയുള്ള ഒരു ദീർഘപ്രസംഗം നടത്താനെനിക്ക് ആഗ്രഹമില്ല. വളരെയധികം പ്രസംഗിക്കുവാൻ ഉള്ള ഒരു വിഷയമാണിത്. എങ്കിലും പ്രശ്നങ്ങളുണ്ട്. അവയെല്ലാം വിശദീകരിക്കുന്നതിനു ഇപ്പോൾ നിവൃത്തിയില്ല.

ഒന്നുകൂടി അറിയിച്ചുകൊള്ളട്ടെ ഈ രീതിയിൽ ചില പാകപ്പിഴകൾ ഉണ്ടെന്നും ഈ പാകപ്പിഴകൾ തിരുത്തണമെന്നുമാണ് എനിക്ക് ഇപ്പോൾ പറയുവാനുള്ളത്. പാട്ടബാക്കിയെസംബന്ധിച്ചാണ് ഇതിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യം. പാട്ടബാക്കി മുന്നായിട്ട് തരംതിരിച്ചിരിക്കുകയാണ്. അഞ്ചേക്കർവരെയുള്ള കൈവശക്കാർ, പത്തേക്കർവരെയുള്ള കൈവശക്കാർ അതിനുമേലുള്ള കൈവശക്കാർ ഇങ്ങനെയാണ് തരംതിരിച്ചിരിക്കുന്നത്. അഞ്ചേക്കർവരെയുള്ള കൈവശക്കാരനു ഒരു കൊല്ലത്തെ പാട്ടബാക്കി അടച്ചാൽ മതി. പത്തേക്കറുക്കാരനു രണ്ടുകൊല്ലത്തെ പാട്ടബാക്കി അടയ്ക്കണം. പത്തിൽക്കൂടുതലുള്ളവർക്ക് നാലുകൊല്ലത്തെപാട്ടബാക്കി അടയ്ക്കണമെന്നാണ് ഇതിൽ വ്യവസ്ഥചെയ്തിട്ടുള്ളത്. 1967 മേയ് 1-ാം തീയതിവരെയെന്നുള്ളത് മാറ്റി 1969 മേയ് 1-ാം തീയതിവരെ എന്നു ഭേദഗതിചെയ്യുന്നുമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീമതി. കെ. ആർ. ഗൗരി:</u> വകുപ്പുവകുപ്പായിട്ടുള്ള ചർച്ചാവേളയിൽ ഭേദഗതിയായി മൂവ് ചെയ്താൽ മതി.

<u>ശ്രീ. എ. വി. കുഞ്ഞമ്പു:</u> ഈ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അഞ്ചേക്കർവരെ കൈവശമുള്ള ആളുകൾക്ക് നാലുകൊല്ലത്തെ പാട്ടം ഇന്നു കൊടുക്കേണ്ടിവരും. പത്തേക്കറിൽ കൂടുതലുള്ളവർക്ക് ആറുകൊല്ലത്തെ പാട്ടം കൊടുക്കേണ്ടിവരും. അഞ്ചേക്കറിൽ കൂടുതലുള്ളവർക്ക് അഞ്ചുകൊല്ലത്തെ പാട്ടം കൊടുക്കേണ്ടിവരും. ഇതു തീർച്ചയായും ഏറ്റവും വലിയ ഭാരമായിത്തീരുമെന്നാണ് എന്റെ അഭിപ്രായം.

മറ്റൊരുസംഗതി പറയാനുള്ളത് സ്റ്റാൻഡാർഡ് ഏക്കറിനെ സംബന്ധിച്ചാണ്. 1.25 ഏക്കർ തെങ്ങിൻതോപ്പിനും 0.50 ഏക്കർ കമുകിൻതോപ്പിനും നിശ്ചയിച്ചിട്ടുണ്ട്. ഉൽപ്പാദനച്ചെലവുള്ള കമുകിൻതോട്ടത്തെ അരയേക്കറാണ് ഒരു സ്റ്റാൻഡേർഡ് ഏക്കറെന്നു പറയുന്നതു ശരിയല്ല. ഒരു സ്റ്റാൻഡാർഡ് ഏക്കർ എന്നതു ഒരേക്കർ

LIBRARY ARCHIVES Kerala Legislative Assembly

കമുകിൻതോട്ടം എന്നുള്ളതിനുപകരം കമുകിൻതോട്ടം 2 ഏക്കർ എന്നുള്ളതുമാറ്റി 2.50 ഏക്കർ ആക്കണം. അതുപോലെ ഡ്രൈലാൻഡിനെ സംബന്ധിച്ച സ്റ്റാൻഡാർഡ് ഏക്കർ 2.50-ൽ നിന്നു 3 ആക്കി ഉയർത്തണം. ഇതു കഴിഞ്ഞാൽ, ഇതിലെ പൊതുവായുള്ള സമീപനത്തോടു ഞാൻ യോജിക്കുകയാണു. കവിഞ്ഞാൽ 20 ഏക്കർ എന്നുള്ളതു പൊതുവെ നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്റ്റാൻഡാർഡ് ഏക്കറിനെ സംബന്ധിച്ച സമീപനത്തോടു ഞാൻ യോജിക്കുകയാണു. ഡ്രൈലാൻഡിനു 2.50 ഏക്കർ എന്നുള്ളതിലും കമുകിനു അരയേക്കർ എന്നുള്ളതിലും കശുമാവിനു 2 ഏക്കർ എന്നുള്ളതിലും മാറ്റംവരുത്തണം. കരുമുളകിനു 1/20 മര്യാദപ്പാട്ടം എന്നുള്ളതു വിഷമമുണ്ടാക്കുന്ന പ്രശ്നമാണെന്നുള്ളതുകൊണ്ടു അതു മാറ്റണം. ചില കാലങ്ങളിൽ ഒന്നുംതന്നെ പിടിക്കാതിരിക്കുകയാണു. ഇരുപതിലൊന്നു നിശ്ചയിക്കുന്നതു ഉദ്യോഗസ്ഥന്മാരായിരിക്കും. ഏതെങ്കിലുമൊരുകാലത്തു ഇതു തീരാത്ത സൊല്ലയുണ്ടാക്കിത്തീർക്കും. 1/20 എന്നതിനു പകരം നിശ്ചിതമായ ഒരു സംഖ്യ, 6 ക. എന്നോമറ്റോ, നിശ്ചയിക്കണം. (ഇതു കണക്കാക്കിയതു ബേസിക് ടാക്സിന്റെ 3 ഇരട്ടി എന്ന അടിസ്ഥാനത്തിലാണു.) അതുകൊണ്ടു ഒരേക്കറിനു 6 ക.യോ 1/2 -ഓ ഇതിൽ ഏതാണു ഓപ്പറേറ്റുചെയ്യുന്നതെന്നുവച്ചാൽ അതു മര്യാദപ്പാട്ടമായി കൊടുക്കണമെന്ന തരത്തിൽ ഭേദഗതി വരുത്തണമെന്നാണു എന്റെ അഭിപ്രായം.

കുടികിടപ്പിനെ സംബന്ധിച്ചു പറയുന്നതു, 15 കിലോമീറ്ററിനുള്ളിൽ 25 സെന്റിലധികം ഭൂമിയുണ്ടെങ്കിൽ കുടികിടപ്പു നഷ്ടപ്പെടുമെന്നാണു. അതു ഒരു ദ്രോഹമായിരിക്കും. 15 കിലോമീറ്റർ എന്നുള്ളതുമാറ്റി, 3 കിലോമീറ്ററിനുള്ളിൽ 25 സെന്റിലധികം ഭൂമിയുണ്ടെങ്കിൽ കുടികിടപ്പു നഷ്ടപ്പെടുമെന്ന രീതിയിൽ ഭേദഗതിചെയ്യണം. ഒരേക്കർവരെയുള്ള കുടികിടപ്പുകാർക്കു വീടുകെട്ടാനോ താമസിക്കാനോ സൗകര്യമുണ്ടെങ്കിൽ നിയമം പാസാക്കിക്കഴിഞ്ഞശേഷം 3 കൊല്ലത്തിനുള്ളിൽ തങ്ങൾക്കു ആവശ്യമുള്ള ഭൂമിക്കു അപ്പെപ്പോയ്യാമെന്ന ഒരു വകുപ്പുണ്ടു. മൂന്നുകൊല്ലംവരെ കാത്തുനിൽക്കുമ്പോൾ കുടികിടപ്പുകാരൻ സ്വസ്ഥതയില്ലാതെ, ദേവിയെന്തായിരിക്കുമെന്നുള്ളതിൽ ഒരു ഭീതാബോധമില്ലാതെ, വിഷമിക്കേണ്ടിവരും. അതുകൊണ്ടു നിയമംപാസായി 6 മാസത്തിനുള്ളിൽ അത്തരക്കാർ ഹർജി കൊടുക്കണമെന്ന ഭേദഗതി വരുത്തണം.

വേറെ ഒരു കാര്യം പറയുന്നതു ചില ഭിന്നാഭിപ്രായക്കുറിപ്പുകളെപ്പറ്റിയാണു. അതിൽ, വളരെ വ്യക്തമായി തത്വവിശദീകരണം നടത്തുന്നതുപോലെ ഏറ്റവും കാര്യമായി എടുത്തുപറയുന്നതു നാച്വറൽ ജസ്റ്റീസിന്റെ കാര്യമാണു. നാച്വറൽ ജസ്റ്റീസിന്റെ അടിസ്ഥാനത്തിലാണു വിശദീകരണം നടത്തുന്നതു. പക്ഷേ, എന്തിന്റെ നാച്വറൽ ജസ്റ്റീസു എന്നുള്ളതുസംബന്ധിച്ചു വിശദീകരിക്കാനുണ്ടു. ജന്മിയുടെ നാച്വറൽ ജസ്റ്റീസു ഒരിക്കലും കുടികിടപ്പുകാരന്റെ നാച്വറൽ ജസ്റ്റീസാകുകയില്ല, അല്ലെങ്കിൽ കുടിയാന്റെ നാച്വറൽ ജസ്റ്റീസു ആകുകയില്ല: കുടിയാന്റെയും കുടികിടപ്പുകാരന്റെയും നാച്വറൽ ജസ്റ്റീസു ഒരിക്കലും ജന്മിയുടെ നാച്വറൽ ജസ്റ്റീസാകുകയില്ല. നാച്വറൽ ജസ്റ്റീസു എന്ന ആ പ്രയോഗം കുടികിടപ്പുകാരന്റെ താൽപര്യം നിഹനിക്കുന്ന പദപ്രയോഗമാണു. ഈ ബില്ലിന്റെ സ്പിരിട്ടിനെ—ഈ ബിൽ ഉൾക്കൊള്ളുന്ന താൽപര്യം, ഏതു ജനവിഭാഗത്തിനു ഏതു ആശ്വാസം നൽകണമെന്നതാണോ ആ താൽപര്യത്തെ—നിഹനിക്കുന്ന ഒന്നാണു ഭിന്നാഭിപ്രായക്കുറിപ്പിലെ 'നാച്വറൽ ജസ്റ്റീസു' എന്നാണു എനിക്കു അങ്ങയുടെ മുൻപിൽ സമർപ്പിക്കാനുള്ളതു.

പിന്നെ ഒന്നുള്ളതു 'ബോണാഫൈഡു' ആണോ എന്നു നോക്കുന്ന പ്രശ്നത്തപ്പറ്റിയാണു. ഉത്തമവിശ്വാസത്തിന്റെ പ്രശ്നമാണു അതു. ഉത്തമവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അവകാശം നിർണ്ണയിക്കാൻ പാടില്ല. കുടികിടപ്പിനെ സംബന്ധിച്ചോ കുടിയായ്മയെ സംബന്ധിച്ചോ കോടതിയുടെ ഉത്തമവിശ്വാസത്തിൽ ഇന്നു എത്തിച്ചുകൊടുത്താൽ എന്താണു സംഭവിക്കുന്നതു? എന്റെ ജില്ല

LIBRARY ARCHIVES Kerala Legislative Assembly

യിൽ കല്യാട്ടപടിക്കൽ ഒരു ക്രിസ്ത്യീയദേവാലയംപോലും നഷ്ടപ്പെട്ടിരിക്കുകയാണു്. ഭൂമി മുഴുവനും കൈയടക്കി അദ്ധ്വാനിച്ചു് ഉടയാടയുണ്ടാക്കി, ദേവാലയം ഉണ്ടാക്കി, സ്കൂൾ ഉണ്ടാക്കി, രാജ്യം മനോഹരമാക്കി. പക്ഷേ അവർക്കു് മലബാർ കുടിയാൻ ഭേദഗതിനിയമമൊന്നും നിശ്ചയമുണ്ടായിരുന്നില്ല. പണംകൊടുത്തു് ഭൂമിവാങ്ങി അദ്ധ്വാനിച്ചു്, ഉടയങ്ങളുണ്ടാക്കി, ദേവാലയമുണ്ടാക്കി ഉത്തമവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ച പാവപ്പെട്ട ആളുകളെ മുഴുവനും ഇന്നു് പുറത്തുവിട്ടിരിക്കുകയാണു്. അവരെ ഇറക്കിവിട്ടിരിക്കുകയാണു്. ദേവാലയംപോലും നഷ്ടപ്പെട്ട സ്ഥിതിവിശേഷമാണു്, ഇതു് ഉത്തമവിശ്വാസത്തിന്റെ പദപ്രയോഗം ദുരുപയോഗപ്പെടുത്തി കൊണ്ടു് ആളുകളുടെ കുടിയായ്മാവകാശം നിഷേധിക്കുകയാണു്. ഇങ്ങനെ ഈ അവകാശം നിഹനിക്കാൻ പാടില്ല. അന്തരിച്ചുപോയ ശ്രീ. പി. ടി ചാക്കോയുടെ ബില്ലിന്റെ ഏറ്റവും വലിയ അപാകത, കുടിയായ്മാവകാശം നിർണ്ണയിക്കുന്നതിനു് ഉത്തമവിശ്വാസത്തെ ആശ്രയിക്കുകയും വിശ്വസിക്കുകയും ചെയ്തുപോന്നതിന്റെ അടിസ്ഥാനത്തിൽ വന്നതാണു്. ഇത്തരം പ്രയോഗമാണു് കല്യാട്ടപടിക്കൽ പ്രദേശങ്ങളിലെ പാവപ്പെട്ടവരെ ഒഴിപ്പിക്കുന്നതിനു് ഇടയാക്കിത്തീർത്തിട്ടുള്ളതെന്നാണു് എനിക്കു പറയാനുള്ളതു്. അതുകൊണ്ടു് ഈ കാര്യം പ്രത്യേകമായി പരിഗണിക്കേണ്ടതാണു്.

ഭിന്നാഭിപ്രായക്കുറിപ്പിൽ സൊളോഷ്യത്തെപ്പറ്റി പറയുന്നുണ്ടു്. ചെറുകിടക്കാർക്കു് ആശ്വാസമായി ഇതു നൽകുന്നുമെന്നതാണു് പ്രധാനമായ വ്യവസ്ഥ. 2000 രൂ.-യിൽ അധികമായാൽ ആശ്വാസം നൽകരുതെന്നു പറഞ്ഞിട്ടുണ്ടു്. ഭിന്നാഭിപ്രായക്കുറിപ്പിൽ പറയുന്നതു്, 2000 രൂ.-യിൽ അധികമായാലും നൽകണമെന്നും 10000 രൂപവരെ വരുന്ന കോംപൻസേഷൻ ആശ്വാസം നൽകണമെന്നും അതു് 500 രൂപപോരാ 1000 രൂപയായി വർദ്ധിപ്പിക്കണമെന്നും ഒക്കെയാണു്. 30000-ത്തിൽപ്പരം ഒരു ചെറിയ കച്ചവടക്കാരനു് അടക്കം വിൽപനസംഖ്യ ഉണ്ടാകും, അതുകൊണ്ടു് അങ്ങനെയുള്ള ആളുകൾക്കു് ആശ്വാസം നിഷേധിക്കുന്നതു് ശരിയല്ല എന്നാണു് ഭിന്നാഭിപ്രായക്കുറിപ്പിൽ പറയുന്നതു്. തീർച്ചയായിട്ടും അതല്ല ശരി. സെലക്ടു് കമ്മിറ്റി റിപ്പോർട്ടിലെ ഭൂരിപക്ഷാഭിപ്രായമാണു് ശരി എന്നു പറഞ്ഞുകൊണ്ടു്, ഈ ബിൽ നിയമമാക്കാനുള്ള സത്വരമായ നടപടികളും നടത്താൻ അസംബ്ലിയും വകുപ്പു മന്ത്രിയും ജാഗ്രതയോടുകൂടി പരിശ്രമിക്കുമെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടി ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. രാമുണ്ണി : സർ, ജന്മിത്തം അവസാനിപ്പിച്ചുകൊണ്ടുള്ള ഈ ഭൂപരിഷ്കരണഭേദഗതിബിൽ ഇവിടെ അവതരിപ്പിച്ചതിൽ ബഹുമാനപ്പെട്ട റവന്യൂമന്ത്രിയെ ഞാൻ അനുമോദിക്കുകയാണു്. ഇത്തരം ഒരു ബിൽ കൊണ്ടുവരുമ്പോൾ പ്രധാനമായും ഊന്നൽകൊടുക്കേണ്ടതു് ഒരു കാര്യത്തിനാണു് : കൃഷിഭൂമി കൃഷിക്കാരനു് എന്ന മൗലികപ്രാധാന്യമുള്ള തത്വത്തിനു്. സർ, ഈ കാര്യം ഓർക്കുമ്പോൾ, കമ്മ്യൂണിസ്റ്റുപാർട്ടി ഇടതും വലതുമായി പിളരുന്നതിനുമുൻപു് ഈ നാട്ടിലെ കൃഷിക്കാരുടെയിടയിൽ പാടിയിട്ടുള്ള ഒരു ഗാനശകലം ഓർമ്മിക്കുകയാണു്. എനിക്കു് പാടാനറിയാത്തതുകൊണ്ടു് ഞാൻ അതു പറയാം :

നമ്മളുകൊയ്യും വയലെല്ലാം
നമ്മുടെയാകും പൈങ്കിളിയേ.

ഈ ഗാനശകലം ഉൾക്കൊണ്ട മൗലികമായ തത്വം ഇത്തരമൊരു ഭൂപരിഷ്കരണബില്ലിൽ ഉൾക്കൊള്ളണമെന്ന ഞങ്ങൾക്കു നിർബന്ധമുണ്ടു്. അതാണു് ഇത്തരമൊരു ഭൂപരിഷ്കരണബില്ലുകൊണ്ടു് ഉദ്ദേശിക്കുന്നതെന്നുമാണു് മനസ്സിലാക്കുന്നതു്. അതുകൊണ്ടു് കൃഷിക്കാരൻ ഭൂവുടമയുമാകണമെന്ന അടിസ്ഥാനത്തിലാണു് ഈ ബിൽ നിയമമാകേണ്ടതു്. കൃഷിചെയ്യാതെ പലരും ഭൂമി കൈവശംവയ്ക്കുന്നുണ്ടു്. അങ്ങനെ "ആബ്സെന്റീ ലാൻഡ്ലോർഡ്സ്" എന്ന നിലയിൽ ഭൂമി കൈവശപ്പെടുത്തിവയ്ക്കുന്നവരുടെ കൈയിൽനിന്നു് പാടത്തു പണിയെടുക്കുന്നവരുടെ

LIBRARY ARCHIVES Kerala Legislative Assembly

കൈയിലേക്ക് കൃഷിഭൂമി എല്പിച്ചുകൊടുക്കുന്നതിനാണ് ഈ നിയമനിർമ്മാണം ഇപ്പോൾ കൊണ്ടുവന്നതെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങനെ കൃഷിഭൂമി കൃഷിചെയ്യുന്നവരെ ഏൽപിച്ചുകൊടുക്കുമ്പോൾ കൃഷിപരമായ ഒരു ചേരിതിരിവ് ഉണ്ടാകും. നമ്മുടെ സാമൂഹ്യമായ നിലനിൽപിൽ തൊഴിലിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ ചേരിതിരിവുണ്ടാകുകയും അതു് ഈ നാട്ടിന്റെ, സോഷ്യലിസത്തിലേക്കുള്ള പ്രയാണത്തെ വളരെവേഗം സഹായിക്കുകയുചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങനെവരുമ്പോൾ കൃഷിചെയ്യുന്നവനും സ്റ്റേറ്റിനും ഇടയിൽ ഒരു മദ്ധ്യവർത്തിയുണ്ടാകുന്നതു ശരിയാണല്ലെന്നുമാത്രമല്ല സ്റ്റേറ്റുതന്നെ ബേസിക് ടാക്സും ലാൻഡ് ടാക്സും കൃഷിക്കാരനിൽനിന്നു പിരിക്കാതെ അവൻ കൈവശംവയ്ക്കുന്ന ഭൂമിയിൽ പരിപൂർണ്ണമായ ഉടമസ്ഥാവകാശം നൽകണമെന്നും ഞങ്ങൾക്കു നിർബന്ധമുണ്ടു്. എന്തുകൊണ്ടെങ്കിലും ഭൂമി കൈവശംവയ്ക്കുന്നതു് ഭരണഘടനാപരമായ മൗലികാവകാശമാണെന്നു വാദിക്കുന്നവരുണ്ടു്. അതു് പരിപാവനമായ അവകാശമാണെന്നും വാദിക്കുന്നു. എന്നാൽ ഒരു പൗരന്റെ മൗലികാവകാശമെന്നു് എന്റെ പാർട്ടി പറയുന്നതു് ചൂഷണത്തിൽനിന്നുള്ള വിമോചനത്തെപ്പറ്റിയാണു്. എന്തുകൊണ്ടെങ്കിലും ഭൂമി കൈവശംവയ്ക്കുന്നതു് മൗലികാവകാശമായി അംഗീകരിക്കാൻ ഞങ്ങൾ തയ്യാറില്ല. ഒരു ഹോംസ്റ്റെഡ്—കിടപ്പാടം—ഒരു പൗരനു് നിശ്ചയമായും ഉണ്ടായിരിക്കണമെന്നും അതു കൈവശംവയ്ക്കുന്നുള്ള അവകാശമുണ്ടായിരിക്കണമെന്നും ആ കിടപ്പാടത്തിനുമേലുള്ള മൗലികാവകാശം ഒരു പൗരനു് കൊടുക്കാൻ തയ്യാറാകണമെന്നും എന്റെ പാർട്ടിക്കു് നിർബന്ധമുണ്ടെന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. അല്പാത്തിടത്തോളംകാലം പൗരൻ പൗരനായിത്തീരുകയില്ല. ഒരുഭാഗത്തു് ചിലർ എത്രയെങ്കിലും ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുകയും മറുഭാഗത്തു് ഒന്നുമില്ലാത്തവർ ഇതൊക്കെ നോക്കിനിൽക്കുകയുംചെയ്യുന്ന സ്ഥിതിവിശേഷം ഇവിടെയുണ്ടു്. ഉള്ളവർ കൈവശംവയ്ക്കുന്നതു മൗലികാവകാശമാണെന്നു പറയുകയും അതേയവസരത്തിൽ കിടപ്പാടംപോലുമില്ലാത്തവർ നാട്ടിലെ പൗരന്മാരാണെന്നു് അഭിമാനിക്കുകയും ചെയ്യുന്നതിനു് സോഷ്യലിസം എന്നാണു് പറയുന്നതെങ്കിലു, അതു് ഞങ്ങൾ അംഗീകരിക്കാൻ തയ്യാറില്ലെന്നു് വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു.

സർ, മിച്ചഭൂമി എടുത്തു കിടപ്പാടംപോലുമില്ലാത്ത ആളുകൾക്കു നിർബന്ധമായി കിടപ്പാടം ഉണ്ടാക്കത്തക്കവിധത്തിൽ വിതരണം ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്. പൗരന്മാരുടെ മൗലികാവകാശം എന്നു നാം വിശ്വസിക്കുന്നതിന്റെ കൂട്ടത്തിൽ കേരളത്തെ സംബന്ധിച്ചിടത്തോളം കിടപ്പാടമെങ്കിലും ഉണ്ടാകാൻ സൗകര്യം നൽകണമെന്നാണു് ഗവണ്മെന്റിനോടു എനിക്കു പറയാനുള്ളതു്. നമ്മുടെ ഭരണഘടനയിൽ ജീവനും സ്വത്തിനും പരമപ്രധാനമായ മൗലികാവകാശങ്ങൾ എന്ന വിശേഷ പ്രാധാന്യം നൽകിയിട്ടുണ്ടു്. എന്നാൽ ജീവിക്കാനുള്ള സ്വത്തു കൊടുക്കണമെന്നു പറഞ്ഞിട്ടില്ല. ജീവിക്കാനുള്ള ഭക്ഷണം കൊടുക്കണമെന്നു പറഞ്ഞിട്ടില്ല. പഠിപ്പുള്ളവനു് ഉദ്യോഗം കൊടുക്കണമെന്നു പറഞ്ഞിട്ടില്ല. പക്ഷേ, ഉള്ളവന്റെ സ്വത്തെല്ലാം സംരക്ഷിക്കാനുള്ള ഉറപ്പു് ഭരണഘടനയിൽ നൽകുന്നുണ്ടു്. ഇതൊരു വിരോധാഭാസമാണു സർ. സോഷ്യലിസം വിശ്വാസപ്രമാണമായി അംഗീകരിക്കുന്ന ഒരു സ്റ്റേറ്റു ചെയ്യേണ്ടതു്, കിടപ്പാടം ഇല്ലാത്തവർക്കു പ്രഥമികമായി കിടപ്പാടം നൽകുക എന്ന മൗലികാവകാശം അംഗീകരിച്ചു പ്രവർത്തിക്കുക എന്നുള്ളതാണു്. ഇതു കാര്യമായി അംഗീകരിച്ചാൽ, കുടികിടപ്പുക്കാരുടെ പ്രശ്നം ഇന്നലെ ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ പറഞ്ഞതുപോലെ വളരെയേറെ ഗൗരവമായി ചിന്തിക്കേണ്ടതാണു്. സിറ്റി കോർപ്പറേഷനുകളിൽ കുറഞ്ഞതു 3 സെന്റെന്നുണ്ടു് സെലക്ടു കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതെങ്കിലും സിറ്റി കോർപ്പറേഷനടക്കം 5 സെന്റെങ്കിലും നൽകണമെന്നാണു് എന്റെ പാർട്ടിയുടെ അഭിപ്രായം. അതുപോലെതന്നെ കുടികിടപ്പുകാർക്കു് കൈവശാവകാശം വിലവാങ്ങിക്കൊടുക്കുന്നുള്ള വ്യവസ്ഥയും എന്റെ പാർട്ടിക്കു ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു സ്വീകാര്യമല്ല. എല്ലാ കുടികിടപ്പു

LIBRARY ARCHIVES Kerala Legislative Assembly

കർഷകം അവകാശം വിലവാങ്ങാനുള്ള അവകാശമുണ്ടായിരിക്കും. അതാണ് ഞങ്ങളുടെ പാർട്ടിയുടെ വ്യക്തമായ അഭിപ്രായം.

സർ, പരിധിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, ഒരാൾക്ക് നേരിട്ട കൃഷിചെയ്യാവുന്നതിന്റെ മൂന്നിരട്ടിയിലധികം ഭൂമി അനുവദിക്കാൻ പാടില്ല. നേരിട്ട കൃഷി ചെയ്യാവുന്നവർക്കുമാത്രമേ ആ നിരക്കിൽ ഭൂമി നൽകാൻപാടുള്ളൂ എന്നാണ് എന്റെ പാർട്ടിയുടെ അഭിപ്രായം. ഒരാൾക്ക് മൂന്നേക്കറിൽ കൂടുതൽ സ്ഥലത്തു നേരിട്ട കൃഷിചെയ്യാൻ സാധ്യമല്ലെന്നാണ് വിദഗ്ധാഭിപ്രായം. അങ്ങനെ വരുമ്പോൾ 9 ഏക്കർ, സ്റ്റാൻഡേഡ് ഏക്കറല്ല, സാധാരണ ഏക്കർ ഭൂമി മാത്രമേ ഒരാൾക്ക് കൈവശം വയ്ക്കാൻ അർഹതയുള്ളൂ. 9 സാധാരണ ഏക്കർ ഭൂമിയിൽ കൂടുതൽ പരിധി അനുവദിക്കരുതെന്നാണ് എന്റെ പാർട്ടിയുടെ അഭിപ്രായം.

സർ, ഒരു കാര്യംകൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കാം. എന്റെ പാർട്ടി ചെയർമാൻ ഇതു സംബന്ധിച്ചു വളരെയധികം വിശദീകരിച്ചു ഇന്നലെ സംസാരിക്കുകയുണ്ടായി. ആദിവാസികളുടെ കൈവശത്തിലിരുന്ന ഭൂമി ഇന്നു പലതരത്തിൽ അന്യാധീനപ്പെട്ടിരിക്കുന്നു ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. ഇക്കാര്യം ഇതിനു മുൻപു പല സന്ദർഭങ്ങളിലും നിയമസഭയിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. അവരുടെ അവശതകളും പരിഹരിക്കുന്നതിനു പറ്റിയവിധം സമഗ്രമായ ഒരു നിയമനിർമ്മാണം വേറെ നടത്താറാവുന്ന റവന്യൂ മന്ത്രി ഉറപ്പു നൽകിയിട്ടുണ്ട്. ആ ഉറപ്പു പാലിക്കുമെന്ന കാര്യത്തിൽ സംശയമില്ലെങ്കിലും അതു വരുന്നതിനു മുൻപുതന്നെ അവർക്കു കൈവശാവകാശമുണ്ടായിരുന്ന ഭൂമി ഇന്നു അന്യാധീനപ്പെട്ടുപോയിട്ടുള്ളതു തിരിയെ കിട്ടാൻ തക്കവിധം എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ എന്നു പരിശോധിക്കണം. കൈവശാവകാശരേഖ തയ്യാറാക്കുമ്പോൾ ഇങ്ങനെ അന്യാധീനപ്പെട്ടുപോയിട്ടുള്ള ആദിവാസികളുടെയും ഹരിജനങ്ങളുടെയും വക ഭൂമിക്കു സംരക്ഷണം കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു. അതിനു പ്രത്യേകമായ എന്തെങ്കിലും ഒരു നടപടിക്രമം ഉണ്ടായാൽ മാത്രമേ പറ്റൂ. ഒരുകാലത്തു വയനാടും അട്ടപ്പാടിയും ആദിവാസികളുടെ വിഹാരകേന്ദ്രമായിരുന്നു. ആ ഭൂമിയൊക്കെ അവരിൽനിന്നു അന്യാധീനപ്പെട്ടുപോയിരിക്കുകയാണ്. കുറച്ചു പുകയിലയോ തുച്ഛമായ തുകയോ കൊടുത്തിട്ടായിരിക്കും ഈ ഭൂമി മറ്റുള്ളവർ കരസ്ഥമാക്കിയിട്ടുള്ളതു്. ഈ വസ്തുത ഭരണാധികാരികളും മനസ്സിലാക്കണം. ഇത്രയേറെ വേദനാജനകമായ സാമൂഹികാധഃപതനം വേറെ ആക്കെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നതു്, അവരുടെ കാര്യം പ്രത്യേകമായി പരിഗണിച്ചു് അവരെ എല്ലാവിധ ചൂഷണങ്ങളിൽനിന്നും സംരക്ഷിക്കാൻ സ്റ്റേറ്റിനു ചുമതലയുണ്ടെന്നു്. ഈ കാര്യം പ്രത്യേകം പരിഗണിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ബാക്കി കാര്യങ്ങളും ബില്ലിന്റെ വകുപ്പുവകുപ്പായിട്ടുള്ള ചർച്ചയിൽ ആകാവുന്നതു കരുതി ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. വി. കൃഷ്ണൻ നായർ : സർ, ഈ ബില്ലിനെ പൊതുവെ ഞാൻ സ്വാഗതം ചെയ്യുകയാണ്. വളരെക്കാലമായി ഈ രാജ്യത്തെ കർഷകരും കർഷകത്തൊഴിലാളികളും ആഗ്രഹിച്ചുകൊണ്ടിരുന്ന ഏറ്റവും പുരോഗമനപരമായ ഈ ബില്ലിനെ സ്വാഗതം ചെയ്യാൻ പ്രത്യേകം ചാരിതാർത്ഥ്യമുണ്ട്. ഈ ബിൽ നടപ്പാക്കുന്നതുമൂലം ഉദ്ദേശിക്കുന്നതു പ്രധാനപ്പെട്ട രണ്ടു കാര്യങ്ങളാണ്. അതിൽ ഒന്നു മിച്ച ഭൂമി വിതരണം ചെയ്യുക എന്നതാണ്. നിയമം വന്നുകഴിഞ്ഞാൽ മിച്ച ഭൂമി അധികം ഉണ്ടാകുമോ എന്നു പരിശോധിക്കുമ്പോൾ പല സംശയങ്ങളും ഉണ്ടാകുന്നുണ്ട്. എതായാലും അങ്ങിങ്ങായി കുറേ ഭൂമി ഉണ്ടാകുമെന്ന കാര്യം വ്യക്തമാണ്. ആ ഭൂമി എങ്ങനെ വിതരണം ചെയ്യാൻ സാധിക്കും, അതു് ആർക്കെല്ലാം കൊടുക്കും, ആ ഭൂമി വിതരണം ചെയ്യുന്നതിന്റെ സ്വഭാവം എന്തായിരിക്കണം എന്നും മറ്റും ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാനുദ്ദേശിക്കുകയാണ്. സോഷ്യലിസ്റ്റു വ്യവസ്ഥിതിയിൽ, ഉല്പാദനോപകരണങ്ങൾ സമൂഹവൽക്കരിക്കുക എന്നുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും വലിയ ആവശ്യം. നമ്മുടെ നാട്ടിലെ സ്വകാര്യസ്വത്തുടമാസംപ്രദായം പെട്ടെന്ന് മാറ്റാൻ സാധിക്കുകയില്ല. മിച്ചം വരുന്ന ഭൂമി പിടിച്ചെടുത്തു വിതരണം ചെയ്യുകഴിഞ്ഞാൽ, ആ ഭൂമിയെങ്കിലും സമൂഹവൽക്കരിക്കേണ്ടതു് ഏറ്റവും ആവശ്യമാണു്. അതു സാധിക്കണമെങ്കിൽ ഈ രാജ്യത്തെ ഭൂമിയില്ലാത്തവരെ, കർഷകത്തൊഴിലാളികളെ, ചെറുകിട ഭൂവുടമകളെ, ഏറ്റവും ചെറിയ കർഷകർ മുതലായ വിഭാഗത്തിൽപെട്ടവരെ ഒന്നിച്ചു ചേർത്തുകൊണ്ടു് സഹകരണസംഘങ്ങൾ ഉണ്ടാക്കി, അത്തരം സഹകരണസംഘങ്ങൾക്കു മുൻഗണനകൊടുത്തുകൊണ്ടു് ഭൂമി വിതരണം ചെയ്താൽ അങ്ങനെ വിതരണം ചെയ്യുന്ന ഭൂമിയെങ്കിലും പൊതുസ്വഭാവമുള്ളതും പൊതുവുടമയിലുള്ളതുമാക്കിത്തീർക്കാൻ സാധിക്കുന്നതാണു്. അതുമാത്രമല്ല, അങ്ങനെ വിതരണം ചെയ്യുകഴിഞ്ഞാൽ, കർഷകരുടെ പുനരധിവാസത്തിനും മറ്റും കൊടുക്കുന്ന ലോണുകളും ഗ്രാന്റുകളും എല്ലാം ഇത്തരം സഹകരണസംഘങ്ങൾക്കു മുൻഗണന നൽകിക്കൊണ്ടു് ഫലപ്രദമായി വിതരണം ചെയ്താൽ ഭൂമി തുണ്ടുതുണ്ടായി പോകാതെ സംയോജിപ്പിച്ചുകൊണ്ടു്, പുതിയ യന്ത്രവൽക്കൃത കൃഷിസംപ്രദായം നടപ്പിൽവരുത്തുകയും തന്നിമിത്തം ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യാൻ സാധിക്കുന്നതാണു്. നിലവിലുള്ള ഭേദഗതി ബില്ലിൽ അതിനുള്ള വ്യവസ്ഥ ഒന്നുംതന്നെ കാണുന്നില്ല. ഇതിനുമുൻപുണ്ടായിരുന്ന 1964-ലെ 1-ാം ആക്ടു് എന്നു പറയുന്ന നിയമത്തിലും, ഇത്തരത്തിലുള്ള വ്യവസ്ഥയുള്ളതായി കാണുന്നില്ല. ആക്ടിലെ 3-ാം വകുപ്പിൽ ഗവണ്മെന്റുവക ഭൂമികളും, വാണിജ്യവ്യവസായങ്ങൾക്കുവേണ്ടിയുള്ള ചാർത്തുകളും, വനഭൂമികളും, പ്ലാന്റേഷനുകളും എന്നിവ പരിധിയിൽനിന്നു് ഒഴിവാക്കിയിട്ടുണ്ടു്. എന്നാൽ സഹകരണ സംഘങ്ങളുടെ കീഴിലുള്ള ഭൂമി പരിധിയിൽ നിന്നു ഒഴിവാക്കിയിട്ടില്ല മാത്രമല്ല, മേലാൽ സഹകരണസംഘങ്ങൾ മുഖേന ഭൂമി കൈവശംവയ്ക്കുന്ന സംപ്രദായം നിലനിറുത്താൻ വിഷമമായിട്ടാണിരിക്കുന്നതു്. ഈ കാര്യം വളരെ പ്രധാനമായിട്ടു കണക്കിലെടുത്തു പര്യാലോചിക്കണമെന്നു ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണു്.

സർ, നമ്മുടെ ഭൂപരിഷ്കരണനിയമത്തിന്റെ കഴിഞ്ഞ കാലചരിത്രത്തിലേക്കു് ഒന്നു കണ്ണോടിച്ചാൽ പല കാലഘട്ടങ്ങളിലും കുടിയാനും, കൈവശക്കാരനും ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്ന നിയമങ്ങളുണ്ടായിട്ടുള്ളതായി കാണാൻ കഴിയും, മലബാർ കുടിയായ്മനിയമവും, അതുപോലുള്ള ഒന്നായിരുന്നു. വെറും പാട്ടക്കാർ നിയമം തുടങ്ങി കേരളത്തിൽ വ്യത്യസ്തഭാഗങ്ങളിൽ പലതരത്തിലുള്ള നിയമങ്ങളും നിലവിലുണ്ടായിരുന്നു. 1957-നു ശേഷം കുടിയാന്മാർക്കു കൂടുതൽ ആനുകൂല്യങ്ങളും കൊടുക്കുന്നതിനുപകരം, 1957-ൽ അവതരിപ്പിക്കപ്പെട്ട കാർഷികബന്ധ നിയമത്തിൽ, അതിനുമുൻപുണ്ടായിരുന്ന നിയമത്തിലുണ്ടായിരുന്ന ന്യൂനതകളും ഇല്ലാതാക്കുകയും, വല്ല പോരായ്മകളും ഉണ്ടായിരുന്നാൽതന്നെ ജന്മിത്തം അവസാനിപ്പിക്കുകയും ചെയ്യണമെന്നായിരുന്നു ഉദ്ദേശം. ജന്മിത്വത്തെ പരിപൂർണ്ണമായി അവസാനിപ്പിക്കുമെന്നു 74-ാം വകുപ്പിൽ വ്യവസ്ഥയുണ്ടായിരുന്നു എന്നാണു് എന്റെ ഓർമ്മ. കുടിയാനു കൂടുതൽ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നതിനുപകരം, ജന്മിത്തം എന്നത്തേയ്ക്കുമായി അവസാനിപ്പിച്ചു് കൃഷിഭൂമി കൃഷിക്കാർക്കു എന്ന മുദ്രാവാക്യം സാക്ഷാൽക്കരിക്കുന്ന വകുപ്പായിരിക്കണം പുതിയ ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തേണ്ടിയിരുന്നതു്. നിർഭാഗ്യവശാൽ 74-ാം വകുപ്പു് ഭേദഗതി ബില്ലിൽ എടുത്തുകളഞ്ഞിരിക്കുകയാണു്. ഇതുമൂലം കുടിയായ്മ എന്നുള്ളതു് അവസാനിക്കാൻ പോകുന്നില്ലെന്നു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണു്.

പിന്നെ പരിധി നിശ്ചയിച്ചുകഴിഞ്ഞാൽ, ഒരാൾക്കു കൈവശം വയ്ക്കാവുന്ന പരിധി കഴിച്ചു കിട്ടുന്ന ഭൂമി ആവശ്യമുണ്ടെങ്കിൽ മറ്റൊരാൾക്കു ചാർത്തിക്കൊടുക്കുന്നതിനുള്ള വ്യവസ്ഥ ഇതിൽ ഉണ്ടു്. ആ വ്യവസ്ഥ നിലനിൽക്കുന്നിടത്തോളംകാലം കുടിയായ്മയും ജന്മിത്തവും തുടർന്നു കൊണ്ടിരിക്കുമെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു പഴയ ആക്ടിലുണ്ടായിരുന്ന 74-ാം വകുപ്പു്, ഭേദഗതി ബില്ലിൽ പുനസ്ഥാപിക്കണമെന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

മറെ ാരു കാര്യം മര്യാദപ്പാട്ടത്തെപ്പറ്റിയാണു് പറയാനുള്ളതു്. മര്യാദപ്പാട്ടം കണക്കാക്കിയിട്ടുള്ള അല്ലാമാന്നു കൂടിപ്പോയിട്ടില്ലേ എന്നു ഞാൻ സംശയിക്കുകയാണു്. പഴയ കാർഷികബന്ധ നിയമത്തിൽ കുടിയാനും ജന്മിക്കും കുഴിക്കൂറുകളും വേർതിരിച്ചുകൊണ്ടു് കുടിയാനു് കുഴിക്കൂർ ഇത്രയീതം, ജന്മിക്കു് കുഴിക്കൂർ ഇത്രയീതം എന്നു നിശ്ചയിച്ചിരുന്നു. ഉദാഹരണത്തിനു് തെങ്ങാണെങ്കിൽ കുടിയാനു് പന്ത്രണ്ടിലൊന്നുഭാഗം, കമുകാണെങ്കിൽ എട്ടിലൊന്നുഭാഗം, ജന്മിക്കു തെങ്ങാണെങ്കിൽ മൂന്നിലൊന്നുഭാഗം കമുകാണെങ്കിൽ നാലിലൊന്നുഭാഗം, കുരുമുളകാണെങ്കിൽ നാലിലൊന്നുഭാഗം എന്നതോതു നിശ്ചയിച്ചിരുന്നു. ഇന്നു് മര്യാദപ്പാട്ടം മുൻപുണ്ടായിരുന്നതിൽ വർദ്ധിപ്പിച്ചിരിക്കുകയാണു്. 1967–ൽ മര്യാദപ്പാട്ടം മുൻപുണ്ടായിരുന്നതിൽ കുറെ വർദ്ധിപ്പിച്ചു; ഇപ്പോഴും വാസ്തവത്തിൽ കരാർപ്പാട്ടത്തിന്റെ 50 ശതമാനം എന്ന തോതിൽ, 1961–നു മുൻപുണ്ടായിരുന്ന മര്യാദപ്പാട്ടത്തിന്റെ തോതിൽ അല്പങ്കിൽ 3–ാം ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള സംഖ്യ ഏതാണോ കുറവു് അതു മര്യാദപ്പാട്ടമായി അംഗീകരിക്കണമെന്നാണു് ഭേദഗതിബില്ലിലുള്ളതു്. മര്യാദപ്പാട്ടം നിശ്ചയിക്കുന്ന കാര്യത്തിൽ ചില മാറ്റം വരുത്തണമെന്നാണു് എന്റെ അഭിപ്രായം.

സർ, മറ്റൊരു കാര്യം 53 മുതൽ 64 വരെയുള്ള വകുപ്പുകളെപ്പറ്റിയാണു് പറയാനുള്ളതു്. ദേവസ്വങ്ങളുടെ കീഴിലുള്ള കുടിയാന്മാർക്കു ആഗ്രഹമുള്ളപക്ഷം അങ്ങനെതന്നെ നിലനിറുത്താനുള്ള വ്യവസ്ഥയുണ്ടിതിലുള്ളതു്. ആ സംപ്രദായം മാറി മറ്റുള്ള കുടിയാന്മാരെപ്പോലെതന്നെ ദേവസ്വഭൂമിയിലുള്ള കുടിയാന്മാക്കും നിർബന്ധമായി ഭൂമിയിൽ ജന്മാവകാശം കിട്ടാനുള്ള വ്യവസ്ഥകളും അവർ ആവശ്യപ്പെട്ടാലും ഇല്ലെങ്കിലും– ഭൂമിയിൽ പരമാധികാരം കിട്ടാനുള്ള വ്യവസ്ഥകളും ഇതിൽ ഉൾപ്പെടുത്തിക്കൊണ്ടു് 71–ാം വകുപ്പിൽ ചില ഭേദഗതികളും ആവശ്യമാണു്.

ഇനി ദേവസ്വത്തിന്റെ കീഴിലുള്ള കുടിയാനു് നിർബ്ബന്ധമായി ഭൂമിയുടെ ജന്മാവകാശം ലഭിക്കുന്നില്ല എങ്കിൽ അയാൾ കുടിയാനായി തുടരും. ദേവസ്വത്തിന്റെ അവകാശം ഗവണ്മെന്റിലേക്കു് കൈമാറുകയാണെങ്കിൽ അവിടെ ജന്മി ഗവണ്മെന്റായിരിക്കും. എനിക്കു പുണ്ടിക്കാണിക്കുവാനുള്ളതു് വ്യക്തിയായാലും ശരി, ദേവസ്വമായാലും ശരി, ഗവണ്മെന്റായാലും ശരി ജന്മി ജന്മിതന്നെയാണു്. ഗവണ്മെന്റു ജന്മിയാകുമ്പോൾ ജന്മിത്വത്തിന്റെ സംപ്രദായത്തിനു കുറേക്കൂടി ശക്തികൂട്ടുന്നു. ഗവണ്മെന്റാകുന്ന ജന്മി പാട്ടം പിരിക്കുന്നതു റവന്യൂ റിക്കവറി ആക്ടു് അനുസരിച്ചാണു്. പാവപ്പെട്ട കുടിയാനു നിശ്ചിത സമയത്തിനുള്ളിൽ നിശ്ചിതതീയതിയിൽതന്നെ പാട്ടം കൊടുക്കുവാൻ സാധിച്ചില്ലെങ്കിൽ കുടിയാന്റെ ഇളകുന്ന മുതൽപോലും ജപ്തിചെയ്തു പാട്ടം ഈടാക്കുവാൻ ഗവണ്മെന്റിനു അധികാരമുള്ളതുകൊണ്ടു കുടിയാനു വളരെയധികം കഷ്ടനഷ്ടങ്ങളും സഹിക്കേണ്ടിവരികയും വ്യക്തികളെക്കാൾ കൂടുതൽ ബുദ്ധിമുട്ടു ഗവണ്മെന്റു ജന്മിയിൽനിന്നും അനുഭവിക്കേണ്ടിവരികയും ചെയ്യുന്നു എന്നതുകൊണ്ടു ജന്മിത്വത്തിന്റെ ശ്രുക്ഷത കുറെക്കൂടി ശക്തിയാകുന്നു,

മറ്റൊരു കാര്യം എനിക്കു പറയുവാനുള്ളതു കാംപെൻസേഷൻ കൊടുക്കുന്നതിനെ സംബന്ധിച്ചാണു്. നഷ്ടപരിഹാരം കൊടുക്കുമ്പോൾ ചെറുകിടജന്മികളായ, ഒരേക്കർഭൂമി പോലും കൈവശമില്ലാത്ത, പേരിനുമാത്രം ഭൂമികൈവശമുള്ള, ജന്മികൾക്കു നഷ്ടപരിഹാരം കൊടുക്കുമ്പോൾ നഷ്ടപരിഹാരമായി കൊടുക്കുന്ന സംഖ്യ അഞ്ഞൂറു രൂപയാണെങ്കിൽ അതു ഒന്നിച്ചു കൊടുക്കുവാനുള്ള വ്യവസ്ഥ നിർബന്ധമായി ഇതിൽ ഉണ്ടാക്കണമെന്നുള്ളതു സാധാരണ മര്യാദയാണു്. അഞ്ഞൂറു രൂപ കിട്ടേണ്ട ഒരാൾക്കു് അതു പതിനാറു ഗഡുക്കളായിട്ടോ അല്ലെങ്കിൽ പന്ത്രണ്ടു ഗഡുക്കളായിട്ടോ ലഭിക്കുക എന്നു പറഞ്ഞാൽ അവരുടെ ജീവിതത്തിൽ ഒന്നുംതന്നെ സാധിക്കാൻ കഴിയാത്ത സ്ഥിതിവരും. അതു പത്തെഴുപത്തഞ്ചു വയസ്സായ വൃദ്ധനായ ഒരു ജന്മിക്കാണെങ്കിൽ അയാൾ മരിക്കുന്നതിനുമുൻപു ഈ സംഖ്യമുഴുവൻ വാങ്ങാൻ ഉള്ള അവകാശം നിഷേധിക്കപ്പെടുകയാണു്. ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

ചുരുങ്ങിയതോതിലുള്ള ജന്മിയെ കുടികിടപ്പുകാരന്റെ പദവിയിലേക്കെങ്കിലും ഉയർത്തണമെന്നാണു് എനിക്കു പറയുവാനുള്ളതു്. അതുപോലെതന്നെ അഞ്ഞൂറു രൂപ കോംപൻസേഷൻ വച്ചിട്ടുള്ളതു ഒരു ആയിരം രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കുകയും ആ സംഖ്യ രൊക്കമായി നൽകുന്നതിനു വ്യവസ്ഥ ചെയ്യുകയും ചെയ്യേണ്ടതു അത്യാവശ്യമാണു്. 1500 രൂപാസ്സിന്മേൽ വരുന്ന സംഖ്യ തവണയായിട്ട കൊടുത്താൽ മതിയെന്ന ഭേദഗതി ചെയ്യണം. അടുത്തതായി പ്ലാന്റേഷൻ ഭൂമികളെ സംബന്ധിച്ചാണു് എനിക്കു പറയുവാനുള്ളതു്. പല വിധത്തിലുള്ള പ്ലാന്റേഷനുകളും പ്ലാന്റേഷന്റെ പരിധിയിൽപെടുന്നില്ല. ഇതു ധനികരായ കർഷകരെ സഹായിക്കുന്നതിനുമാത്രമേ ഈ പരിധിയിൽപെടുത്താതിരിക്കുന്നതുകൊണ്ടുണ്ടാകുന്നുള്ളു. അതുകൊണ്ടു റബ്ബർ, കാഫി, ഓറഞ്ചു് ഇതുപോലുള്ള പ്ലാന്റേഷനുകളും എല്ലാം ഈ പരിധിക്കുള്ളിൽ കൊണ്ടുവരണം. പ്ലാന്റേഷൻ എന്നുള്ള ബോർഡും, തുക്കി രജിസ്റ്റർ ചെയ്തു വച്ചിട്ടുള്ള സ്ഥലങ്ങളിലെല്ലാം പ്ലാന്റേഷൻ അല്ലാതെയും അഥവാ സ്വൽപ്പം പ്ലാന്റേഷൻ ഉണ്ടാക്കിയിരുന്നാൽതന്നെയും അതിന്റെ തൊട്ടടുത്ത അഞ്ഞൂറോ ആയിരമോ ഏക്കർ ഭൂമി പ്ലാന്റേഷൻ ഒന്നും ഇല്ലാതെ തരിശായി കിടക്കുന്നതും കാണാൻ കഴിയും. ഇതെല്ലാം പ്ലാന്റേഷന്റെ മറവിൽ നിന്നുകൊണ്ടു് പരിധിയിൽനിന്നും ഒഴിവാകുവാനുള്ള പണിയാണു്. ഇത്തരത്തിലുള്ള ഭൂമികളേയും പ്ലാന്റേഷന്റെ പരിധിയുടെ കീഴിൽ കൊണ്ടുവരണമെന്നു ചൂണ്ടിക്കാണിക്കുവാൻ ഞാനഭ്യർഥിക്കുകയാണു്. ഏതായാലും ഈ നിയമം സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വളരെയധികം ആശ്വാസം നൽകുന്ന ഒന്നാണു്. സാധാരണക്കാരനു ആശ്വാസം നൽകുന്ന പല വകുപ്പുകളും ഉണ്ടെന്നുള്ളതു സ്വാഗതാർഹമാണു്. അതുകൊണ്ടു ഈ നിയമം പാസ്സാക്കുകയും കഴിയുന്നതും വേഗം നടപ്പിൽ വരുത്തുവാൻ ശ്രമിക്കുകയും ചെയ്യേണ്ടതു ഏറ്റവും അത്യാവശ്യമാണെന്നു ഉൽബോധിപ്പിച്ചുകൊണ്ടു ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണു്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: സർ, ഈ ബില്ലിനെ ഞാൻ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുകയാണു്. നമ്മുടെ നാട്ടിലെ കർഷകർ വളരെകാലമായി പ്രതീക്ഷിച്ചുകൊണ്ടിരുന്ന പല അവകാശങ്ങളും ഉൾക്കൊള്ളുന്ന ഒരു ബില്ലാണു് ഇതു്. ഈ ബിൽ സമഗ്രമായ ഒരു ഭൂപരിഷ്ക്കരണബില്ലാണെന്നു ഇനിയും പറയുവാൻ നിർവാഹമില്ല. കാരണം അവസാനമായി എല്ലാ കൃഷി ഭൂമിയും കർഷകർക്കു ലഭിക്കുന്ന ഘട്ടത്തിൽ മാത്രമേ സമഗ്രമായ ഒരു ഭൂപരിഷ്ക്കരണ നിയമം എന്നു വിശേഷിപ്പിക്കുവാൻ നിർവാഹമുള്ളു. അടിയന്തിരമായി ഭൂപ്രശ്നം പരിഹരിക്കുന്നതിനുള്ള ഒരു ബില്ലാണു് ഇതു്. അടിയന്തിരമായി ഇന്നു പാട്ടബാക്കികൊണ്ടു ബുദ്ധിമുട്ടുന്ന കർഷകർക്കു് ആ ഭൂമിയുടെ അവകാശികൾ ആയിത്തീരുന്നതിനുള്ള ഒരു വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളതും അതുപോലെതന്നെ കിടപ്പാടം ഇല്ലാത്ത കുടികിടപ്പുകാർക്കു സ്വന്തമായി കിടപ്പാടം ഉണ്ടാക്കിക്കൊടുക്കുവാനുള്ള വ്യവസ്ഥകളും പരിമിതമായ തോതിലെങ്കിലും ഉൾക്കൊള്ളിച്ചിട്ടുള്ളതുമായ ഒരു ബില്ലാണു് ഇതു്. ഈ അടിയന്തിരങ്ങളായ ഭൂപ്രശ്നങ്ങളും പരിഹരിക്കുന്ന ലക്ഷ്യത്തോടുകൂടി അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലിന്റെ ലക്ഷ്യം പൂർണ്ണമായും സഫലീകരിക്കാൻ അൽപ്പം ചില ഭേദഗതികളും കൂടി ആവശ്യമാണു്. ചില്ലറ ഭേദഗതികളെക്കുറിച്ചെല്ലാം രണ്ടാംവായനയുടെ ഘട്ടത്തിൽ വകുപ്പുവകുപ്പായി ചർച്ച ചെയ്യുമ്പോൾ പറയാവുന്നതാണു്. പക്ഷേ മൗലികമായി നമ്മുടെ രാജ്യത്തു പല പ്രശ്നങ്ങളും ഉണ്ടു്. നമ്മുടെ സ്റ്റോറിലെ 25 ശതമാനം ജനങ്ങളും കുടികിടപ്പുകാരാണു്. സ്വന്തമായി ഒരു കിടപ്പാടം ഇല്ലാതെ ആരാന്റെ പറമ്പിൽ ചെറപ്പുരയുമായി കഴിഞ്ഞുകൂട്ടുന്നവരാണു് അവർ. അവരെ സംബന്ധിച്ചിടത്തോളം അവർ ഇന്നും ചെറപ്പുരയിൽ തന്നെ കഴിയുന്നവരാണു്. ഒഴിപ്പിക്കുകയില്ല എന്നുള്ള സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടെങ്കിൽതന്നെയും ഇതു തന്റെ സ്വന്തം ഭൂമിയാണെന്നും സ്വന്തം കിടപ്പാടമാണെന്നും ഉള്ള നിലയിൽ സമാധാനത്തോടുകൂടി സുരക്ഷിതബോധത്തോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

താമസിക്കുന്ന സ്ഥിതിവിശേഷം ഇതുവരെ ഉണ്ടായിട്ടില്ല. അതുണ്ടാക്കിയെടുക്കുന്നതിനുള്ള പ്രാരംഭമായ ഒരുനടപടിയാണ് ഈ ബില്ലിൽ കാണുന്നത്. ഇതിനുമുമ്പുള്ള കാഷ്യൽ ബന്ധബില്ലിലോ ഭൂപരിഷ്കരണബില്ലിലോ ഇല്ലാത്ത ഈ പുതിയ വകുപ്പ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതു എറ്റവും സ്വാഗതാർഹമാണ്. എന്നാൽ ഈ കുടികിടപ്പുകാരിൽ പകുതിയിലധികം ആളുകൾക്ക് ഈ ബിൽകൊണ്ടു കാര്യമായ ഗുണം ലഭിക്കാൻ പോകുന്നില്ല കാരണം നമ്മുടെ സ്റ്റേറ്റിൽ അധികവും ചെറുകിട ഭൂ ഉടമകളാണ് ഉള്ളതു. ആചെറുകിട ഭൂഉടമകളുടെ പറമ്പിൽതാമസിക്കുന്ന കുടികിടപ്പുകാരാണ് അധികവും. അവരെ സംബന്ധിച്ചിടത്തോളം രണ്ടേക്കറിൽ താഴെയുള്ള ഉടമകളിൽ നിന്നും മിക്കവാറും ഒരു കുടികിടപ്പുകാരനുള്ള സ്ഥലം മാത്രമേ സ്വന്തമായി വാങ്ങാൻ ഇതിൽ വ്യവസ്ഥ ചെയ്തിട്ടുള്ള. പട്ടണത്തിലാണെങ്കിൽ മുന്നു സെൻറ്, അഞ്ചു സെൻറ്, പത്തു സെൻറു ഈ രീതിയിലാണ്. അഞ്ചേക്കർ ഭൂമിയുള്ള ഒരു ജന്മിയുടെ പക്കൽനിന്നും ഇത്രയും സ്ഥലം മാത്രമേ പങ്കുവെച്ചുകൊടുക്കുവാൻ ഉള്ള അവകാശം നൽകിയിട്ടുള്ള. അതുകൊണ്ടു ഈ രാജ്യത്തെ കുടികിടപ്പുകാർക്ക് വലിയ ഒരു വിഭാഗത്തിനു സ്വന്തമായി കിടപ്പാടം ലഭിക്കുക എന്നുള്ളതു നിർവഹിക്കാൻ നിവൃത്തിയില്ലാത്ത ഒരു സാഹചര്യമാണ് ഈ ബിൽ നടപ്പിലായാൽപോലും ഉണ്ടാകാൻ പോകുന്നതു. അടിയന്തിരമായി പ്രശ്നം പരിഹരിക്കുന്നതിനു ഈ ബിൽ സഹായകരമല്ല. എല്ലാ കുടികിടപ്പുകാരനും ഇതിൽ നിശ്ചയിച്ചിട്ടുള്ള മിനിമം തോതിലുള്ള ഭൂമിയും കിടപ്പാടവും ഉണ്ടായിരിക്കേണ്ടതാണ്. അതിനുള്ള ഉത്തരവാദിത്വം സ്റ്റേറ്റുതന്നെ ഏറ്റെടുക്കേണ്ടതാണ്, ഇതു പറയുമ്പോൾ സ്റ്റേറ്റു എങ്ങനെ ഉത്തരവാദിത്വം ഏറ്റെടുക്കും; വമ്പിച്ച സാമ്പത്തിക ബാദ്ധ്യത സ്റ്റേറ്റിനുണ്ടാകുമെന്നു പറയുമായിരിക്കും, പക്ഷേ, സ്റ്റേറ്റിന്റെ ജനസംഖ്യയിൽ 25 ശതമാനത്തോളം വരുന്ന വലിയൊരു വിഭാഗത്തിന്റെ അതും നമ്മുടെ നാടിനെ ഹരിതാഭമാക്കുന്നതിനു പരിശ്രമിക്കുന്ന അദ്ധ്വാനിക്കുന്ന വിഭാഗത്തിൽ ഏറ്റവും മുന്നണിയിൽ നിൽക്കുന്ന ഈ വിഭാഗങ്ങളുടെ, നന്മയ്ക്കുവേണ്ടി സ്റ്റേറ്റു ഇതിന്റെ ഭാരം എടുക്കുക എന്നുള്ളതു സ്റ്റേറ്റിന്റെ പ്രാഥമികമായ ചുമതലയാണെന്നുള്ള കാര്യം ഉന്നിപ്പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. അതിനുവേണ്ടി നമ്മുടെ സ്റ്റേറ്റിന്റെ ഖജനാവിന്റെ പണം കണ്ടെത്തിയേ മതിയാകൂ. റീഹാബിലിറ്റേഷൻ ഫണ്ടിൽ ഇതിലേക്കുള്ള പണം കണ്ടെത്തി ഇതിന്റെ ചുമതല നിർവഹിക്കുകതന്നെവേണം. പ്രത്യേകിച്ചും ഈ സ്റ്റേറ്റിന്റെ തീരപ്രദേശത്തു ജനസാന്ദ്രത വളരെ കൂടുതലാണ്. മിക്കവാറും ചതുരശ്രമൈലിനു അയ്യായിരവും ആറായിരവും ചിലപ്പോൾ ഏഴായിരവും വരെ ജനങ്ങൾ തിങ്ങിതാമസിക്കുന്നുണ്ട്, വൈപ്പിൻകര, കൊടുങ്ങല്ലൂർ നാട്ടികഫക്കാ, തുടങ്ങിയ തീരപ്രദേശങ്ങളിൽ ചതുരശ്രമൈലിനു ഏഴായിരം ആളുകൾവരെ തിങ്ങിതാമസിക്കുന്നുണ്ട്: അതേസമയം അവർക്കു അവിടെ ഗവണ്മെൻറുവക പുറമ്പോക്കു ഭൂമി പതിച്ചു കൊടുക്കുവാൻ വളരെ പരിമിതവുമാണ്. കൊടുങ്ങല്ലൂരിൽ ഇങ്ങനെ പതിച്ചുകൊടുക്കുവാനുള്ള ആകെ ഭൂമി വെറും ഏഴു സെൻറു മാത്രമാണെന്നു റവന്യൂമന്ത്രി എന്റെതന്നെ ചോദ്യത്തിനു മറുപടിയായി പറഞ്ഞിട്ടുണ്ട്.

ശ്രീമതി. കെ. ആർ. ഗൗരി : അവിടെ ഈയിടെ പത്തായിരംപേർ കൂടിയേറിയിട്ടുണ്ടെന്നു പറഞ്ഞിട്ടുണ്ട്. അതു ഈ ഏഴു സെൻറു സ്ഥലത്തിലാണോ?

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: പുറംപോക്കു ഭൂമി ആകെ ഏഴുസെൻറാണെന്നു റവന്യൂമന്ത്രി മറുപടി പറഞ്ഞിട്ടുള്ളതാണ്. അവിടെ കുടിൽവച്ചുകെട്ടിയിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനു ആ ഭൂമി മുഴുവൻ പതിച്ചുകൊടുത്താലും മതിയാകുകയില്ല. ആ പുറംപോക്കു ഭൂമികൂടതന്നെ ചില ജന്മികൾ കൈവശം വച്ചു അവിടെ തെങ്ങെല്ലാം വച്ചുപിടിപ്പിച്ചു നല്ല ഒന്നാംതരം ഭൂമികളാക്കി കൈവശം വച്ചുപോരുകയായിരുന്നു. ആളുകൾ അവിടെ ബലാൽക്കാരമായി പ്രവേശിക്കുകയായിരുന്നു. അങ്ങനെ അവിടെ ബലാൽക്കാരമായി കയറിയ സ്ഥലത്തു കൈക്കോട്ടുപണിയിൽ ഏർപ്പെട്ടിട്ടുള്ള ഒരാളുടെ സ്ഥലത്തു

LIBRARY ARCHIVES Kerala Legislative Assembly

കുറച്ചുമാത്രം സ്ഥലമുള്ള സ്ഥലത്തു മുന്നും നാലും കുടിൽ വച്ചിട്ടുള്ള സ്ഥിതിവിശേഷവും ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ള കുടിപ്പുറം പുറംപോക്കു ഭൂമികളും ഭൂമിയില്ലാത്ത ആളുകൾക്കു പതിച്ചുകൊടുക്കുവാൻ നടപടിയെടുക്കണം. അതുകൊണ്ടു, പ്രശ്നം പരിഹരിക്കുകയില്ല. കാരണം ഇത്രമാത്രം ജനസാന്ദ്രതയുള്ള ഒരു പ്രദേശത്തു, ഇന്നും ഓരോ ചെറുകുടിലിലും നാലും അഞ്ചും കുടുംബങ്ങളും താമസിക്കുന്നുണ്ടു് ഒരു ഒറ്റ മുറിയും അടുക്കളയും മാത്രം ഉള്ള ഒരു ചെറുപുരയിൽ നാലോ, അഞ്ചോ കുടുംബത്തിലെ അംഗങ്ങൾ താമസിക്കുന്ന സ്ഥിതിവിശേഷം ഉണ്ടു്. ആ ദുരന്തമായ സ്ഥിതിവിശേഷം അറിയണമെങ്കിൽ ആ പ്രദേശത്തുകൂടി ഒന്നുചുറ്റി സഞ്ചരിച്ചാൽ മതി. അതിന്റെയെല്ലാം ഫലമായിട്ടു ഇന്നു അവിടെ 2½ അടി നീളമുള്ള റോഡിൽപോലും കുടി വച്ചുകെട്ടിയിട്ടുണ്ടു്.

ശ്രീമതി. കെ. ആർ. ഗൗരി: ഇതു കൊടുങ്ങല്ലൂരിൽ മാത്രമുള്ള കാര്യമാണോ, അതോ മറ്റു പല സ്ഥലത്തും ഉണ്ടോ?

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: പല സ്ഥലങ്ങളിലും ഉണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: പല സ്ഥലത്തും കാണുകയില്ല. കൊടുങ്ങല്ലൂരിൽ മാത്രമേ കാണുകയുള്ളൂ.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: അങ്ങനെയാണെങ്കിൽ ഗവണ്മെന്റിനു വമ്പിച്ച സാമ്പത്തികഭാരം ചുമത്തുകയില്ലല്ലോ? കൂടുതൽ പണച്ചിലവു വരാത്തതുകൊണ്ടു് തരിശായ ഭൂമികളും പതിച്ചുകൊടുക്കുവാൻ നടപടികളും സ്വീകരിക്കാമല്ലോ?

ഡെപ്യൂട്ടി സ്പീക്കർ: ആ വ്യവസ്ഥകൂടി ഇതിൽ ഉൾപ്പെടുത്തണമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്,

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: തീർച്ചയായിട്ടും അടിയന്തിരമായ ഈ പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള ബിൽ ആയതുകൊണ്ടു ഈ ബിൽ പാസ്സാക്കുന്നതിനുമുൻ ഓരോ കുടികിടപ്പുകാരനും 10 സെൻറു ഭൂമി ലഭിക്കാനുള്ള അവകാശം ഉണ്ടായിരിക്കണം. അതിനുള്ള അധികാരം തഹസീൽദാർക്കു് വിട്ടുകൊടുത്താൽ മതിയാകും.

ശ്രീമതി. കെ. ആർ. ഗൗരി: അതു ഗവണ്മെൻറു ഭൂമിയും പ്രൈവറ്റു ഭൂമിയുമായി കൂട്ടിക്കുഴച്ചു കിടക്കുകയായിരിക്കും. തഹശീൽദാർ കൊടുക്കാനാണെങ്കിൽ ലാൻറു അസൈൻമെൻറു ആഫീസറിൽ ഭൂമിയില്ലെങ്കിലും, എവിടെ നിന്നെങ്കിലും കണ്ടുപിടിച്ചുകൊടുക്കാനെങ്കിലും എഴുതിവയ്ക്കണം. അല്ലാതെ ഈ ബില്ലിൽ വ്യവസ്ഥ ചെയ്താൽ പറ്റുകയില്ല.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: ലാൻറു അസൈൻമെൻറു് ഓഫീസർ പ്രകാരം കൊടുക്കുവാനുള്ള ബന്ധപ്പെട്ട മന്ത്രി കാണിക്കുകയാണെങ്കിൽ പിന്നെ ഞാൻ നിർബന്ധിക്കുന്നില്ല. പക്ഷേ അടിയന്തിരമായ ഈ പ്രശ്നം പരിഹരിക്കുവാനുള്ള ഒരു ബില്ലായതുകൊണ്ടു് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം ധാരാളം കുടികിടപ്പുകാർക്കു ആശ്വാസം ലഭിക്കുന്നില്ല എന്നുള്ളതുകൊണ്ടു ഞാൻ പറഞ്ഞതാണു്. അതിലേക്കാവശ്യമായ ഭേദഗതികളും ഞങ്ങൾ കൊണ്ടുവരുന്നതു സ്വീകരിക്കുവാൻ സന്മനസ്സു് ഉണ്ടായിരുന്നുവെങ്കിൽ മതി. ഏതായാലും ഈ പ്രശ്നം ഗൗരവമായി പര്യാലോചിക്കുകയും ഒരു ചെറുകുടിലിൽ നാലും അഞ്ചും കുടുംബം വസിക്കുന്ന സ്ഥിതിവിശേഷം മാറി അഞ്ചു സെൻറു ഭൂമിയെങ്കിലും കൊടുക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കുടിയാൻറെ അവകാശം സംരക്ഷിക്കുകയും ചെയ്യേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ദേവസ്വം ഭൂമികളും മതസ്ഥാപനങ്ങളുടെ ഭൂമികളും എഡ്യൂ
കേഷണൽ ഇൻസ്റ്റിറ്റ്യൂഷനുകളുടെ ഭൂമിയും എല്ലാംതന്നെ ഈ
10 A. M. ബില്ലിന്റെ പരിധിക്കകത്തു് കൊണ്ടുവന്നിട്ടുള്ളതു് വളരെയധികം
സ്വാഗതാർഹമായ ഒരു കാര്യമാണു്.

മറ്റൊരു ശ്രദ്ധേയമായ കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കാം. അതു് രണ്ടേക്കറോ അതിൽ താഴെയോ ഭൂമിയുള്ള ചെറുകിട ഉന്മീമാരെ സംബന്ധിച്ചാണു്. അവർക്കു് ഈ ബിൽ പ്രകാരം നൽകാൻ ഉദ്ദേശിക്കുന്ന പ്രതിഫലം തീർച്ചയായും വളരെ അപര്യാപ്തമാണു്. അവർക്കു് മാർക്കറ്റുവാല്യൂ അനുസരിച്ചുള്ള വിലയെങ്കിലും കൊടുക്കുന്നതിനു് ആവശ്യമായ വ്യവസ്ഥ ഇതിൽഉൾക്കൊള്ളിക്കേണ്ടതാണു്. രണ്ടേക്കറോ അതിൽ താഴെയോ ഭൂമിയുള്ളവരിൽ മിക്കവാറും ആളുകൾ ശിപായിയായിട്ടോ അറൻഡറായിട്ടോ ജോലിചെയ്യുന്നവരാണു്. അവർ ജോലിയെ കാംക്ഷിച്ചു് ഉള്ള ഭൂമിയിൽ കൃഷിചെയ്യാതെ ഉദ്യോഗത്തിനു് പോകും. അങ്ങനെയുള്ളവരുടെ ഭൂമിയും അവർക്കു തന്നെ കൊടുക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യേണ്ടതാണു്. അല്ലാതെ അങ്ങനെയുള്ളവരെ നിർദ്ദാരിദ്ര്യത്തിലാഴ്ത്തുന്നതിനുള്ള വകുപ്പുകൾ ഇതിൽ ഉൾക്കൊള്ളിക്കുന്നതു് ശരിയല്ല.

ശ്രീമതി കെ. ആർ. ഗൗരി : അവർക്കു് ഏതെങ്കിലും ഒന്നു പോരേ ? ഒന്നുകിൽ ഉദ്യോഗം അതല്ലെങ്കിൽ കൃഷിഭൂമി. ഇത്തരണ്ടും കൂടി വേണോ ?

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : ഉദ്യോഗത്തിനുള്ള ആകാംക്ഷകൊണ്ടു പെറിയ ഉദ്യോഗത്തിനു പോയവരാണു്. അവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഭൂമിയെടുക്കുമ്പോൾ അവർക്കു കൊടുക്കുന്ന പ്രതിഫലം ന്യായമായിട്ടുള്ളതായിരിക്കണം. രണ്ടേക്കറോ അതിൽ താഴെയോ ഉള്ള ആളുടെ സമ്പത്തിച്ചിടത്തോളം കൂടുതൽ നീതിപൂർവ്വകമായ പ്രതിഫലം കൊടുക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിക്കേണ്ടതാണു്. തീർച്ചയായും അതിനുള്ള ഉത്തരവാദിത്വം സർക്കാരിനു് തന്നെ ആയിരിക്കണം, ഇതാണു് ഞങ്ങളുടെ പാർട്ടിയിലുള്ള മെമ്പാന്മാർ സെലക്ട്കമ്മിറ്റിയിൽ വെച്ചിട്ടുള്ള പ്രധാനപ്പെട്ട കാര്യം. ഈ ബിൽ ഒന്നുകൂടി ശ്രദ്ധാപൂർവ്വം പരിശോധിച്ചു് ആവശ്യമായ ഭേദഗതികളും വരുത്തി അംഗീകരിക്കണമെന്നു പറഞ്ഞുകൊണ്ടും ഈ ബില്ലിനെ സ്വാഗതം ചെയ്തുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[Deputy Speaker in the Chair]

ശ്രീ എം. കെ. എ. ഹമീദ് : സർ, കേരള ഭൂപരിഷ്കരണ ഭേദഗതി ബില്ലിന്റെ പ്രാധാന്യത്തെക്കുറിച്ചു് പ്രത്യേകം എടുത്തു പറയേണ്ട ആവശ്യമില്ല. ഇതൊരു സോഷ്യലിസ്റ്റു നടപടിയാണെന്നു് അവകാശപ്പെടുന്നില്ലെങ്കിലും ഫ്യൂഡലിസം അവസാനിപ്പിക്കുവാനുതകുന്ന ഒന്നെന്ന നിലയിൽ പുരോഗമനപരമായ ഒരടിവെപ്പാണെന്നു് പറയാൻ സാധിക്കും. ആധുനിക മുതലാളിത്ത രാഷ്ട്രങ്ങളെല്ലാംതന്നെ ഫ്യൂഡലിസം പാടെ അവസാനിപ്പിച്ചുകൊണ്ടാണു് മുതലാളിത്ത പരമായി വളർന്നതു്. എന്നാൽ ഇൻഡ്യയിലാണെങ്കിൽ മുതലാളിത്തവും, ഫ്യൂഡലിസവും, സോഷ്യലിസവും എല്ലാംകൂടി പേരിനു് സഹവർത്തിത്വത്തിൽ കഴിയുകയാണു്. കേരളത്തിലെങ്കിലും ഫ്യൂഡലിസം നിശ്ശേഷം തുടച്ചു മാറ്റണമെന്നുള്ള ശ്രമമാണു് ഈ ബില്ലുകൊണ്ടു ഞാൻ കാണുന്നതു്.

ഡോ. പി. കെ. സുകുമാരൻ : ഫ്യൂഡലിസം പാടെ അവസാനിപ്പിച്ചുകൊണ്ടു് മുതലാളിത്തത്തിലേക്കു് കടന്ന മുതലാളിത്ത രാഷ്ട്രങ്ങളും ഏതൊക്കെയാണെന്നു് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. എ. ഹമീദ് : പശ്ചിമ യൂറോപ്യൻ രാഷ്ട്രങ്ങളുടെ ചരിത്രം ഡോക്ടർ വായിച്ച നോട്ടിഫൈൽ ഇക്കാര്യങ്ങളെല്ലാം മനസ്സിലാകും. അതിനപ്പുറം ഇപ്പോൾ വിസ്തരിച്ച് പറയാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ അതിന് തയാറാകുന്നില്ല.

ഡോ. പി. കെ. സുകുമാരൻ : ഞാൻ വായിച്ചിട്ടുള്ളതു കൊണ്ടാണ് ഇതു ചോദിച്ചതു് ?

ശ്രീ. എം. കെ. എ. ഹമീദ് : എന്നാൽ കുറെക്കൂടി വായിച്ചാൽ അതു് പൂർണ്ണമായും മനസ്സിലാകും. ക്ലേശമില്ലാതെ വായിക്കുന്നതുകൊണ്ട് ഒരു അപാകതയുമില്ല. ഈ ബിൽ കുറച്ചുകൂടി പുരോഗമനപരമാക്കാൻ സാധിക്കുകയില്ലേയെന്നു് എനിക്കു് സംശയമുണ്ട്. പത്തു് സ്റ്റാൻഡേർഡ് ഏക്കറാണു് സീലിംഗായി നിശ്ചയിച്ചിട്ടുള്ളതു്. എക്സംപ്റ്റു ചെയ്തിട്ടുള്ള പ്ലാന്റേഷൻ ഉടമകൾക്കും പത്തു് സ്റ്റാന്റേഡേർഡ് ഏക്കർവരെ കൈവശം വെയ്ക്കാമെന്നു് കാണുന്നു. നഗരത്തിൽ റീയൽ എസ്റ്റേറ്റുള്ളവർക്കും ആയിരക്കണക്കിനു് രൂപ വാടക കിട്ടുന്നവർക്കും പത്തു് സ്റ്റാൻഡേർഡ് ഏക്കർ വരെയാകാം. വലിയ വലിയ ബിസിനസ്സു് ചെയ്യുന്നവർക്കും പത്തു് സ്റ്റാൻഡേർഡ് ഏക്കർ വരെയാകാം. വലിയ വലിയ ഉദ്യോഗം ഉള്ളവർക്കും പത്തു് സ്റ്റാൻഡേർഡ് ഏക്കർ വരെയാകാം. കേരളത്തിനുവെളിൽ ഇൻഡ്യയുടെ ഇതരസംസ്ഥാനങ്ങളിൽ എത്ര ഭൂമിയുള്ളവർക്കും കേരളത്തിൽ പത്തു് സ്റ്റാന്റേർഡ് ഏക്കർ വരെയാകാം. ഈ കണക്കനുസരിച്ചാണു് ഈബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു്. ഇതിൽ ഒരു പെരുത്തക്കേടുണ്ടു്. ഒരു വ്യക്തിയുടെ പ്രായം വരുമാനമാർഗ്ഗമായും സമ്പത്തായും ബന്ധപ്പെടുത്തിക്കൊണ്ടു് സീലിംഗിനെ സംബന്ധിച്ചുള്ള നിയമനിർമ്മാണം നടത്തേണ്ടിയിരുന്നുവെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ശ്രീ. ഇ. ജോൺജേക്കബ്ബു് : അപ്പോഴും ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തിൽ ഇൻകം അനുസരിച്ചു് സീലിംഗു് ഏർപ്പെടുത്തണമെന്നാണോ ?

ശ്രീ. എം. കെ. എ. ഹമീദ് : മൊത്തം സമ്പത്തും വരുമാനവും കണക്കിലെടുക്കണം. തിരുവനന്തപുരം ജില്ലയിലുള്ള ഒരാളിനു് കന്യാകുമാരിയിൽ നൂറു് ഏക്കർ സ്ഥലം കൈവശം കാണും. അയാൾക്കു് തിരുവനന്തപുരം ജില്ലയിൽ പത്തു് സ്റ്റാൻഡേർഡു് ഏക്കർവരെ കൈവശം വെയ്ക്കാൻ അനുവദിക്കുന്നതു് ന്യായമല്ല.

ശ്രീ. പി. എസു്. ശ്രീനിവാസൻ : പ്ലാന്റേഷൻ എന്നുള്ള ഭാഗത്തിൽ പ്ലാന്റേഷന്റെ സീലിംഗിൽ കവിഞ്ഞ ഭൂമി കൈവശം വെച്ചു കൊണ്ടിരിക്കുന്നതു് ശരിയാണോ ?

ശ്രീ. എം. കെ. എ. ഹമീദ് : ഞാൻ അതിലേക്കു് വരികയാണു്. പ്ലാന്റേഷൻ എന്നുള്ള നിലയിൽ കൈവശം വെയ്ക്കാൻ അധികാരമുള്ളവർക്കു് മറ്റു കൃഷി ഭൂമി കൈവശം വെയ്ക്കാനുള്ള അവകാശം കൊടുക്കേണ്ടയെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. പി. എസു്. ശ്രീനിവാസൻ : പ്ലാന്റേഷൻ എന്നുള്ള നിലയിൽ വളരെയധികം ഭൂമി കൈവശം വെയ്ക്കുന്നതിനുള്ള അധികാരം കൊടുക്കുന്നതു് ശരിയാണോ ?

ശ്രീ. എം. കെ. എ. ഹമീദ് : ഞാൻ പ്ലാന്റേഷനെ കുറിച്ചു് പറയുമ്പോൾ അതിനപ്പുറമുള്ള അഭിപ്രായം പറയാം.

പത്തു് സ്റ്റാൻഡേർഡു് ഏക്കർ വരെ സീലിംഗു് വെച്ചിരിക്കുന്നതു വളരെ കൂടുതലാണു്. കേരളത്തിൽ ജനസാന്ദ്രത മറുള്ളിടത്തേക്കാൾ വളരെയധികമാണു്. ഇവിടെ ഒരു ചതുരശ്ര കിലോ മീറ്ററിനു് 519 പേർ വീതം ജീവിക്കുന്നുവെന്നാണു്

കണക്കാക്കിയിരിക്കുന്നത്. ജപ്പാൻ, തെയ്വാൻ മുതലായ മുതലാളിത്ത രാജ്യങ്ങളിൽ പോലും പരമാവധി ഏഴര ഏക്കർവരെ മാത്രമേ കൈവശം വെയ്ക്കാൻ അനുവദിച്ചിട്ടുള്ള. ആ നിലയ്ക്ക് കേരളത്തിൽ അഞ്ചു സ്റ്റാൻഡേർഡ് ഏക്കറിൽ കൂടുതൽ എന്തായാലും വേണ്ടാ ; എന്നാണ് എന്റെ അഭിപ്രായം.

ഇവിടെ പ്ലാന്റേഷന്റെ കാര്യം പറയുകയുണ്ടായി. റബ്ബർ പ്ലാന്റേഷനും തേയില പ്ലാന്റേഷനുമെല്ലാം ഏകസംപ്ഷൻ കൊടുക്കുന്നതിനു കേന്ദ്രഗവണ്മെന്റിന്റെ കോമേഴ്സ് മിനിസ്ട്രിയുടെ നിർദ്ദേശമുണ്ട്. മാത്രമല്ല അതിൽ മറ്റു പ്രശ്നങ്ങളുമുണ്ട്. ധാരാളം തൊഴിലാളികൾ സ്ഥിരമായി ജോലിചെയ്യുന്ന തോട്ടങ്ങൾ വിഭജിക്കുന്നത് പ്രായോഗിക വൈഷമ്യങ്ങൾ സൃഷ്ടിക്കും. നമ്മുക്ക് യാതൊന്നും ചെയ്യുകയേ ? വലിയ പ്ലാന്റേഷനുകൾ എന്തു ചെയ്യണം ? ദേശസാൽക്കരിച്ചുകൂടാ ? അതിനു കോമ്പൻസേഷൻ കൊടുക്കുന്നതാണ് തരക്കേടെങ്കിൽ .....

ശ്രീ. കെ. കരുണാകരൻ : തൊഴിൽ നഷ്ടപ്പെടുന്നതാണ് പ്രശ്നമെങ്കിൽ ആ പ്ലാന്റേഷനിൽ വർക്ക് ചെയ്യുന്ന തൊഴിലാളികൾക്ക് അതു ഭാഗിച്ചു കൊടുക്കുന്നതിൽ എന്താണ് വിഷമം ?

ശ്രീ. എം. കെ. എ. ഹമീദ് : അങ്ങനെ ഭാഗിച്ചു കൊടുക്കുമ്പോൾ ഓരോ യൂണിറ്റിലും പ്രത്യേകം പ്രത്യേകം ഫാക്ടറികളുണ്ടാക്കാൻ സാധിക്കുകയില്ല.

ശ്രീ. കെ. കരുണാകരൻ : ഒരു തൊഴിലാളിക്ക് രണ്ടേക്കർ വീതം കൊടുത്തുകൂടേ ?

ശ്രീ. എം. കെ. എ. ഹമീദ് : പ്രായോഗിക വൈഷമ്യങ്ങൾ സൃഷ്ടിക്കാതെ അങ്ങനെ ചെയ്യാമെങ്കിൽ വിരോധമില്ല.

എനിക്ക് മറ്റൊരു അഭിപ്രായം പറയുവാനുള്ളത് ഏകസംസ്ഥാൻ ലാൻഡിനു കോമ്പൻസേഷൻ കൊടുക്കുന്ന സ്വഭാവം അതു വ്യവസായവൽക്കരണ സംരംഭവുമായി ബന്ധപ്പെട്ടുത്തിക്കൊണ്ടായിരിക്കണമെന്നതാണ്. പ്രത്യക്ഷഫലമായി കൊടുക്കുന്ന പണം പ്രത്യുല്പാദന പരമല്ലാത്ത രംഗങ്ങളിൽ ചെന്നു ചാടുവാൻ ഇടയാക്കരുത്. നേരെ മറിച്ച് ആ പണം വ്യവസായ രംഗത്തു ഉപയോഗപ്പെടുത്താൻ സാധിക്കുമെങ്കിൽ നന്നായിരിക്കും. കാർഷികപരിഷ്കരണത്തിന്റെ ഫലമായി വിളവു വർദ്ധനവുണ്ടാകും. അതോടൊപ്പം പൊതുജനങ്ങളുടെ പർച്ചെയ്സിംഗ് കപ്പാസിറ്റി കൂടണം. അതു കൂടണമെങ്കിൽ തൊഴിലുണ്ടാകണം. തൊഴിലുണ്ടാകുന്നതിനു ധൃതഗതിയിലുള്ള വ്യവസായവൽക്കരണം ആവശ്യമാണ്. കോമ്പൻസേഷൻ കൊടുക്കുന്ന തുക വ്യവസായങ്ങൾക്കു വേണ്ടി ഉപയോഗിക്കത്തക്കരീതിയിൽ കൊടുക്കണം. യൂണിറ്റു ട്രസ്റ്റു ഓഫ് ഇൻഡ്യയുടെ മോഡലിലുള്ള സംവിധാനം ഏർപ്പെടുത്തിയാൽ കോമ്പൻസേഷൻ കൊടുക്കുന്ന തുക അത്തരത്തിൽ പ്രയോജനപ്പെടുത്താൻ സാധിക്കും. അതിനു നിയമപരമായി വല്ല തടസ്സം ഉണ്ടെങ്കിൽ ഓർഡിനൻസ് അനുവദിക്കാവുന്നതാണ്. വ്യവസായവൽക്കരണത്തിനു ആധാരമായ യൂണിറ്റു ട്രസ്റ്റു ഓഫ് ഇൻഡ്യയുടെ മോഡലിലുള്ള സംവിധാനത്തിൽ പങ്കുചേരാൻ തയ്യാറാകുന്നവർക്ക് ആകർഷകമാകത്തക്ക വിധത്തിൽ ഏർപ്പാടുണ്ടാക്കണം. വ്യവസായവൽക്കരണത്തിനു പണം മുടക്കാൻ സഹകരിക്കുന്നവർക്കു താരതമ്യേന കൂടുതൽ പ്രതിഫലം കൊടുക്കുന്ന ഏർപ്പാട് സ്വീകരിക്കുന്നതു നല്ലതായിരിക്കുകയില്ലേയെന്നു പരിശോധിക്കണം.

ഒരു പോയിന്റു കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. അതു എക്സസ് ലാൻഡു വിതരണത്തെ സംബന്ധിച്ചാണ്. പത്തു സ്റ്റാൻഡേർഡ് ഏക്കർ സീലിംഗ് വെച്ചിരിക്കുന്നതുകൊണ്ടും പത്തു ഇരുപതു കൊല്ലക്കാലമായി ഈ നിയമനിർമ്മാണത്തെക്കുറിച്ചുള്ള ചർച്ചകളും നടക്കുന്നതിന്റെ ഫലമായും, ഇനി അധികം എക്സസ് ലാൻഡ് ഉണ്ടാകുമോയെന്നതാണ് സംശയമാണ്. ലിമിറ്റു കുറയ്ക്കുകയാണെങ്കിൽ കുറെയെങ്കിലും എക്സസ് ലാൻഡ് കിട്ടും. എക്സസ് ലാൻഡ്

LIBRARY ARCHIVES Kerala Legislative Assembly

മീക്കവാറും ചമയങ്ങളും ഉള്ള ലാൻഡായിരിക്കും. അങ്ങനെയുള്ള ലാൻഡ് വെറുതെ കൊടുക്കണമോയെന്നും ആലോചിക്കണം. റീസണബിൾ പേയ്മെന്റ് ബേസിസിലോ, ഈസി ഇൻസ്റ്റാൾമെന്റ് ബേസിസിലോ കൊടുക്കണം. ഹരിജനങ്ങൾക്ക് സൌജന്യങ്ങളും അനുവദിക്കാവുന്നതാണ്. കുടികിടപ്പുകാരനു സ്ഥിരമായ കാശും കൊടുക്കണമെന്നുള്ളതിനോട് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. കുടികിടപ്പുകാരിൽതന്നെ ചില പ്രദേശങ്ങളിൽ ന്യൂനപക്ഷമായ ഒരു പ്രത്യേകവിഭാഗം ആളുകളുണ്ട്. അവരുടെ കൈവശം കുറച്ചു സ്ഥലം ഉണ്ടായിരിക്കും. അവർ പണ്ടു പാവങ്ങളായിരുന്നിരിക്കും. അവർ ബിസിനസും മറ്റും ചെയ്തു വലിയ പണക്കാരാകുകയും ആ പണം മുടക്കി ഭൂമി വാങ്ങിക്കാതെ ബാങ്കിലും ബിസിനസിലും നിക്ഷേപിക്കുകയും ചെയ്യുന്നു. അവർ ഇന്നും കുടിയിരിപ്പുകാരാണ്. കുടിയിരിപ്പുസ്ഥലത്തു ഭേദപ്പെട്ട കെട്ടിടം കെട്ടി താമസിക്കുകയാണ്. അങ്ങനെയുള്ളവർക്ക് കുടികിടപ്പവകാശം കൊടുക്കണമോ ? കൊടുക്കേണ്ടാ എന്നാണ് എന്റെ അഭിപ്രായം. അതിനു എന്തുചെയ്യാൻ സാധിക്കും ? കുടികിടപ്പുകാരന്റെ വരുമാനം നോക്കി ഇക്കാര്യം തീർച്ചപ്പെടുത്തേണ്ടതാണ്. സ്വന്തം ഭൂമിയില്ലെങ്കിലും വലിയ വലിയ പണക്കാരാണെങ്കിൽ അവർക്ക് കുടികിടപ്പവകാശവും കുടിയിരുപ്പവകാശവും കൊടുക്കേണ്ട ആവശ്യമില്ല.

ശ്രീ. ആർ. എസ് ഉണ്ണി : കുടികിടപ്പുകാരൻ എന്നു പറഞ്ഞാൽ അവനു ആധുനിക രീതിയിലുള്ള എല്ലാവിധത്തിലുള്ള താമസസൌകര്യവും ചെയ്യാമെന്നു വ്യവസ്ഥചെയ്തിട്ടുണ്ട്.

ശ്രീ. എം. കെ. എ. ഹമീദ് : ആധുനികരീതിയിലുള്ള താമസ സൌകര്യങ്ങളും ചെയ്യേണ്ടായെന്നല്ല ഞാൻ പറഞ്ഞതു്. കുടികിടപ്പുകാരനായിട്ട് അംഗീകരിക്കുന്നതു് വലിയ ധനിക വിഭാഗത്തിൽപ്പെട്ടവരായിരിക്കരുതു്.

ഡെപ്യൂട്ടി സ്പീക്കർ : ഇതു് കൊച്ചിയിൽ മാത്രമേയുള്ളോ ?

ശ്രീ. എം. കെ. എ. ഹമീദ് : കൊച്ചിയിൽ മാത്രമല്ല പലഭാഗത്തുമുണ്ട്.

ശ്രീ. എം. കെ. ദിവാകരൻ : സ്വന്തമായി കെട്ടിടമില്ലാതെ വാടകകെട്ടിടത്തിൽ താമസിക്കുന്നവരെപറ്റി എന്താണ് പറയുവാനുള്ളതു്.

ശ്രീ. എം. കെ. എ. ഹമീദ് : ഞാൻ പറഞ്ഞ പ്രത്യേക വിഭാഗം ആദ്യം പാവപ്പെട്ടവരായിരുന്നിരിക്കും. അവർ ബിസിനസും മറ്റും ചെയ്തു വലിയ പണക്കാരായിട്ടും, സ്വന്തം ഭൂമി വാങ്ങിക്കാതെ ആ പണം ബാങ്കിലും ബിസിനസിലും മറ്റും നിക്ഷേപിക്കും. കുടിലുകളും ഇരുന്ന സ്ഥലത്തു് വലിയ വലിയ ബംഗ്ലാവുകളും വെച്ചു് താമസിക്കുകയും ചെയ്യും.

അങ്ങനെയുള്ള വിഭാഗത്തിൽപ്പെട്ടവർക്ക് കുടികിടപ്പുകാർക്കുള്ള ആനുകൂല്യം കിട്ടുകയില്ലെന്നുള്ള നിബന്ധന വയ്ക്കുന്നതു് നന്നായിരിക്കും.

ശ്രീ. കെ. ടി ജോർജ്ജ് : വളരെക്കാലംകൊണ്ടു് പണം സമ്പാദിച്ചിട്ടുള്ള പല ആളുകളും ഇപ്പോഴും ഹട്ടിലിലല്ല താമസിക്കുന്നതെന്നും 600 രൂപയിൽ കൂടുതൽ വിലയുള്ള കെട്ടിടത്തിലാണ് താമസിക്കുന്നതെങ്കിൽ അതു് കുടികിടപ്പുകാരുടെ നിർവ്വചനത്തിൽപ്പെടുകയില്ലെന്നുമുള്ളതു് അറിയാമോ?

ശ്രീ. എം. കെ. എ. ഹമീദ് : അങ്ങനെയാണെങ്കിൽ പ്രയാസമില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. പൊതുവായി ഇത്രമാത്രമേ പറയാനുള്ളൂ. ബാക്കി കാര്യങ്ങളും വകുപ്പു വകുപ്പുകളിലേക്കുള്ള ചർച്ചകളിലേക്ക് കടക്കുമ്പോൾ പറയാം.

ശ്രീ. എം. കെ. ജോർജ്ജ് : നമ്മുടെ രാജ്യത്തെ പാട്ട കൃഷിക്കാർക്കും വാരകൃഷിക്കാർക്കും യാതൊരു രേഖയുമില്ലാതെ എപ്പോഴാണ് തങ്ങളുടെ ഭൂമിയിൽനിന്നു് ആട്ടി

LIBRARY ARCHIVES Kerala Legislative Assembly

പ്പായിക്കഴിഞ്ഞിട്ടുണ്ടെന്നും സംശയിച്ചു കഴിഞ്ഞുകൂടിയിരുന്ന ലക്ഷക്കണക്കിനു് കൃഷിക്കാർക്കു് ഉടമാവകാശം കൊടുക്കുന്നു എന്നമാത്രമല്ല; അതോടൊപ്പംതന്നെ നമ്മുടെ രാജ്യത്തിലെ ലക്ഷക്കണക്കിനു് കുടികിടപ്പുകാരെ, കുടികിടപ്പുകാരൻ എന്ന സ്ഥിതി വിശേഷം ഇനി നമ്മുടെ രാജ്യത്തു് ഇല്ലാത്തപണ്ണം അവരെ കുടികിടപ്പിന്റെ ഉടമസ്ഥന്മാരാക്കിത്തീർക്കുകയും ചെയ്യുന്ന ഒരു നിയമനടപടി എന്ന നിലയിൽ കേരള കാർഷിക ഭൂപരിഷ്കരണ ഭേദഗതി ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന മന്ത്രിയെ ഞാൻ അനുമോദിക്കുകയാണു്. ഈ ബിൽ ഒട്ടാകെ പരിശോധിക്കുമ്പോൾ ഇന്നുവരെ നമ്മുടെ നാട്ടിലെ കൃഷിക്കാർക്കു് നേടിയെടുക്കാൻ കഴിയാതിരുന്ന നിരവധി അവകാശങ്ങൾ നേടിയെടുക്കാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യിട്ടുണ്ടെന്നുള്ള കാര്യം നാം വിസ്മരിക്കരുതെന്നാണു് എനിക്കു് പറയാനുള്ളതു്. ഈ ബില്ലിലെ പോരായ്മകളെപ്പറ്റിയും, ഇതു് വച്ചുതാമസിപ്പിച്ചതിനെപ്പറ്റിയും ഇവിടെ നിശിതമായ വിമർശനങ്ങൾ നടന്നുകേട്ടു. ഞാൻ അതിലേക്കു് കടക്കുന്നില്ല. വച്ചുതാമസിപ്പിച്ചതു് എന്തുകൊണ്ടാണെങ്കിലും, അതു് തിരുത്തുന്നതിനു് ഇപ്പോഴെങ്കിലും തയ്യാറായതിൽ ഞാൻ സന്തോഷിക്കുകയാണു്. ഈ നിയമം കൊണ്ടുവരുന്നതിനു് താമസിച്ചുപോയി എന്നു പരാതിപ്പെടുന്ന ആളുകളും, ഇതു വളരെവേഗം നടപ്പാക്കിത്തീർക്കുന്നതിനും ഈ നിയമം നടപ്പിലാക്കുന്നതിനു് പ്രതിബന്ധമായി നിൽക്കുന്ന എല്ലാ പ്രതിബന്ധങ്ങളേയും തട്ടിനീക്കിക്കൊണ്ടു് ഈ നിയമം നടപ്പാക്കുന്നതിൽക്കൂടി കേരളത്തിലെ കുടികിടപ്പുകാരുടെയും കൃഷിക്കാരുടേയും ഉത്തമതാൽപ്പര്യങ്ങൾ പരിരക്ഷിക്കുന്നതിനുള്ള നടപടികളിൽ സഹായിക്കുമെന്നാണു് ഞാൻ കരുതുന്നതു്. ഈ ബിൽ ഒട്ടാകെ പരിശോധിക്കുമ്പോൾ ഇതിൽ പ്രധാനമായി കാണാൻ കഴിയുന്നതു് ഒരു കുടികിടപ്പുകാരനു് തന്റെ കുടിയിരിക്കുന്ന സ്ഥലം വിലക്കു് വാങ്ങുന്നതിനു് കഴിയുമെന്നുള്ളതാണു്. അങ്ങനെ വിലക്കു് വാങ്ങാൻ കഴിയുന്ന കുടികിടപ്പുകാരനു്, 1957-ലെ നിയമത്തിൽ കുടിഇറക്കണമെങ്കിൽ 10 സെന്റു് ഭൂമി ഒരു വില്ലേജിൽ കൊടുക്കണമെന്നായിരുന്നു വ്യവസ്ഥ. എന്നാൽ ശ്രീമാൻ പി. ടി. ചാക്കോയുടെ നേതൃത്വത്തിൽ 1970-ലെ മന്ത്രിസഭ കൊണ്ടുവന്ന നിയമത്തിൽ അയാളുടെ ഷെഡ്ഡിരിക്കുന്ന സ്ഥലംവരെയാക്കി ചുരുക്കിയിരുന്നുഎന്ന കാര്യം വിസ്മരിച്ചിട്ടു് കാര്യമില്ല.

ശ്രീ. കെ. ടി. ജോർജ്ജു് : ശ്രീമാൻ പി. ടി. ചാക്കോ കൊണ്ടുവന്ന ബില്ലിൽ ഷെഡ്ഡിരിക്കുന്ന സ്ഥലം പറഞ്ഞിട്ടില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. എം. കെ. ജോർജ്ജു് : അവിടംവരെ അതിന്റെ പരിധി ഒതുക്കിയിട്ടുണ്ടായിരുന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർ മറന്നുപോയിട്ടുണ്ടെങ്കിൽ അതൊന്നുകൂടി പരിശോധിക്കണം.

ശ്രീ. കെ. ടി. ജോർജ്ജു് : അതിൽ എന്താണു് പറഞ്ഞിരിക്കുന്നതെന്നറിയാമോ?

ശ്രീ. എം. കെ. ജോർജ്ജു് : അതു വായിച്ചുനോക്കിയാൽമതി. സംശയം തീരുംവേണ്ട. ഈ രാജ്യത്തിലെ കുടികിടപ്പുകാർക്കും പാവപ്പെട്ട ജനവിഭാഗങ്ങൾക്കും ആശ്വാസവും നന്മയും പ്രദാനം ചെയ്യുന്നതിനുവേണ്ടി ആവിഷ്കരിച്ച ഒരു നിയമനിർമ്മാണമാണു് നാം ഇപ്പോഴും ഇവിടെ ചർച്ച ചെയ്യുന്നതു്. ആ കാര്യത്തിൽ തർക്കമുണ്ടാകുമെന്നു തോന്നുന്നില്ല. മറ്റൊരു നിയമത്തിലും കുടികിടപ്പുകാരനു് തന്റെ അവകാശം വിലക്കു് വാങ്ങാനുള്ള അവകാശമുണ്ടോ എന്നു അറിയുകയില്ല. ഇൻഡ്യയിൽ ഏതെങ്കിലും ഒരു സംസ്ഥാനത്തു് ഇത്തരം ഒരു നിയമനിർമ്മാണം ഇതുവരെ ഉണ്ടായതായി അറിവില്ല. പത്തു സെന്റു് ഭൂമിയുടെ ഉടമസ്ഥനാണെങ്കിൽപോലും ഒരു കുടികിടപ്പുകാരനു് അവകാശം ലഭിക്കുന്നുണ്ടു്. മൂന്നുപേരാണെങ്കിൽ മൂന്നു സെന്റു് ഭൂമിയുടെ ഉടമസ്ഥനാണെങ്കിൽപ്പോലും

LIBRARY ARCHIVES Kerala Legislative Assembly

കുടിയിരുപ്പിനു് അവകാശമില്ലായിരുന്നു. ആ വക കഴപ്പങ്ങളും പരിഹരിക്കപ്പെടണം എന്നുള്ളതാണു് ഈ നിയമത്തിന്റെ ഏറ്റവും വലിയ മേന്മ. അതുപോലെതന്നെ തന്റെ കുടിയിരുപ്പു അവകാശം മറ്റൊരാളിനു് വിൽക്കുന്നതിനുള്ള അവകാശം ഈ നിയമംമൂലം കുടികിടപ്പുകാരനു് നൽകുന്നു എന്നുള്ളതാണു് മറ്റൊരു സവിശേഷത. ഇന്നുവരെ ഇത്തരം ഒരു അവകാശം ഒരു കുടികിടപ്പുകാരനും ഈ രാജ്യത്തു് കിട്ടിയിരുന്നില്ല.

ശ്രീ. ഇ. ജാൺജേക്കബ്ബു് : പത്തു സെൻറു് ഭൂമി അവനവന്റെതന്നെ സ്വന്തമായി വാങ്ങാൻ അവകാശമുള്ളപ്പോഴും വിൽക്കുന്നതിനുള്ള അവകാശം പ്രത്യേകമായി കൊടുക്കുന്നതിൽ വല്ല കാര്യവുമുണ്ടോ?

ശ്രീ. എം. കെ. ജോർജ്ജു് : എന്റെ സ്നേഹിതൻ ശ്രീമാൻ ജോൺജേക്കബ്ബിന്റെ സംശയം എനിക്കു് മനസിലാകുന്നുണ്ടു്. ഇപ്പോഴുള്ള പത്തു സെൻറിനേറെയും ഏക്കറുകളുടേയും ഉടമകളായ കൃഷിക്കാരാണു് ഈ കർഷികബന്ധു നിയമംകൊണ്ടു് പത്തിരുപതു ഏക്കർവരെയുള്ള ഉടമസ്ഥന്മാരായിത്തീരാൻ പോകുന്നതു്. അതു കൈനീട്ടി വാങ്ങുന്നതിൽ സന്തോഷമുണ്ടു് പക്ഷേ പത്തുസെൻറു് സ്വന്തമായുള്ള ഒരു കൃഷിക്കാരനു് ഒരു പത്തു സെൻറിന്റെ കുടികിടപ്പവകാശം കൊടുക്കുന്നതിനെ സംബന്ധിച്ചു് നിങ്ങൾക്കു് സംശയമുണ്ടാകുന്ന കാര്യത്തിൽ ഞങ്ങൾക്കാർക്കും അതിശയമില്ല. ആ സംശയത്തിനു് ഞങ്ങളുടെ സംബന്ധിച്ചിടത്തോളം ഒരു സ്ഥാനവുമില്ല. ഞങ്ങൾ കൊടുക്കണമെന്നു് ആഗ്രഹിക്കുന്നവരാണു്. റൈബിദ്ദിലെ ന്യായപ്രമാണത്തനുസരിച്ചുതന്നെ, ഫറവോന്റെ അടിമത്വത്തിൽ കഴിഞ്ഞിരുന്ന ഇസ്രായേല്യരെ മോശമുഖാന്തിരം വീണ്ടെടുത്തു് കാനാൻദേശത്തു് കൊണ്ടുവന്നു് ഇസ്രായേൽ ഗോത്രങ്ങൾക്കു് പന്ത്രണ്ടിനും ഭൂമി തുല്യമായി പങ്കിട്ടു കൊടുത്തു എന്നാണു് എഴുതിയിരിക്കുന്നതു്. ദൈവനിയമം വച്ചു പരിശോധിക്കുകയാണെങ്കിൽത്തന്നെ ആ നിയമം ലംഘിക്കപ്പെട്ടതിനു് ഏതു പ്രകാരമാണു് ശിക്ഷിക്കപ്പെട്ടുണ്ടെന്നുള്ള കാര്യം ആലോചിച്ചാൽമതി. ഭൂമി എല്ലാവരുടേയും പൊതുമുതലാണെന്നു് ആ ഭാഗം പരിശോധിച്ചാൽ കാണാൻ സാധിക്കും. ഈ വേദവാക്യം വിശ്വസിക്കുന്നവർ ഇത്തരം ഭൂപരിഷ്കരണത്തെ സംബന്ധിച്ചു് സംശയം പ്രകടിപ്പിക്കുന്നതിൽ അൽഭുതപ്പെടുന്നു.

ശ്രീ. ഇ. ജാൺജേക്കബ്ബു് : കുടികിടപ്പുകാരനു് തന്റെ കുടികിടപ്പു് അവകാശം വിൽക്കുന്നുള്ള അധികാരം ഈ ബില്ലിൽ കൊടുത്തിട്ടുണ്ടെന്നുപറഞ്ഞു. ഈ കുടികിടപ്പുള്ള സ്ഥാനത്തു് പഞ്ചായത്തുകളിൽ പത്തു സെൻറു് ഭൂമി വാങ്ങുന്നുള്ള അവകാശം അവനു് ലഭിച്ചു് ഭൂമി സ്വന്തമായി കഴിഞ്ഞാൽ പിന്നെ പ്രത്യേകമായി ഭൂമി വിൽക്കുന്നതിനുള്ള അവകാശം ആവശ്യമുണ്ടോ? അങ്ങനെ ചേർക്കണമോ?

ശ്രീ. എം. കെ. ജോർജ്ജു് : അതുതന്നെയാണു് ഞാൻ പറഞ്ഞതു്. അങ്ങനെ എഴുതിവച്ചിരിക്കുന്ന കാര്യത്തെ സംബന്ധിച്ചുതന്നെയാണു് ഞാൻ പറഞ്ഞതു്. കുടിയിരുപ്പു വിൽക്കാനുള്ള അവകാശം കുടികിടപ്പുകാരനുണ്ടെന്നാണു് ഞാൻ പറഞ്ഞതു്. അതെല്ലാം ഇതിനുമുൻപു് ഇല്ലാതിരുന്നതാണു്. ജന്മംവാങ്ങാൻ അവകാശം കിട്ടികഴിഞ്ഞാലെ വിൽക്കുവാൻ സാധിക്കുകയുള്ളു. വാങ്ങികഴിഞ്ഞാൽ പിന്നെ വിൽക്കുന്നതിനു് പ്രത്യേകിച്ചു് അനുവാദം കൊടുക്കേണ്ട ആവശ്യമില്ല. കുടികിടപ്പുകാരെ സംബന്ധിച്ചടത്തോളം വളരെയേറെ പ്രയോജനകരമായ ഒരു നിയമമാണു് ഈ ഭേദഗതി ബില്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണു്. വളരെയേറെ പോരായ്മകൾ ആ കാര്യത്തിലുള്ളതു് ചിലരെല്ലാം ഇവിടെ പറയുന്നതുകേട്ടു. പോരായ്മകൾ ഉണ്ടായിരിക്കാം ഏതു നിയമനിർമ്മാണമായാലും ഒരടിക്കു് അതിന്റെ സമ്പൂർണ്ണതയ്ക്കുവേണ്ടുന്നതെല്ലാമെന്നു് ഞാൻ കരുതുന്നില്ല.

ശ്രീ. ഇ. ജാൺജേക്കബ്ബു് : 20 സെൻറു് കൊടുക്കുകയാണെങ്കിൽ അത്രയും സന്തോഷമല്ലേ ഉണ്ടാകുക? അതുകൊണ്ടു് ഓരോ കുടികിടപ്പുകാർക്കും 20 സെൻറു ഭൂമി വീതം കൊടുത്തുകൂടെ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. ജോർജ്ജ് : കൊടുക്കുന്നതിൽ വിരോധമില്ല. നിങ്ങളം തടയാതിരുന്നാൽമതി. ഡിപ്രഷൻറിംഗ് നോട്ട് പിൻവലിച്ച് ഞങ്ങളുമായി സഹകരിച്ചാൽ അതിനു് സാധിക്കും.

അതുപോലെതന്നെ ഇന്നേവരേയും കുഴിച്ചുവയ്പു്, കുഴിക്കാണം തുടങ്ങിയ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെയേറെ പാകപ്പിഴകളുണ്ടായിരുന്നു. അവരെ ഈ നിയമത്തിൽ ഭൂഉടമസ്ഥന്മാരാക്കി മാറ്റുന്ന നില കാണാൻ സാധിക്കും. അതുപോലെതന്നെ സ്വകാര്യവനങ്ങളിൽ കയ്യേറിയ കൃഷിക്കാർ, ഗവണ്മെൻറ് വക ഭൂമികളിലോ അതല്ലെങ്കിൽ വേസ്റ്റ്ലാൻറിലോ ഭൂമികളിലോ പ്രവേശിച്ച് കൃഷി ചെയ്തിട്ടുള്ള ആൾക്കാർ തുടങ്ങിയ എല്ലാ വിഭാഗം കൃഷിക്കാരും ഒഴിപ്പിക്കൽ ഭീഷണിയെ നേരിട്ട് തങ്ങളുടെ ജീവിതംതന്നെ അപകടപ്പെടുമെന്ന കരുതിയിരുന്ന ഒരു സാഹചര്യത്തിൽ അവരെക്കൂടി ഈ ബില്ലിൻെറ പരിധിയിൽ കൊണ്ടുവന്നു് ആനുകൂല്യങ്ങളും നൽകത്തക്കവിധത്തിൽ വേണ്ട മാറ്റങ്ങളും വരുത്തിയതു് വളരെയേറെ സന്തോഷപ്രദമാണു്. ഈ കാര്യങ്ങളൊന്നും മനസ്സിലാക്കാതെയോ, പരിശോധിക്കാതെയോ ആണു് ഈ ബിൽ വേണ്ടത്ര പുരോഗമനാത്മകമല്ലെന്നുള്ള രീതിയിൽ സംസാരിക്കുന്നതെന്നു തോന്നുന്നു. ഇതു് ഇന്നത്തെ രീതിയിൽ വളരെയേറെ ആശ്വാസകരമായിത്തീരുന്നുണ്ടെന്നു് കാണാൻ കഴിയും. അതുപോലെതന്നെ ഓർച്ചാർഡ്സ്, പണയം തുടങ്ങിയിട്ടുള്ള എല്ലാ വിഭാഗം കൃഷിക്കാരേയും ഈ ബില്ലിൻെറ പരിധിയിൽ ഉൾപ്പെടുത്തുന്നുണ്ടു്.

അതുപോലെതന്നെ ശ്രീമാൻ ചാക്കോയുടെ ബില്ലിൽ ഒഴിവാക്കിയിരുന്ന കുട്ടനാടൻ പാടശേഖരങ്ങളെ, കുട്ടനാടൻ കായൽനിലങ്ങളെ പരിധിയിൽ ഉൽപ്പെടുത്തിയിരിക്കുന്നു എന്നുള്ളതു് വളരെയേറെ ആശ്വാസകരവും സന്തോഷപ്രദവുമായ കാര്യമാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്. ശ്രീമാൻ ജേക്കബ്ബു് ചിറക്കാൻ തുടങ്ങിയിട്ടുണ്ടു് കുട്ടനാട്ടിൻെറ കാര്യം പഞ്ഞപ്പോലും. ഒരുകാലത്തു് ആളകലം ധരിച്ചിരുന്നതു് കുട്ടനാട്ടിൽ ഒരുമിച്ചു കൃഷി ചെയ്തില്ലെങ്കിൽ കൃഷി തന്നെ നടക്കുകയില്ലെന്നാണു് ആ ധാരണ വച്ചു പുലത്തിക്കൊണ്ടല്ലേ ഈ നിലങ്ങളെ പരിധിയിൽ നിന്നും ഒഴിച്ചുനിറുത്തിയിരുന്നതു് എന്നു ഞാൻ സംശയിക്കുകയാണു്. അങ്ങനെയൊന്നുമില്ല. അന്നും ഇന്നും തലമുറതലമുറയായി ഒരു പറയും അര ഏക്കറും കൃഷി ചെയ്യുന്ന ആളകലം കുട്ടനാട്ടിൽ ഉണ്ടു്. അതുകൊണ്ടു് ഏക്കർ കണക്കിനു് കൈവശമിരിക്കുന്നില്ലെങ്കിൽ കായലിൻെറ ബൗണ്ടറി മുഴുവൻ ഒരാളുടെ കൈവശമില്ലെങ്കിൽ കൃഷി നടക്കുകയില്ലെന്ന ധാരണ ശരിയല്ല.

ശ്രീമതി കെ. ആർ. ഗൗരി : ഇതു് പുതുതായിട്ടു് സെലക്ഷൻകമ്മിറ്റി റിപ്പോർട്ടിൽ ചേർത്തതല്ല. നേരത്തെ ബില്ലിൽ ഉണ്ടായിരുന്നതാണു്.

ശ്രീ എം. കെ. ജോർജ്ജ് : ഞാൻ എനിക്കു പറയാനുള്ളതാണു് പറഞ്ഞതു്. പരിധിയിൽപ്പെടുത്തിയതിൽ എനിക്കു സന്തോഷമുണ്ടു്. പക്ഷേ ഇങ്ങനെ പെടുത്തിയതുകൊണ്ടുമാത്രമായില്ല കൂടുതൽ കൃഷി ഇങ്ങളുള്ള ആളകളിൽനിന്നു് കൈവശപ്പെടുത്തി വിതരണം ചെയ്യുന്ന കാര്യത്തിലും സത്വരമായ നടപടികളും സ്വീകരിക്കണമെന്നമാത്രമാണു് എനിക്കു് ഈ ബില്ലിനെസംബന്ധിച്ചു പറയാനുള്ളതു്.

ശ്രീ. ഇ. ജോൺജേക്കബ്ബു് : കുട്ടനാടൻ പാടശേഖരങ്ങളിൽ എത്ര ഭൂമി സീലിംഗിനുമപ്പുറം വിതരണം ചെയ്യാൻ കാണുമെന്നുള്ളതിനെക്കുറിച്ചു് വല്ല ഗ്രാഹ്യവുമുണ്ടോ ?

ശ്രീ. എം. കെ. ജോർജ്ജ് : ശ്രീമാൻ മുരിക്കനു് 1200 ഏക്കർ ഭൂമി സ്വന്തമായി ഉണ്ടു്. ഇങ്ങനെയുള്ള പല ആളകളും ഉണ്ടു്. ഇനി ജനിക്കാനുള്ള മക്കളുടെ പേരിൽ എഴുതിവച്ചാലും പരിധിക്കു പുറത്തുതന്നെ നിൽക്കും. ഇതിലപ്പുറമുള്ള കൂടുതൽ വാദപ്രതിവാദത്തിൻെറ ആവശ്യമില്ല. ഇത്രയും നല്ല നിലയിൽ കൃഷിക്കാർക്കും കുടികിടപ്പു

LIBRARY ARCHIVES Kerala Legislative Assembly

കാര്യം പ്രയോജനം നൽകുന്ന ഈ നിയമം അവതരിപ്പിച്ചതിൽ ഒരിക്കൽകൂടി നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

Shri U. P. Kunikullaya : Sir, I feel that some of the provisions of this Bill are contrary to the provisions of the Constitution itself. Personally, I can understand the anxiety of the ruling parties to pass this Bill in a hurry burry since a general impression is going around that the very continuance of the United Front is in doubt. Before laying down office, they want to pass this Bill. Whether that Bill when enacted into Act will stand against the provisions of the Constitution or not is yet to be seen. A note of warning was given by the Opposition when the Kerala University Bill was passed that it would stand against the provisions of the Constitution. To that Government did not give any heed and the net result is most of the provisions of the Kerala University Act have been struck down.

I understand that some members of the Ruling parties, at least some of them, are averse to the Constitution itself. Mere aversion to the Constitution will not be sufficient; do the framers of this Bill sincerely want to implement the Bill? Whether their intention will take effect, whether the provisions of this Bill can be implemented effectively, these are questions to be considered. Now a reading of the provisions of this Bill shows that no thought has been given to the provisions of the Constitution and it implies that they don't mind whether it will be implemented or not, they want to show their people that they have passed this Bill. That will not serve the purpose. That is a question to be considered deeply by the members of this House, because mere passing an enactment is not sufficient and it will not serve the purpose.

So many provisions have been newly incorporated viz., raising the ceiling limits, wiping out arrears of rent and other provisions. I am sure that, wiping out arrears of rent, without payment of compensation will not stand as they are against the provisions of the Constitution and that will be struck down. Though, Act I of 1964, has been included in the 9th Schedule of the Constitution and cannot be questioned by the civil courts, this Bill, I am sure, will be questioned by the civil courts. A Supreme Court decision of 1969 says that if these amendments are not going to be given protection as per the 9th Schedule, they are liable to be questioned by civil courts.

I am sure none of the provisions of this Bill which go contrary to Act I of 1964 will stand. What is the net result, we have to go back to Act I of 1964.

Now therefore, I feel that the intention of the framers of this Bill is not sincere and they do not want to implement the provisions of this Bill, they want to show to the people that they have passed this Bill, most probably with an eye on future elections. That will not serve the purpose.

Coming to the provisions of this Bill, I feel that some discrimination has been shown in regard to Kasargode. Very stringent provisions are

LIBRARY ARCHIVES Kerala Legislative Assembly

incorporated ignoring the provisions of the Evidence Act, the Civil Procedure Code and the Transfer of Property Act and so many other Central Acts.

Sir, the mortgages which are called Illidarwar, Arwar etc., which are merely transactions of debt, that also is given the nature of deemed tenancy and thereby the right of redemption is extinguished. Whether such a deprivation of the right of redemption of mortgagors will not go against the provisions of the Constitution, I think has not been considered by the framers of this Bill.

Is there any justification to treat mere transactions of debts as deemed tenancy? Nobody has given thought over it.

Another thing is this. This Government has introduced the Agriculturists Debt Relief Bill which gives the right of redemption to the owners of property. But this Bill takes away the right of the mortgagors. There is no justification for it It will amount to a clog on redemption and such a clog is contrary to the provisions of the Transfer of Property Act and the Constitution.

In this Bill small holders are made still smaller. The relief sought to be given to them are illusory and imaginary. They will not get any relief under this Bill. If at all they get some lands by way of assignment lands, of Government they will be uncultivable west lands and with the meagre compensation they get can we expect that these small holders will be able to cultivate the uncultivable lands? They cannot make a living from this. I think more consideration ought to have been shown to the small holders.

Dealing with Section 3, of Act I of 1964 dealing with exemption, a discrimination is made among the limited interest holders. There are certain classes of limited interest holders in Kasaragode Taluk who are governed by the Aliyasanthana Act. With regard to other limited interest holders, though the tenancies under them are protected to some extent, the right of purchase is not given to the tenant. Regarding the limited interest holders governed by the Aliyasanthana Act, as per the provisions of this Bill, the right of purchase is given to the tenants Is it not discriminatory? Is it a reasonable classification? Whether it will stand against the provisions of the Constitution is a question to be decided by this House. As I feel, this will mean discrimination and this will be struck down.

Another aspect of the case is this. Some exemptions had been given to the arecanut, pepper and cashew plantations under Act I of 1964. The Supreme Court ruling which struck down the Kerala Act IV of 1961, has clearly stated that arecanut and pepper gardens should have been treated alike as any other plantations like rubber, coffee, tea etc. Arecanut and pepper gardens were not treated as plantations and that was one of the grounds under which Act IV of 1961 was struck down by the Supreme Court. In Acr I of 1964, some exemptions are given to pepper gardens and arecanut gardens etc. The Act I of 1964 was made unquestionable because of its inclusion in the 9th Schedule. Under this Bill, even those exemptions are

LIBRARY ARCHIVES Kerala Legislative Assembly

sought to be deleted. This deletion will be discriminatory and this classification will be challenged before a court of law. I am sure this will be struck down and I am sure the Court will direct Government to treat them alike.

Some of the provisions of this Bill will set at naught the decrees of the courts. With regard to Clause 7 of the Bill, the right of restoration is given to the deemed tenants whether they are trespassers or not but it is enough if they have been there for two years during the last 12 years. That means even if they are evicted more than 8 or 10 years ago, they are entitled for restoration of possession. By that so many complications will arise. It may be that the land in question might have been leased out to another tenant, or passed hands from the owners to third parties. Interests of such parties are also not protected. Even the present tenant or owner who has been cultivating the land or who has purchased the property in good faith for vauable consideration is going to be deprived of his possession and property. It will not only result in multiplicity of proceedings but this will never see an end to it, thereby the parties are dragged to courts again.

Another provision which I want to stress is Clause 10, new section 9A. It deals with soda chits which are in vogue in Kasargod taluk evidencing surrender of possession of leasehold. The present provisions will upset all settlements Soda chits might have been executed twenty years ago and the tenants might have surrendered them years back. As per the present provision, such deeds, which are executed twenty years ago are inadmissible in evidence in any dispute regarding possession of such land on the ground that the soda chits are invalid and inadmissible. It may be that subsequently the owner himself might have cultivated or might have leased to other tenants. Merely because the soda chits have been executed by way of an unregistered process, which was the prevalent practice there, and which has been exempted under the law, today in this Bill, everything is sought to be set at naught and they are deprived of their rights. It may be that the present tenant who has leased the property may not have any document to prove the transaction, the owner also may not have any other evidence to prove his possession, but he has to part with the property to a person who was in possession twenty years ago. At least some time limit must have been incorporated in this. For example a provision might have been made to the effect that soda chits executed after Act I of 1957 may not be valid because thereafter the right of eviction is prevented. The hon. Revenue Minister stated at the time of introduction of this Bill that this provision is incorporated on the ground that there were people in Kasaragode taluk who execute soda chits and lease deeds simultaneously. This is not warranted. If it is on the same day the Court can say that it is not valid. It is not the contention of the hon. Revenue Minister that the soda chits are antedated. The soda chits which have been accepted by the courts and acted upon by the parties are sought to be set at naught by the provisions of this Bill. This provision in this Bill will go contrary to the provisions of established procedure of law and established right of parties.

LIBRARY ARCHIVES Kerala Legislative Assembly

There is another aspect with regard to the provision for adopting gazette price for the commodities payable towards rent. But in this case I may submit an anomaly prevailing in the entire State, especially in Kasargode Taluk is that the gazette prices are invariably lower than the market rates. While the people are levied income-tax by the Agricultural Income Tax authorities, they don't accept the gazette price but they ascertain the value of commodities on the basis of the market value itself and taxes levied on such bass. It may vary from day to day. With regard to the collection of rentals, the Gazette price which is published three months ago have to be adopted. The gazette price is much lower than the market price. I do not know whether it is done bonafide or erroneously or deliberately done by the officers as per the instructions issued in the circular. From the persons who possess the property which is liable to incometax, the tax is collected on the basis of market value which is more than the gazette price whereas he is made to collect the arrears of rent in accordance with the gazette price.

Another provision is that on a particular day all the rights of the landlord will vest with the tenant and he will have no rights thereafter. That is what is stated here. That means there may be an integrated system of irrigation from the tenant's land to the owner's land There may be pathways over the land of the tenant to go to his other properties. Those rights are not protected.

While giving certain rights to the kudikidappukars, the farmers of the Bill were very careful to see that the easement rights of the kudikidappukars shall not be obstructed by the landlords. While taking away the rights of the owner from his properties, there is no provision safeguarding the rights of easement rights to water, easement right of way of owner is incorporated in this bill. All rights of landlords may come to an end by this Bill. Is it not to be considered whether it will not give rise to a large number of criminal and civil litigations?

Coming to standard acres, there is no justification whatsoever to bring down the extent of arecanut gardens to 50 cents. It may be a fact that it was due to misapprehension of facts that Government have reduced the extent to 50 cents because of the prices prevailing for arecanut is exorbitant. I will bring to the notice of the Government, that the prices prevailing now or arecanut is due to the import restrictions and ban imposed by the Central Government regarding import from foreign countries. Even if today the import restrictions are removed, I am sure, the prices of arecanut will fall. It is not an industrial article. It is not used for any other purpose except for chewing. If arecanuts are imported from Indonesia, and other ccuntries, where it is grown in abundance, then the next day the price will come down abnormally. It should be nominal. Under these circumstances if the Government takes the prevailing price for fixing the standard acre, it will not be justified. We do not know what will happen to arecanut gardens as had happened to pepper gardens 10 years ago. The price of pepper was Rs. 3000 to Rs. 5000 per candy. After some time it fell down to Rs. 600. That was due to the production of synthetic pepper in other countries. If the prevailing

LIBRARY ARCHIVES Kerala Legislative Assembly

price is taken as a basis for fixing the standard acre, persons who got those lands will ultimately be ruined and the ceiling fixed under the provisions of the Bill will be imaginary. Government or the farmers of the Bill should take into consideration this aspect, as suggested by Shri A. V. Kunhambu, that the extent of arecanut gardens, regarding the standard acres, should be raised to one acre or just like coconut gardens, ie. 1.25 acres.

Clause 64 deals with the exemption regarding ceiling limit. There is exemption given for arecanut and pepper gardens under Act 1 of 1964 and these exemptions are taken away. This will not stand against the provisions of the Constitution.

Coming to the exclusion of Civil Court jurisdiction of course here the provisions of the Bill shows that a litigant tenant or landlord, has to approach several courts and officers to get necessary relief under the provisions of the Act. He has to approach the Land Tribunal for fixing fair rent. For preparing the record of right he has to approach the R. D. O. Though the offices of the Land Tribunals are situated in every Taluk Headquarters R. D. Os. are generally situated in Sub-District Headquarters which may be 30 to 80 miles away and especially in Kasaragode the distance from Talipparamba to Kasaragod is more than 80 miles. For remission of rent a man has to go to the Tahsildar. He has to wait at the doors of the Courts. He may not get time for carrying on cultivation. I don't say they have to dance but they have to go to various courts to get relief. If the matters related to this Bill are dealt in one Court. I think there will not be much difficulty because one lawyer can be entrusted with the same work and it will be possible for him to postpone the cases or get other cases posted on the same date. If it has to be referred to different Courts it will not be convenient for him and the man will have to go to the Taluk Headquarters and office of Land Tribunals in all the 365 days. If the intention of the Bill is to grow more food this will lead to a lot of complications. They will have to spend a lot of money to go to various offices and courts. This will result in wastage of time and energy and adversely affect the interest of the owners and the tenants as well. So these aspects, I am sorry, the farmers of the Bill have not considered and the jurisdiction of Civil Court is excluded at a stroke. When this Act itself involves so many complicated issues of law I don't feel that a man not trained in law and justice can dispose of the case expeditiously. It may be the intention of the farmers of the law that if the executive officers are invested with powers of jurisdiction. Government can direct them issuing circulars, etc. Whether it will meet with justice or not is in doubt. I have my own experiences of the executive officers behaving contrary to the law of evidence, evidence placed before the Court. The matters are set right when it comes before the Subordinate Judge.

Even if wrong fixation of burden is there, the burden of setting it right is vested on the Courts of Law. Therefore, if a final disposal of a case is to be expected expeditiously, the matter has to be entrusted to a Munsiff or to Courts equal to Munsiff Courts. If the executive subordinates of the

LIBRARY ARCHIVES Kerala Legislative Assembly

Government are empowered to try the cases, who have no knowledge of the law, it will create a lot of complications and litigations will not see the final disposal in the near future.

I request the hon. Revenue Minister and members of the Assembly who are anxious to implement this Bill when enacted into law give their consideration over these matters and clear the defects and set right the provisions of the Bill. The provisions of the Bill can be implemented only if these defects are rectified.

Shri K. Mahabala Bhandari : Sir, I do not know whether any purpose will be served by this sort of discussion unless some reasonable steps are taken to rectify the defects in the existing Bill. There is a tendency prevailing among some parties to condemn the persons who criticise the Bill as 'anti-peasant'. These people want to gain cheap popularity and they do not bother whether justice is done to all sections of people. As rightly pointed out by some of my friends, I am sure this legislation was drafted in greate haste and consequently contain provisions which are unconstitutional. These provisions may meet with the same fate as those of the provisions of the University Act which are recently struck down. My friend from Kasargode has already pointed out some aspects of injustice done to certain sections of people in Kasargode. One aspect I would like to emphasise here again is the discrimination shown to a class of people governed by Aliyasanthana Law of inheritence who are called 'Nissanthathikavaru' people. In the Act passed by the first Communist Government these people were completely exempted because the Nissanthathikavaru people have no right in the corpus of the property. They are entitled only for life interest in the property. By the Act I of 1964 the exemption was removed but the tenants under the Nissanthathikavaru people were not given the right to purchase the land. In this Bill even that is removed and thus a discrimination is shown to them. If tenants under the other life interest or limited interest holders have no right to purchase the property under this Bill, why the Nissanthathikavaru people alone should be discriminated, I do not understand. I am afraid, Sir, that this has been deliberately done as a result of extraneous influences.

Another thing which I wish to point out is with regard to the fixation of standard acre. At least one of the prominent members of the Marxist Party, Shri Kunhambu who is fully conversant with the arecanut gardens in Kasargode, has rightly pointed out and I am very happy that he had done it, treating 50 cents of arecanut garden as one standard acre is very very unjust. I am sure the Revenue Minister will consider this aspect very seriously and at least one acre of arecanut garden might be considered as one standard acre. It may be that today the price of arecanut is very high but tomarrow it may go down and these people will be put to great hardships.

Another point is with regard to treating some mortgagees as tenants. It is really unwarranted. At least in our part it is the mortgagor who is the poor man. As rightly pointed out by some members in the Dissenting Notes in many cases the mortgagors mortgaged their land because of financial

LIBRARY ARCHIVES Kerala Legislative Assembly

difficulties. The mortgagee, because he is a rich man, gave money and took into possession of the property and if he is to be treated as a tenant I think it cannot be justified.

Then about the 'deemed tenants'. By the new sections which are incorporated in this Bill we would only be encouraging trespassers and others to falsely claim to be the tenants. A person who has had nothing to do with the land or even a wayfarer can set up a plea of tenancy. He need only say that the land was in his possession for certain years. Normally people could have looked to the Law Courts for a proper adjudication. But by this Bill the powers of the Law Courts are also very much restricted. When a man falsely sets up a plea of tenancy, he has no onus or burden of proof to discharge but it is now shifted on the person against whom the claim is made to prove that it is a false claim.

Then with regard to the restoration of possession the Bill is going to re-open even matters which are finally settled right from 1954. Should there be no finality in such matters ? Either by decree or order
[11 A. M.] of Court, some lands might have come to a new set of people and they are peacefully enjoying it. It is ridiculous that the whole thing is going to be reopened now. There will, therefore, be a lot of difficulties, and I should submit to this House that this is not fair.

Regarding the small-holders it has been voiced by several hon. members that justice is done to this class of people. There is no justification for the Select Committee to have changed the definition contained in the Bill.

Then regarding the classification of land. There has been great discrimination regarding the calculation of standard acres. Regarding the garden lands I would like to suggest that the land used principally for growing peppervines and the dry land principally cultivated with cashew may be treated equally while determining the standard acre. As regards the 'other dry land', it is only fair that 4 ordinary acres, instead of 2·50 be treated as one standard acre. With regard to the arecanut gardens, I again request the hon. Revenue Minister to decide that it is only in the fitness of things and in fairness that one acre of arecanut garden is considered as one standard acre.

ശ്രീ. പി. എസ്. നമ്പൂതിരി : ഈ ബില്ലിലെ പല വകുപ്പുകളും ഇന്നത്തെ പരിതസ്ഥിതിയിൽ സ്വാഗതാർഹമാണ്. ഇതിൽ കൂടുതൽ ആശ്വാസപ്രദമായ കാര്യങ്ങളായ മാറ്റങ്ങളൊന്നും വരുത്താൻ ഇന്നു നമുക്കു കഴിയുമെന്നു തോന്നുന്നില്ല. എങ്കിലും കുറെയെല്ലാം മാറ്റങ്ങളും വരുത്താൻ തീർച്ചയായും നമുക്കു സാധിക്കും. കാർഷിക പരിഷ്കരണങ്ങളെപ്പറ്റി, അതിന്റെ അടിസ്ഥാനപരമായ മാറ്റങ്ങളെപ്പറ്റിയും ആലോചിക്കാനും പ്രയോഗത്തിൽ വരുത്താനും യഥാർത്ഥത്തിൽ തുടങ്ങിയതു 1957-ലാണ്. മുൻകാലങ്ങളിൽ മലബാർ പ്രദേശങ്ങളിൽ പാട്ടത്തെ സംബന്ധിച്ചു ചില വ്യവസ്ഥകളുണ്ടായിരുന്നെങ്കിലും മുൻപുള്ള ഗവണ്മെന്റു് സാധാരണക്കാർക്കു് ആശ്വാസപ്രദമായ വലിയ മാറ്റങ്ങളൊന്നും വരുത്തിയിരുന്നില്ല. പാട്ടത്തെ സംബന്ധിച്ചോ സ്ഥിരാവകാശത്തെ സംബന്ധിച്ചോ ന്യായമായ മാറ്റങ്ങളൊന്നും വരുത്താൻ ശ്രദ്ധിച്ചിട്ടില്ല. പിന്നീടുവന്ന ഗവണ്മെന്റു് അന്നത്തെ നിയമത്തിലുണ്ടായിരുന്ന പല ആനുകൂല്യങ്ങളും സാധാരണക്കാരന്റെ, ചെറിയ കൃഷിക്കാ

LIBRARY ARCHIVES Kerala Legislative Assembly

രന്റെ, യഥാർത്ഥ കൃഷിക്കാരന്റെ പല ആനുകൂല്യങ്ങളും കുറവുചെയ്യാൻ ശ്രമിക്കുകയുണ്ടായിട്ടുണ്ട്. സർ, ഈ സമയത്തു് കാർഷികരംഗത്തു് സമൂലമായ മാറ്റം വരുത്തുകയെന്നുള്ളതു് നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കാര്യമാണു്. ഇന്നു് മറ്റു പല ജോലികളിലും ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാരും കച്ചവടക്കാരും അങ്ങനെ കൃഷിചെയ്യാൻ കഴിയാത്ത മറ്റു പലരും ഭൂമി വാങ്ങി ഇട്ടിട്ടുണ്ടു്. ആ ഭൂമിയിൽ യഥാർത്ഥത്തിൽ കൃഷിചെയ്യുന്ന ആളുകൾക്കു് അവകാശം നിഷേധിക്കുകയും യഥാർത്ഥത്തിൽ കൃഷിചെയ്യാത്തവരുടെ കൂടുതൽ ഭൂമി വാങ്ങിക്കുന്നതിനു് അനുവദിക്കുകയും ചെയ്യുന്നതു് ഈ രാജ്യത്തിന്റെ ഭാവിയെ അപകടപ്പെടുത്തും. ആ നിലയ്ക്കു് വളരെ അടിയന്തിരമായും നടപ്പിൽ വരുത്തേണ്ട ഒന്നുരണ്ടു കാര്യങ്ങളുണ്ടു്. ഒന്നു് പരിധിനിർണ്ണയം തന്നെയാണു്, എത്രവന്നാലും എല്ലാവർക്കും കൃഷിചെയ്യാൻ ആവശ്യമായ ഭൂമി കൊടുക്കാൻ കഴിയുമോയെന്നുള്ളതു് വേറെ ഒരു കാര്യമാണു്. പക്ഷെ, കൃഷിചെയ്യാൻ കഴിയാത്ത ആളുകൾ ഭൂമിയുടെ ഉടമസ്ഥന്മാരായിരിക്കുന്ന സംപ്രദായം ഉണ്ടായിരിക്കരുതു്. അതുകൊണ്ടു് പരിധി എത്ര കുറുക്കാൻ കഴിയുമോ അത്രയും നല്ലതാണു്. അടുത്തു കൃഷിയെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്ന ബുദ്ധിമുട്ടു് ഇവിടെ പലരും പറയുകയുണ്ടായി. അടുത്തുയുടെ കാര്യം പറയുകയാണെങ്കിൽ സ്വാഭാവികമായിട്ടും ആ ഭൂമിയുടെ ഉടമസ്ഥന്മാർക്കു് വളരെ ബുദ്ധിമുട്ടുണ്ടാകും. പക്ഷേ എന്റെ അറിവിൽപ്പെട്ടിടത്തോളം കവുങ്ങുകൃഷിമാത്രം ചെയ്യുന്ന പല സ്ഥലങ്ങളിലും വാഴ, തെങ്ങു്, കുരുമുളകു് എന്നിങ്ങനെയുള്ള മറ്റു പല കൃഷികളും ചെയ്യാൻ സാധിക്കും. അത്തരം ഭൂമിയിൽ മറ്റു കൃഷിയിറക്കാൻ വലിയ വിഷമമില്ല. ഏതായാലും അവർക്കു് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചു കാണിച്ചുകൊണ്ടു് സ്വന്തമായി ഭൂമിയില്ലായെങ്കിലും യഥാർത്ഥത്തിൽ കൃഷിചെയ്യുന്ന ആളുകൾക്കു് ആനുകൂല്യം കിട്ടാതെവരുത്തുന്നതു് ഭേദകരമാണെന്നു മാത്രമേ എനിക്കു പറയാനുള്ളൂ. അതുകൊണ്ടു് പരിധിയുടെ കാര്യത്തിൽ എത്ര കുറയ്ക്കാൻ കഴിയുമോ അത്രയും നല്ലതാണു്. കൃഷിചെയ്യാൻ കഴിയുന്നതിനേക്കാളും ഭൂമി ഒരാൾ കൈവശം വച്ചുകൊണ്ടിരിക്കുന്നതിൽ അർത്ഥമില്ല, ആ നിലയ്ക്കു് എത്രത്തോളം കുറുക്കാൻ കഴിയുമോ അത്രത്തോളം കുറുക്കണം. അതിനുള്ള പ്രതിബന്ധങ്ങളും എല്ലാം മനസ്സിലാക്കിക്കൊണ്ടുതന്നെയാണു് ഞാൻ ഇതു പറയുന്നതു്.

മറ്റൊന്നു് പാട്ടവും പാട്ടവ്യവസ്ഥയുമാണു്. പണിയൊന്നും ചെയ്യാത്ത ആളുകൾക്കു് അല്ലെങ്കിൽ മറ്റു പല ജോലികളിലും ഏർപ്പെട്ടിരിക്കുന്ന ആളുകൾക്കു് സ്ഥിരമായി പാട്ടം കിട്ടിക്കൊണ്ടിരിക്കുന്ന ഏർപ്പാടു് നിന്നില്ലെങ്കിൽ അതു് ഈ രാജ്യത്തിന്റെ പുരോഗതിക്കു് ആകെ ദോഷം ചെയ്യും. അതുകൊണ്ടു് പാട്ടം എത്രത്തോളം കുറയ്ക്കാൻ കഴിയുമോ അതു ചെയ്യണം. ഇന്നത്തെ ഭരണഘടനയും സ്വകാര്യസ്വത്തു് സംരക്ഷണവുമുള്ളപ്പോൾ തീരെ ഒന്നും കൊടുക്കുകയില്ലെന്നു പറഞ്ഞാൽ അതു നിലനിൽക്കുകയില്ല. എന്തായാലും കൃഷിചെയ്യാൻ കഴിയാത്ത ആളുകൾക്കു് മറ്റുള്ളവർ പണിയെടുത്തു് പാട്ടം കൊടുക്കണമെന്നുള്ള ഏർപ്പാടു് ഒരു നിലയിലും അനുവദിക്കരുതു്.

അതുപോലെതന്നെ കുടികിടപ്പുകാരന്റെ കാര്യവും. കുടിൽകെട്ടി താമസിക്കാൻ സൗകര്യംകൊടുത്തതിനു് പല കാരണങ്ങളും ഉണ്ടായിരിക്കാം. സ്വന്തംഭൂമി നോക്കാൻപോലും കഴിയാത്തയാളുകളാണു് മറ്റുള്ളവരെ കുടിൽവച്ചു താമസിക്കുവാൻ സ്വാതന്ത്ര്യം കൊടുത്തതു്. സ്വന്തമാണെന്നു് അവകാശപ്പെടുന്ന ഭൂമിയിൽ മേൽനോട്ടം ചെയ്യാനോ കൃഷിചെയ്യാനോ കഴിയാത്തയാളുകൾക്കു് ഇതുമൂലം ഉണ്ടാകുന്ന വൈഷമ്യങ്ങൾ വളരെയധികം പെരുപ്പിച്ചുകാണിക്കുന്നതിൽ അർത്ഥമില്ല. നേരെമറിച്ചു് കൃഷിചെയ്തുകൊണ്ടിരിക്കുന്ന ആളുകൾക്കു്, പരമ്പരാഗതമായി കൃഷിചെയ്തുകൊണ്ടിരിക്കുന്ന ആളുകൾക്കു് തന്നെ ഈ ഭൂമി സ്ഥിരമായി കിട്ടണമെന്നുള്ളതു് ഈ രാജ്യത്തെ കൃഷി വികസിപ്പിക്കാൻ, ക്ഷേത്യക്ഷാമം പരിഹരിക്കാൻ, രാജ്യത്തിന്റെ സമ്പത്തു് മറ്റു തുറകളിലേക്കു് വിനിയോഗിക്കാൻ അത്യാവശ്യ

LIBRARY ARCHIVES Kerala Legislative Assembly

മായിട്ടുള്ള സംഗതിയാണു്. പലവിധത്തിലും പണം സമ്പാദിച്ചു് ഭൂമിവാങ്ങി മറ്റുള്ളവരെക്കൊണ്ടു് കൃഷിചെയ്യിപ്പിച്ചു്, അവരെ ചൂഷണംചെയ്തു് സുഖിക്കുന്ന ഏർപ്പാടു് തടയേണ്ടതാണു്. വകുപ്പു വകുപ്പായുള്ള ചർച്ച വരുമ്പോൾ ഇതിനെ സംബന്ധിച്ച ചില കാര്യങ്ങൾ വ്യക്തമാക്കാമെന്നു് ഞാൻ വിചാരിക്കുകയാണു്.

അടുത്തതു് കൊച്ചിരാജ്യത്തുണ്ടായിരുന്ന മിച്ചവാരഭൂമിയുടെ കാര്യമാണു്. 12 കൊല്ലം കഴിഞ്ഞാൽ പൊളിച്ചെഴുത്തുന്നതിനുള്ള അവകാശമുണ്ടായിരുന്നു. എന്നാൽ ഈ നിയമത്തിൽ 12 വർഷമായിട്ടു് കൈവശം വച്ചുകൊണ്ടിരിക്കുന്ന മിച്ചവാരഭൂമി ആ മിച്ചവാരക്കാരനു് വിൽക്കാനുള്ള സ്വാതന്ത്ര്യമില്ല. മുമ്പുണ്ടായിരുന്ന ഈ അവകാശം മിച്ചവാരഭൂമിയുടെ ഉടമസ്ഥൻ മിച്ചവാരം കൊടുക്കുന്നു എന്നുള്ളതിന്റെ പേരിൽ വിൽക്കാനുള്ള അവകാശം നിഷേധിക്കാൻ പാടില്ല. അങ്ങനെയുള്ള ചില പോരായ്മകൾക്കു് പിന്നീടു് ചില ഭേദഗതികൾ കൊണ്ടുവരാമെന്നു് ഞാൻ വിചാരിക്കുകയാണു്. ഏതായാലും യഥാർത്ഥത്തിൽ കൃഷിചെയ്യുന്ന ആളുകളെ ഭൂമിയുടെ ഉടമസ്ഥന്മാരാക്കുന്നതും കിടക്കാൻ വീടില്ലാത്ത ആളുകൾക്കു് വീടുണ്ടാക്കിക്കൊടുക്കുന്നതുമായ വ്യവസ്ഥകൾ അടിയന്തിരമായി നടപ്പാക്കാൻ ശ്രമിക്കേണ്ടതു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരാവശ്യമാണു്. എടത്തരക്കാരന്റെ കാര്യം വിവാദപരമായിട്ടുള്ളതാണു്. 1957-ലും 58-ലും ചില ഭൂ ഉടമകൾ എടത്തരം ജന്മികളെന്നപേരിൽ നയിച്ച ഘോഷയാത്രകൾ നാം കണ്ടതാണു്. ചെറിയ ജന്മിമാർ ഉണ്ടായിരിക്കാം. പക്ഷെ, ഭൂരിപക്ഷം വരുന്ന മറ്റുള്ള ചില കുടികിടപ്പുകാരുടെയും കുടിയാന്മാരുടേയും സംരക്ഷണം ഉറപ്പു വരുത്തുമ്പോൾ ഇത്തരം ആളുകൾ ചില വിഷമങ്ങൾ സഹിക്കേണ്ടിവരും. ചെറുകിട ജന്മികളാണെങ്കിൽപോലും അവർ അതു സഹിക്കണം. പക്ഷെ, പ്രതിഫലം കൊടുക്കുമ്പോൾ തൊക്കെയായി നഷ്ടപരിഹാരം കൊടുക്കാനുള്ള സാധ്യതകൾ നോക്കേണ്ടതാണു്. അതു് ഗവണ്മെന്റിൽനിന്നുതന്നെ നേരിട്ടു കൊടുത്തതുകൊണ്ടു് അവർക്കു് തൊക്കെയായി പ്രതിഫലം കിട്ടാൻ കഴിഞ്ഞാൽ കൊള്ളാം. അതു് യഥാർത്ഥത്തിൽ അർഹിക്കുന്നവർക്കായിരിക്കുകയും വേണം.

സർ, ഈ രാജ്യത്തിന്റെ അഭിവൃദ്ധിയെ ബാധിക്കുന്ന അടിസ്ഥാനപരമായ ഒരു നിയമമെന്നുള്ള നിലയിൽ ഈ നിയമത്തെ ഞാൻ സ്വാഗതം ചെയ്യുകയും കഴിയുന്നതും വേഗം ഇതു പാസ്സാക്കണമെന്നു് അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ടു് അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ജോൺജേക്കബ്: സർ, ഇന്നു് ഈ ബില്ലു് പാസ്സാക്കാൻ മുൻകൈയെടുത്തു ഇന്നു് പ്രവർത്തിക്കുന്ന അഞ്ചുമന്ത്രിമാരിലെ പ്രധാന ഘടകമായ മാർക്സിസ്റ്റു് കമ്മ്യൂണിസ്റ്റു് പാർട്ടി ഈ നിയമം നടപ്പിലായാലും ഇല്ലെങ്കിലും അവരുടെ സംഘടിതശക്തി ഉപയോഗിച്ചു് നിയമമുണ്ടെങ്കിലും ഇല്ലെങ്കിലും ഭൂമി കൈവശപ്പെടുത്താൻ ആഹ്വാനം നൽകിയിരിക്കുന്ന ഒരു ഘട്ടത്തിലാണു് ഈ ബില്ലു് നാം ചർച്ച ചെയ്യുന്നതു്. ഭരിക്കുന്ന ഗവണ്മെന്റിലെ ഏറ്റവും പ്രധാനമായ പാർട്ടി അവരുടെ അഭിപ്രായമാണു് ഇന്നു് ഈ രാജ്യത്തു നടക്കുന്നതെന്ന അഹങ്കാരത്തോടുകൂടി പറയുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ആപാർട്ടി തന്നെ ഈ നിയമത്തിനതീതമായിട്ടു് എന്തും പ്രവർത്തിക്കാനായിട്ടു് ആഹ്വാനം നൽകിയിരിക്കുന്ന ഈ വേളയിൽ എന്തിനാണു് സർ, നമ്മൾ ഈ രാജ്യത്തിന്റെ പണം ചെലവാക്കി ഈ ബില്ലിനുവേണ്ടി ഇത്രയെല്ലാം സമയംകളയുന്നതു് എന്നു് ഞാൻ സംശയിക്കുകയാണു്. ആത്മാർത്ഥതയോടുകൂടിയാണു് ഈ ബില്ലു് നമ്മുടെ ബഹുമാനപ്പെട്ട റവന്യൂമന്ത്രി കൊണ്ടുവന്നിരിക്കുന്നതെങ്കിൽ തീർച്ചയായിട്ടും ഇങ്ങനെ നിയമത്തിനു് അതീതമായിട്ടു് പ്രവർത്തിക്കണമെന്നു് അണികളിൽ ആഹ്വാനം ചെയ്യുന്നതിനെതിരായിട്ടു് ഈ മന്ത്രിണിതന്നെ ഈ പ്രസ്താവന ഇറക്കേണ്ടതായിരുന്നു. അതൊന്നും ചെയ്യാതെ ചില ആളുകളുടെ കണ്ണിൽ മണ്ണിടാനാണു് നിങ്ങൾ ഇതു കൊണ്ടുവന്നിരിക്കുന്നതു്. നിങ്ങൾ ചെയ്യേണ്ടതു് എന്താണെന്നു് നിങ്ങൾക്കറിയാം, അതു നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യേണ്ടതുണ്ടെന്നാണ് ഈ മന്ത്രിതന്നെ പ്രസംഗിക്കുന്നതായിട്ട് ഞാൻ കേട്ടത്. സർ, നിയമം ഈ രാജ്യത്തു നടക്കണമെന്നും ഈ രാജ്യത്തെ ജനാധിപത്യ വിശ്വാസികളായ പല ആളുകളും ആഗ്രഹിക്കുന്നുണ്ട്. നല്ല നിയമങ്ങളും കൊണ്ടുവന്നും കൂടുതൽ ആളുകൾക്ക് പ്രത്യേകിച്ചും സാധാരണക്കാരും പാവപ്പെട്ടവരും അദ്ധ്വാനിക്കുന്നവരുമായ ജനങ്ങൾക്ക്, അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുവേണ്ടി ശ്രമിക്കണം. അതിനെ ആരെങ്കിലും എതിർക്കുകയാണെങ്കിൽ അത് ഈ ഭൂമിയിൽ താമസിക്കാതെ ഈ രാജ്യത്തു നടക്കുന്നതു് എന്താണെന്നറിയാതെ ജീവിക്കുന്ന ആളുകളുടെ വിഡ്ഢിത്തരമാണെന്നും, മൂഢത്വമാണെന്നും മാത്രമേ ഞാൻ പറയുന്നുള്ളൂ. നിയമങ്ങൾ നടപ്പിലാക്കട്ടെ, നല്ല നിയമങ്ങൾ നടപ്പിലാക്കി ജനങ്ങളെ സഹായിക്കട്ടെ, അതിനു് ഇവിടെ ആരും എതിരല്ല. പക്ഷെ, സംഘടിതശക്തിയുണ്ട്, കുറെ വാരികുന്തമുണ്ട്, കുറെ സേനയുണ്ട്, അതുകൊണ്ട് എന്തും ചെയ്യാമെന്ന അഹങ്കാരത്തിലാണു് ഒരു പാർട്ടി ഈ രാജ്യം ഭരിക്കാൻ ആഗ്രഹിക്കുന്നതെങ്കിൽ അതു കേരളത്തിലായാലും സമാധാനപ്രിയരും ജനാധിപത്യവിശ്വാസികളും അതിനെ നട്ടെല്ലോടുകൂടി സഹിച്ചുകൊണ്ടിരിക്കാൻ പോകുന്നില്ലെന്നു് ഈ ഗവണ്മെൻറിനെ അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണു്.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: മനോരമ, മാതൃഭൂമി തുടങ്ങിയ പത്രങ്ങളിൽ വാരികുന്തവും പിടിച്ചുകൊണ്ടുള്ള ഒരു ഫോട്ടോയുണ്ടു്. ആ ഘോഷയാത്ര അങ്ങയുടെ നേതൃത്വത്തിലാണു് നടത്തപ്പെട്ടതെന്നും കേൾക്കുന്നുണ്ടു്. അവർക്കും ബാധകമല്ലേ ഈ വാചകം ?

ശ്രീ. ഈ. ജോൺജേക്കബ്: വാരികുന്തമല്ല, കുറുവടിയാണെടുത്തതു് വാരികുന്തമെടുത്താൽ.....

ഡെപ്യൂട്ടി സ്പീക്കർ: അതിനെപ്പറ്റിയൊന്നും പറയേണ്ട.

ശ്രീ. ഈ. ജോൺജേക്കബ് : സർ, ഒരു ഭരണിയമം നടപ്പാക്കുമ്പോൾ കുറെ നീതിയും ന്യായവുമൊക്കെ പാലിക്കേണ്ടതാവശ്യമാണു്. വിവേചനാപരമായി ഏതെങ്കിലും ഒരു വർഗ്ഗത്തെ മാത്രം നശിപ്പിക്കത്തക്ക രീതിയിൽ, അവർക്കു് മറ്റു പൗരന്മാരെപ്പോലെ കിട്ടേണ്ട അവകാശങ്ങൾ സ്ഥാപിച്ചു കിട്ടാനുള്ള അർഹതയില്ലാതാക്കുന്ന ഏതു നിയമവും തീർച്ചയായിട്ടും തെറ്റാണു്. ഇന്നു ഈ സഭയുടെ മുമ്പിൽ കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിലും ഇതിനുമുൻപു് കൊണ്ടുവന്നിട്ടുള്ള ബില്ലിലും ഈ രാജ്യത്തു് ഏറ്റവും കൂടുതൽ അദ്ധ്വാനിക്കുന്ന വിഭാഗത്തിൻ് മാനമായി ജീവിക്കാനുള്ള അവകാശങ്ങളെ ധ്വംസിച്ചിട്ടുണ്ടു് എന്നു പറയാതിരിക്കാൻ കൃഷിക്കാരനായ എനിക്കു നിവൃത്തിയില്ല. ഈ നിയമസഭയിലുള്ള ഏതു പാർട്ടിയിൽ പെട്ടവരായാലും ശരി ഒന്നുകിൽ വക്കീലന്മാർ, അല്ലെങ്കിൽ കുറെ അദ്ധ്യാപകന്മാർ അല്ലെങ്കിൽ രാഷ്ട്രീയം മാത്രം ഉപജീവനമാർഗ്ഗമായി എടുത്തിട്ടുള്ള കുറെ ആളുകളും ഇവരാണു് ഇന്നു് നിയമങ്ങൾ നടപ്പാക്കുന്നതു്. അതിനു് ഒരു മാറ്റം വരുത്താൻ ഈ പാവപ്പെട്ട കൃഷിക്കാരനെക്കൊണ്ടു സാധിച്ചില്ലെങ്കിൽ ഇതൊക്കെ അവൻ അനുഭവിക്കേണ്ടിവരും. അതിനു് യാതൊരു തർക്കവുമില്ല. അനുഭവിക്കുകതന്നെ ചെയ്യും. അതു പോകട്ടെ.

ശ്രീ. ആർ. എസ്സ്. ഉണ്ണി: അപ്പോൾ ഈ രാജ്യത്തെ അദ്ധ്യാപകരുടെജോലിയും വക്കീലന്മാരുടെ ജോലിയുംരാഷ്ട്രീയവുമൊക്കെ നിർത്തിവയ്ക്കണമെന്നാണോ അഭിപ്രായം ?

[Mr. Speaker in the Chair]

ശ്രീ. ഇ. ജോൺജേക്കബ് : ഒരുകാലത്തും ഞാൻ അതു പറയുകയില്ല. പക്ഷേ ഈ രാജ്യത്തെ ധനവിഭവങ്ങൾക്കുവേണ്ടി ഏറ്റവും കൂടുതൽ അദ്ധ്വാനിക്കുന്ന കൃഷിക്കാരനു്, ഈ രാജ്യത്തിന്റെ നട്ടെല്ലു് എന്നു് എല്ലാ രാഷ്ട്രീയപാർട്ടികളും

LIBRARY ARCHIVES Kerala Legislative Assembly

ഉൽഘോഷിക്കുന്ന കർഷകനുവേണ്ടി പറയാൻ ഈ ചുറുപാടിലും ഇരിക്കുന്ന ബഹു മാനപ്പെട്ട മെമ്പർമാരിൽ എത്രപേരുണ്ട് എന്നു ഞാൻ അങ്ങോട്ടു ചോദിക്കുകയാണു്. അതുപോകട്ടെ. സർ, ഭൂനിയമം ഈ രാജ്യത്താവശ്യമാണു്. ഭൂടമകളുടെ പരിധി നിർണ്ണയിക്കേണ്ടതാവശ്യമാണെങ്കിൽ തീർച്ചയായിട്ടും വേറെ തൊഴിലു കംചെയ്യുന്ന ആളുകളുടെയും ആദായത്തിന്റെ പരിധി നിശ്ചയിക്കേണ്ടതു് ന്യായം മാത്രമാണു്. ഒരു ഗ്രഹപ്പിഴക്കാരൻ കുറെ ഭൂമിയുടെ ഉടമസ്ഥനായിപ്പോയി എന്നു വച്ചു് ഈ രാജ്യത്തെ തീറെടുപ്പോറാനും ഈ രാജ്യത്തിനു് വിദേശങ്ങൾ കിട്ടുന്നതിനും വേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന അവനെമാത്രം ആയുധമാക്കി സോഷ്യലിസം നടപ്പിലാക്കാൻ ശ്രമിക്കുന്ന ഗവണ്മെന്റാണു് ഇൻഡ്യയെയാട്ടാകെയുള്ളതു്. ഇതു് സഹിച്ചേ തീരുകയുള്ളു എന്നായിരിക്കും. അതു സഹിക്കാൻ തയ്യാറാണു്, നിയമം നടപ്പാകട്ടെ, നടപ്പാക്കട്ടെ. അതു ന്യായമായിട്ടും നീതിയായിട്ടും അല്ലെങ്കിൽ അതു പറയാനുള്ള അവകാശം കൃഷിക്കാരനു് ഉണ്ടു്. ഈ നിയമം നടപ്പാക്കുമ്പോഴും നാം കാണേണ്ട ഒന്നുരണ്ടു സംഗതികളുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. ഒന്നാമത്തേതായി ട്ടുള്ളതു് നാചുറൽ ജസ്റ്റീസു്. ഒരു മനുഷ്യൻ അദ്ധ്വാനിച്ചു് ആ അദ്ധ്വാനത്തിൽ നിന്നുകിട്ടുന്ന മിച്ചം മുഴുവനും അവൻ ഭൂമിയിൽ സ്ഥാപിച്ചു് ആ ഭൂമിയിൽനിന്നു കിട്ടുന്ന ആദായംകൊണ്ടു് നല്ലനിലയിൽ ജീവിക്കണമെന്നു വിചാരിക്കുകയാണെങ്കിൽ അയാൾക്കു് നിർഭാഗ്യവശാൽ ഈ രാജ്യത്തു് ജീവിക്കാൻ നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതിയാണു് ഇന്നുള്ളതു്. ഈ ലോകത്തിലുള്ള ഭൂമിക്കു ഒരു പരിധിയുണ്ടു് വെള്ളവും വായുവും പോലെ ഭൂമിയും പൊതുസ്വത്താണു് എന്നുള്ള ഒരു സമീപനമാണു് സ്വീകരിക്കുന്നതെങ്കിൽ ഞാൻ അതിനെ ഒരു കാലത്തും എതിർക്കുകയില്ല. ഭൂമി പൊതു സ്വത്തായി രാഷ്ട്രത്തിന്റെസ്വത്തായി പ്രഖ്യാപിച്ചുകൊണ്ടു, വായുവും വെള്ളവും നമുക്കു ഫ്രീ ആയിട്ടു കിട്ടുന്നതുപോലെ ഭൂമിയും കിട്ടാനുള്ള നിയമമാണു് ഉണ്ടാക്കുന്നതെങ്കിൽ കൃഷിക്കാരനായ ഞാൻ അതിൽ പ്രതിഷേധിക്കുകയില്ല. ഒരു പാവപ്പെട്ട കൃഷിക്കാരൻ അഭിമാനമായി ജീവിക്കണമെന്നു കരുതി വെയിലും മഴയും വരൾച്ചയും വെള്ളപ്പൊക്കവും എല്ലാം സഹിച്ചു പ്രകൃതിയോടു മല്ലിട്ടു, ആദായമുണ്ടാക്കുന്ന ഭൂമി പിടിച്ചു പറിച്ചു് കുറെ ആളുകൾക്കു് വിതരണം ചെയ്താൽ അതു ന്യായമാണെന്നു ഞാൻ പറയുകയില്ല. ഭൂനിയമം ഉണ്ടാക്കുമ്പോഴും യഥാർത്ഥ കൃഷിക്കാരൻ തന്നെയായിരിക്കണം ആ ഭൂമിയുടെ ഉടമസ്ഥൻ എന്നുള്ള തത്വം അംഗീകരിക്കാൻ ഞാൻ തയ്യാറാണു്. യഥാർത്ഥ കൃഷിക്കാരൻ ആരാണെന്നു പറയുമ്പോഴും എന്റെ സ്നേഹിതന്മാർ അതൊരു തർക്ക വിഷയമായിട്ടാണെടുത്തിരിക്കുന്നതു്. ഒരു ഫാക്ടറിയിലെ തൊഴിലാളി എട്ടോ ആറോ മണിക്കൂർ ജോലിചെയ്തു് ശമ്പളവും വാങ്ങി സുഖമായി കഴിയുകയാണെങ്കിൽ അങ്ങേപ്പുറത്തിരിക്കുന്നവരാരുംതന്നെ അയാളും ഒരു വ്യവസായിയാണെന്നു പറയാറില്ല. ഒരു കർഷകതൊഴിലാളി ഭൂമിയിൽ പരിശ്രമിച്ചു് ന്യായമായ വേതനവുംവാങ്ങി സുഖമായി ജീവിക്കുകയാണെങ്കിൽ എന്റെ സ്നേഹിതന്മാരുടെ വ്യാഖ്യാനമനുസരിച്ചു് അയാളും കർഷകനാണു്. സർ, ഈ വ്യത്യാസം എനിക്കു മനസ്സിലാകുന്നില്ല. അതുപോലെതന്നെ ഒരു ആശാരിയോ കല്പണിയോ നല്ല കൂലി വാങ്ങിക്കൊണ്ടു് വേറെ ആർക്കെങ്കിലും ഒരു കെട്ടിടം പണിതു കഴിഞ്ഞാൽ, അതിനുവേണ്ടി കാത്തുമുടക്കിയിട്ടുള്ള അതിന്റെ ഉടമസ്ഥനല്ല അതിന്റെ യഥാർത്ഥ ഉടമസ്ഥൻ, നേരേമറിച്ചു ആ കല്പണിയും ആശാരിയുമാണു് യഥാർത്ഥ ഉടമസ്ഥനെന്നു പറഞ്ഞാൽ എന്താണു് സർ, അതിന്റെ ന്യായം? ഇതുപോലെയേ ഉള്ളു കർഷകത്തൊഴിലാളി കർഷകനാണെന്നു പറയുന്നതു്. സർ, ഈ ഭൂനിയമത്തിൽ കുട്ടനാട്ടിലെ പ്രത്യേക പരിതഃസ്ഥിതി കണക്കിലെടുക്കാതെ എല്ലാ സ്ഥലങ്ങളെയും പോലെ കുട്ടനാട്ടിനെയും കണക്കാക്കിയതു നിർഭാഗ്യകരമാണു്. കുട്ടനാടു് എന്നു പറയുന്ന പ്രദേശം ഒരു നൂറു വർഷങ്ങൾക്കുമുൻപു് എന്തായിരുന്നു എന്നുള്ളതു് തീർച്ചയായിട്ടും കുട്ടനാട്ടിന്റെ ചരിത്രം അറിയാവുന്ന ഈ സഭയിലുള്ള പുതുക്കും ചിലർക്കെങ്കിലുമറിയാം.

ശ്രീ. ജോസഫ് ചാഴിക്കാടൻ: അവിടെ മുതല ഉണ്ടായിരുന്ന അല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺജേക്കബ്ബ് : മുതലയും ചീങ്കണ്ണിയും എല്ലാം ഉണ്ടായിരുന്നു. പാഴിയും ഉണ്ടായിരുന്നു. ആ വിശാലമായ ജലനിരപ്പിന്റെ അടിയിൽകിടന്ന ഭൂമി കുത്തിപ്പൊക്കിയെടുത്തു് പാരമ്പര്യമായി ഭൂമിയില്ലാതെവന്ന അവസരത്തിൽ അവിടെ കുടിയേറിപ്പാർത്തു. അതിനുശേഷം ആ കർഷകർ അവിടെ ഏറവും പററിയ കൃഷി തെങ്ങാണെന്നുകണ്ടു് തെങ്ങും അവിടെ കൃഷിചെയ്തു.

ശ്രീ. ജോസഫ് ചാഴിക്കാടൻ : അവിടെയൊക്കെ ഭൂമി പൊക്കിയെടുക്കാൻ സാധിക്കുമോ?

ശ്രീ. ഇ. ജോൺജേക്കബ്ബ് : എന്റെ പാർട്ടിയിൽപ്പെട്ട കാരണവരോടു് പൊക്കാവുന്നതും പൊങ്ങുന്നതും എന്താണെന്നൊന്നും ഞാൻ പറയുന്നില്ല. അങ്ങനെ കഠിനാദ്ധ്വാനംചെയ്തു് വളരെ പണം ചെലവാക്കി ഭൂമിപൊക്കിയെടുത്തു് നല്ല സ്ഥലങ്ങളുണ്ടാക്കി തെങ്ങു കൃഷിചെയ്തു. അങ്ങനെയുള്ള സ്ഥലങ്ങളിൽ താമസിച്ചിരുന്ന കുടുംബങ്ങളും വർദ്ധിച്ചപ്പോഴും അവക്കു തൊഴിൽ സഹകര്യത്തിനുവേണ്ടിയാണു് അവിടെ താമസിച്ചിരുന്ന ആളുകളും പുരവസ്തുൻ അനുവദിച്ചു. അതിന്റെ ഫലമായി ഇന്നു് ഈ ഭൂനയബിൽ വരുന്നതുകൊണ്ടു് എന്തു പ്രയോജനമാണുള്ളതു്, തീർച്ചയായിട്ടും ബഹുമാനപ്പെട്ട റവന്യൂമന്ത്രിക്കുതന്നെയറിയാം കുട്ടനാട്ടിലെ നികന്ന സ്ഥലങ്ങളും വളരെ പരിമിതമാണെന്നു്. ആ പരിമിതമായ സ്ഥലത്തുമാത്രമേ ആളുകൾക്കു ജീവിക്കാൻ നിവൃത്തിയുള്ളു, താമസിക്കാൻ നിവൃത്തിയുള്ളു. അങ്ങനെ താമസസൗകര്യം ഉണ്ടാക്കിയിട്ടു് ബാക്കിയുള്ള അഞ്ചാറു് ഏക്കർ നിലങ്ങളാക്കി, ആ നിലത്തിൽ കൃഷിചെയ്തു് ജീവിക്കുന്ന ആളുകളാണു് അവിടെത്ത സാധാരണ കൃഷിക്കാർ.

ഇപ്പോഴും വെറും പത്തോ ഇരുപത്തഞ്ചോ സെന്റു് മാത്രമേ കാണുകയുള്ളു. എന്നാൽ സ്നേഹിതർ എന്നു കരുതിയ കർഷകത്തൊഴിലാളികൾക്കു് അവർ താമസിക്കുന്ന 25 സെന്റു് പുരയിടത്തിൽതന്നെ കുടികിടപ്പു കൊടുക്കുന്നു. ഈ നികന്ന 25 സെന്ററിൽ രണ്ടും മൂന്നും കെട്ടിടങ്ങളും ഈ കർഷകന്റെ വീട്ടുകാരുതെ അവിടെ ഉണ്ടു്. ഇന്നു ഈ നിയമം നടപ്പിലാക്കുകയാണെങ്കിൽ എന്താണു് ആ കർഷകനു് വന്നു ഭവിക്കുവാൻ പോകുന്നതെന്നു മനസ്സിലാകും. നാലു ഏക്കർ നിലമുണ്ടു് അതു് വെള്ളത്തിനടിയിലാണു്, 25 സെന്റു് മാത്രമേ താമസിക്കുവാൻ കൊള്ളാവുന്ന പുരയിടമായിട്ടുള്ളു. അതിൽ മൂന്നു കുടികിടപ്പുകാർ ഉണ്ടെങ്കിൽ ആ 25 സെന്റും കുടികിടപ്പുകാരനു പോകും. പിന്നെ ഈ ഉടമസ്ഥനു താമസിക്കുവാൻ സ്വന്തമായിട്ടു് പത്തു് സെന്റു പോലുമില്ലാതെ ഇറങ്ങിപ്പോകേണ്ടുന്ന ഒരവസ്ഥയാണു് ഈ നിയമം നടപ്പിലാക്കിയാൽ ഉണ്ടാകാൻ പോകുന്നതു്. സർ, ഇതു് ന്യായമാണോ? ന്യായമാണെന്നു് ഈ സഭയിൽ മനസാക്ഷിയുള്ളവരാരും പറയുമെന്നു വിചാരിക്കുന്നില്ല. ഇതേപ്പററി ബോദ്ധ്യമുള്ള ഇവിടത്തെ ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഈ സംഗതി മനസ്സിലാക്കിവേണ്ടിയിരുന്നു ഈ നിയമമുണ്ടാക്കാൻ. അതിൻ പരിഹാരം കാണേണ്ട ചുമതല തീർച്ചയായിട്ടും ഈ റവന്യൂമന്ത്രിക്കുണ്ടായിരുന്നു. പക്ഷേ റവന്യൂമന്ത്രിക്കു് ബോദ്ധ്യമുള്ള സംഗതികളല്ല നടക്കുന്നതു് പാർട്ടിയുടെ പരിപാടിയാണു്. നടക്കട്ടെ, പക്ഷേ ഇതുകൊണ്ടു് വരാൻപോകുന്നതു് എന്താണു്.....

ശ്രീമതി കെ. ആർ. ഗൗരി : ബോദ്ധ്യമില്ലാത്ത പാർട്ടിയിൽ ഞാൻ നിൽക്കുകയില്ല.

ശ്രീ. ഇ. ജോൺ ജേക്കബ്ബ് : ബഹുമാനപ്പെട്ട റവന്യൂമന്ത്രിയെ വ്യക്തിയെന്ന നിലയിൽ എനിക്കു് പരിചയമുണ്ടു്, പാർട്ടിയടിസ്ഥാനത്തിലും എനിക്കു് പരിചയമുണ്ടു്.....

ഡെ. സ്പീക്കർ : ഇവിടെ മന്ത്രിയെന്ന നിലയിൽ പരിചയം മതി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺ ജേക്കബ്ബ് : തീർച്ചയായിട്ടും ഈ ഭൂവുടമയ്ക്ക് അവൻ താമസിക്കുന്ന ആ പരിമിതമായ ഉയർന്ന സ്ഥലത്തു്, ഈ കുടികിടപ്പുകാരന്റെ അവകാശമെങ്കിലും—കുടികിടപ്പുകാരനു് ഈ നിയമമനുസരിച്ചു് നിശ്ചയിച്ചിരിക്കുന്ന പത്തു് സെന്റു് എങ്കിലും കൊടുക്കുവാൻ ഉള്ള വ്യവസ്ഥ ഈ നിയമത്തിൽ കൊണ്ടുവരണമെന്നു് ഞാൻ ഈ സഭ്ക്കാരിനോടു് അഭ്യർത്ഥിക്കുകയാണു്.

അതുപോലെതന്നെ കുട്ടനാട്ടിലെ കൃഷിസമ്പ്രദായം—പുറവരമ്പു് ഉറപ്പിച്ചു് അഞ്ചടി മുതൽ പത്തടി വരെ താഴ്ചയുള്ള നിലങ്ങളിൽ വെള്ളം വറ്റിച്ചു് ആ താഴ്ന്ന നിലങ്ങളിലാണു് കൃഷിയിറക്കാറുള്ളതു്. ആ പുറവരമ്പു് ബലമായിട്ടു് സംരക്ഷിച്ചില്ലെങ്കിൽ തീർച്ചയായിട്ടും കുട്ടനാട്ടിലെ കൃഷി നടത്തുവാൻ സാദ്ധ്യമല്ല. എന്നാൽ കുട്ടനാട്ടിൽ പല സ്ഥലങ്ങളിലും കുറെ ആളുകൾ—കൃഷിക്കാരന്റെ ഔദാര്യബുദ്ധികൊണ്ടു മാത്രമല്ലെന്നു ഞാൻ സമ്മതിക്കുന്നു. ആ പുറവരമ്പിൽ കാവലിനുവേണ്ടി താമസിക്കുന്നുണ്ടു്, എന്നാൽ ഓരോ കുടികിടപ്പുകാരനും പത്തു സെന്റു് വീതം കൊടുക്കണമെന്നു ഈ നിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ചു് നടപ്പാക്കുകയാണെങ്കിൽ ഈ പുറവരമ്പുമുഴുവൻ ഈ താമസിക്കുന്ന കുടികിടപ്പുകാരന്റെതായിത്തീരും. അങ്ങനെ ആയിത്തീർന്നാൽ ആ പുറവരമ്പു സംരക്ഷിക്കേണ്ട ചുമതല കൃഷിക്കാരന്റെതല്ലാതായിത്തീരും. കൃഷിക്കാരനെ അവിടെ പ്രവേശിക്കാൻ അനുവദിക്കുകയില്ല. അപ്പോൾ എങ്ങനെയാണു് കുട്ടനാട്ടിലെ കൃഷി നടക്കുവാൻ പോകുന്നതു്. എങ്ങനെയാണു് കുട്ടനാട്ടിലെ പുറവരമ്പു് സംരക്ഷിക്കുന്നതു്. ഇതു മനസ്സിലാക്കിയിട്ടാണോ ഇങ്ങനെയുള്ള നിയമം കൊണ്ടുവന്നിരിക്കുന്നതെന്നു് ഞാൻ ഈ സഭ്ക്കാരിനോടു് ചോദിക്കുകയാണു്.

ഞാൻ ഇതൊക്കെ പറയുമ്പോൾ ഞാൻ കുടികിടപ്പുകാരനു് എതിരായിട്ടു് ആണു് ഇവിടെ സംസാരിച്ചതു് എന്നു് പറയും. തീർച്ചയായിട്ടും രാഷ്ട്രീയമായി മുതലെടുക്കുന്നതിനു് കുറെയൊക്കെ ശ്രമിച്ചേക്കാം. സർ, കുടികിടപ്പുകാരനെന്നു പറയുന്ന ആ വ്യക്തി ഈ രാജ്യത്തെ പൗരനാണു്; ഈ രാജ്യത്തു എല്ലാ അവകാശങ്ങളും അയാൾക്കു ഉണ്ടായിരിക്കും. താമസിക്കുവാനുള്ള സൗകര്യം അയാൾക്കുണ്ടായിരിക്കണമെന്നുള്ള കാര്യത്തിൽ എനിക്കു് യാതൊരു സംശയവുമില്ല. അതിനെ ഞാൻ എതിർക്കുന്നില്ല. അതു് ഉണ്ടാക്കിക്കൊടുക്കേണ്ട ചുമതല ഈ പാവപ്പെട്ട കൃഷിക്കാരന്റെ തലയിൽ മാത്രം വച്ചുകെട്ടുന്നതു് ന്യായമല്ലെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. അവനു് പത്തു് സെന്റോ, ഇരുപതു സെന്റോ, ഒരേക്കറോ കൊടുക്കട്ടെ, അതു് ഈ സ്റ്റേറ്റിൽനിന്നും കൊടുക്കട്ടെ. സ്റ്റേറ്റിന്റെ ഖജനാവിൽനിന്നും കൊടുക്കട്ടെ. എല്ലാജനങ്ങളും ഒരുപോലെ കാൺട്രിബ്യൂഷൻ നൽകുന്ന ആ ഖജനാവിൽനിന്നും കൊടുക്കേണ്ടതാണു്. അല്ലാതെ ഒരു വിഭാഗത്തെ മാത്രം ബുദ്ധിമുട്ടിക്കുന്നതു് ശരിയല്ല. ആ വിഭാഗം സംഘടിതരല്ല. രാഷ്ട്രീയ പാർട്ടികളിൽ അവർക്കു് സ്ഥാനമില്ല. അതുകൊണ്ടു് എല്ലാം അവന്റെ തലയിൽ കെട്ടിവയ്ക്കാമെന്നു വിചാരിക്കുന്നതു ന്യായമല്ലെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. സർ, ഭൂനിയമം നടപ്പാക്കുമ്പോൾ പ്രത്യേകിച്ചു കേരളത്തെപോലെയുള്ള കമ്മി സംസ്ഥാനങ്ങളിൽ ഏറ്റവും മുൻഗണന കൊടുത്തു പരിഗണിക്കേണ്ടതു് ഇവിടത്തെ ഉല്പാദനമാണു്. ഉല്പാദനത്തെ എങ്ങനെ ബാധിക്കുമെന്നുള്ളതു് തീർച്ചയായിട്ടും ഭൂനിയമങ്ങൾ നടപ്പിലാക്കുമ്പോൾ കണക്കിലെടുക്കേണ്ട പ്രധാന വിഷയമാണു്. ഭൂമി തുണ്ടു തുണ്ടായി തീർന്നാൽ ആദായം കുറയുമെന്നു പൊതുവായി പറഞ്ഞാൽ അതിനോടു് ഞാൻ യോജിക്കുന്നില്ല; ഒരു കൃഷിക്കാരനു മുഴുവൻ സമയവും കൃഷിഭൂമിയിൽ പ്രയത്നിച്ചു് ന്യായമായ രീതിയിൽ ജീവിക്കുവാൻ സൗകര്യമുള്ള തുണ്ടു തുണ്ടുകളായിട്ടു് ഭൂമി വിഭജിക്കുകയാണെങ്കിൽ യാതൊരു കുഴപ്പവും ഉല്പാദനത്തിൽ വരികയില്ല. പക്ഷേ, ഈ രാജ്യത്തു് നമ്മൾ ഇന്നു് കാണുന്നതു് എന്താണു്? 20 സെന്റുകാരനും, 30 സെന്റുകാരനും, 50 സെന്റുകാരനും, ഒരേക്കറുകാരനും ഉണ്ടു്. ഒരേക്കർ ഭൂമിയുള്ള ഒരു മനുഷ്യനു് ആ ഭൂമിയിൽ മാത്രം പ്രയത്നിച്ചു് ആ ഭൂമിയിൽ നിന്നുമാത്രം കിട്ടുന്ന ആദായംകൊണ്ടു ജീവിക്കുവാൻ സാദ്ധ്യമല്ല, അതുകൊണ്ടു് അര ഏക്കർ എന്നു പറയുന്നതു് ഒരു ചെറിയ ഹോബി അല്ലെങ്കിൽ ഒരു ചെറിയ ആദായ

മാത്രം മാത്രമാണു്. കുറച്ചു ഭൂമിയുണ്ടെന്നു പറയുന്നതു് ഒരു അഭിമാനമാണു്. മിച്ചം വരുന്ന പണം വേറെ ഒന്നിലും സ്ഥാപിക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ ഭൂമിയിൽ കൊണ്ടു സ്ഥാപിക്കുന്നു. പാവപ്പെട്ട അവന്റെ പ്രധാന തൊഴിൽ വേറെയാണു്. ആഫീസിൽ പോകുന്നതിനു മുമ്പു് അടുത്ത കണ്ടത്തിൽ ചെന്നു് അതു് ചെയ്യണം, ഇതു ചെയ്യണം എന്നു പറഞ്ഞിട്ടു് ആഫീസിൽ പോകും. തിരിച്ചു് നാലു മണിക്കു് വന്നു് അതു ചെയ്തോ ഇതു ചെയ്തോ എന്നു അന്വേഷിച്ചാലുമായി ഇല്ലെങ്കിലുമായി, ഇതാണു് ഇവിടത്തെ കൃഷിക്കാരൻ. അവന്റെ സ്വന്തമായ നിലത്തിൽ മാത്രം പണി ചെയ്തു വന്നാൽ അവന്റെ കുഞ്ഞിനു വിദ്യാഭ്യാസം നൽകുവാൻപോലും സാദ്ധ്യമല്ലെന്നു കണ്ടതുകൊണ്ടാണു് മറ്റു പണിക്കു് പോകുന്നതു്. ഇതു് ഈ സംസ്ഥാനത്തെ ഉല്പാദനത്തെ കാര്യമായി ബാധിക്കുമെന്നുള്ളതു് ഒരു സത്യമാണു്. ഈ ഭൂനിയമം കൊണ്ടു് തീർച്ചയായിട്ടും അതിനൊരു പരിഹാരം കാണണ്ടതാണു്. ഈ രാജ്യത്തെ ഉല്പാദനം വർദ്ധിപ്പിക്കണമെന്നു് ഈ സർക്കാർ ആഗ്രഹിച്ചിരുന്നുവെങ്കിൽ തീർച്ചയായിട്ടും അതുംകൂടി ചേർത്തുപോയേനെ. പക്ഷേ ഹോൾഡിംഗ്സ് വെട്ടിക്കുറച്ചു എന്നു പറഞ്ഞാൽ ചെറിയ ചെറിയ തുണ്ടുഭൂമികളായിട്ടു് കൃഷിചെയ്യുന്ന ഒരു കുടുംബത്തിനു് ജീവിക്കാനുള്ള ആദായം കിട്ടത്തക്ക വിധത്തിൽ ഉള്ള ഭൂമിയാക്കണം. അതായതു് Consolidation of holdings എന്നുംകൂടി ഇതിനകത്തു കൊണ്ടുവന്നിരിക്കുന്നതിനു് പോരായ്കയില്ല. അതു പിന്തിരിപ്പനല്ല. അതുകൊണ്ടു് നമ്മുടെ ഭരിക്കുന്ന പാർട്ടി രാഷ്ട്രീയമായ ലാക്കുംകൂടി കണക്കിലെടുത്തു കുറെയൊക്കെ എഴുതിവച്ചിട്ടുണ്ടു്.

ശ്രീ. എം. കെ. ദിവാകരൻ : ഒരു കുടുംബത്തിൽ ജീവിക്കുവാൻ എത്ര ഭൂമി വേണമെന്നാണു് അഭിപ്രായം ?

ശ്രീ. ഇ. ജോൺ ജേക്കബ്ബ് : എന്റെ വ്യക്തിപരമായ അഭിപ്രായം പറയുകയാണെങ്കിൽ ഏറ്റവും കൂടിയ ആദായം ഒരു മാസം 3,000 രൂപയും ഏറ്റവും കുറഞ്ഞ ആദായം 300 രൂപയെങ്കിലും ആക്കാനുള്ള പരിപാടികൾ നടപ്പാക്കണമെന്നാണു്. അതിനുവേണ്ടി പ്രയത്നിക്കാനോ ആലോചിക്കാനോ നടപടി എടുക്കാനോ നിർഭാഗ്യവശാൽ നമ്മുടെ ഗവണ്മെന്റുകൾക്കൊന്നും സാദ്ധ്യമല്ല. പിന്നെ ഇക്കാര്യത്തെപ്പറ്റി പറയുകയും വേണ്ട അതിനെക്കുറിച്ചു് ഞാൻ ചിന്തിക്കുന്നില്ല. അങ്ങനെ വരുമ്പോൾ ഒരു കൃഷിക്കാരനു് അങ്ങയ്യാരം വരാവുന്ന 3000 രൂപ മാസം ലഭിക്കത്തക്ക വിധത്തിൽ കൃഷിചെയ്യുവാനുള്ള അവകാശം കൃഷിക്കാരനു് ഉണ്ടാകേണ്ടതാണു്. നിർഭാഗ്യവശാൽ ഈ ഗവണ്മെന്റോ ഇതിനുമുമ്പു് ഇവിടെയുണ്ടായിരുന്ന കോൺഗ്രസ് ഗവണ്മെന്റോ ഒന്നും ആ രീതിയിൽ അല്ല ചിന്തിക്കുന്നതു് എന്നു എനിക്കറിയാം.

ശ്രീ. എം. കെ. ദിവാകരൻ : രൂപയുടെ കണക്കു പറഞ്ഞല്ലോ, എത്ര ഏക്കർ ഭൂമി വേണമെന്ന അഭിപ്രായം പറഞ്ഞില്ല.

ശ്രീ. ഇ. ജോൺ ജേക്കബ്ബ് : ഏക്കറിൽനിന്നുള്ള ആദായം പല സ്ഥലത്തും പലതായിരിക്കും. ആദായത്തിന്റെ അടിസ്ഥാനത്തിൽ ഈ തത്വത്തിൽ ആദായം കിട്ടത്തക്ക വിധത്തിൽ ഭൂമി വേണമെന്നാണു് ഞാൻ പറയുന്നതു്. ഏക്കർ ഇത്ര വേണമെന്നു പറയാൻ നിവൃത്തിയില്ല. നല്ല തെങ്ങുവച്ചു് നല്ലപോലെ ദേഹണ്ഡിച്ചു് ആദായമെടുത്തുകൊണ്ടിരിക്കുന്നതിൽനിന്നു് കുടികിടപ്പുകാരനു് 10 സെന്റു വീതം കൊടുത്താൽ അവൻ എന്തു ചെയ്യും ? അവൻ തെങ്ങിന്റെ മൂട്ടിനു ഒന്നും ചെയ്യുകയില്ല; വിളയുന്നതിനുമുമ്പു് കരിക്കു് അങ്ങു് എടുക്കും. നേരേമറിച്ചു് അവനു് താമസിക്കാനുള്ള സൗകര്യം ചെയ്തുകൊടുത്തിരിക്കുകയാണു്. സുഖമായി ജീവിക്കാനും അവന്റെ കുടുംബത്തിനു നല്ല നിലയിൽ നല്ല വീട്ടിൽ താമസിക്കാനുമുള്ള സകല അവകാശങ്ങളും അവനു കൊടുത്തു് അവനെ ഒഴിപ്പിക്കാതെയിരിക്കുകയാണു്. അവനു് ഭൂമിയുമായി യാതൊരു ബന്ധവുമില്ല എന്നുള്ളതുകൂടി കണക്കിലെടുത്തു് ചിന്തിക്കുമ്പോൾ, 10 സെന്റു് കൊടുക്കുന്നതു ന്യായമല്ലെന്നു പറയാതിരിക്കാൻ, എനിക്കു നിവൃത്തിയില്ല. പത്തല്ല, ഇരുപതു സെന്റു വീതം കൊടുക്കണമെന്നു് ആഗ്ര

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഫമുണ്ടായിരിക്കാം. പക്ഷേ പത്തു സെന്റു് വീതം അവർക്കു വീതിക്കാൻ നമുക്കു് ഭൂമിയില്ല. ഈ ഗവണ്മെന്റു് എല്ലാവർക്കും പത്തു സെന്റു വീതം കൊടുക്കുമെന്നു് അങ്ങു് തീരുമാനിച്ചുകൊള്ളു. നല്ല കാര്യമല്ലേ. ചെയ്തുകൊള്ളു. പക്ഷേ ആരുടെ കയ്യിൽനിന്നു് ആ പത്തു് സെന്റു് എടുത്തു കൊടുക്കുന്നോ ആ ആളുകൾക്കു് ന്യായമായ പ്രതിഫലം കൊടുത്തിട്ടു് എടുത്തുകൊള്ളുക. അതല്ലാതെ ഈ ബില്ലിൽ പറഞ്ഞിരിക്കുന്നതുപോലെ 12½ ശതമാനം ഗവണ്മെന്റും, 12½ ശതമാനം കുടികിടപ്പുകാരനും 12 വർഷംകൊണ്ടു് കൊടുക്കാമെന്നു പറയുന്നതു ശരിയല്ല. അങ്ങനെ വരുമ്പോൾ കുടികിടപ്പുകാരൻ ഭൂവുടമസ്ഥനു് ഒരാണ്ടിൽ കൊടുക്കേണ്ടിവരുന്നതു് ഒരു സിഗറ്റിന്റെ വിലയായിരിക്കും. പന്ത്രണ്ടു സിഗറ്റിന്റെ വില കൊടുത്തുകഴിയുമ്പോൾ 10 സെന്റു് അവന്റേതായിത്തീരും. വല്ലവന്റെയും പന്തലിൽ വരണം എന്റെ വിളമ്പു കാണണമെങ്കിൽ എന്നാണു് ഗവണ്മെന്റു് പറയുന്നതു്. ഗവണ്മെന്റിനു വല്ല ചേതവുമുണ്ടോ ? എടുത്തു കൊടുത്തുകൊള്ളുക, ഇനിയത്തെ ഗവണ്മെന്റു് വരുമ്പോൾ പറയും 20 സെന്റു് കൊടുക്കുമെന്നു്. ഇങ്ങനെയായാൽ ഇതു് ഈ രാജ്യത്തെ എങ്ങോട്ടാണു് നയിക്കുകയെന്നു് ആലോചിക്കണം.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ആദ്യം പറഞ്ഞിടത്തേക്കു നയിക്കും—നാഷണലൈസേഷനിലേക്കു്.

ശ്രീ. ഇ. ജോൺ ജേക്കബ്ബു് : ഭൂമി മുഴുവൻ രാഷ്ട്രത്തിന്റേതായി വരികയാണെങ്കിൽ അതിനെ പൂർണ്ണമായി സ്വാഗതം ചെയ്യാൻ വ്യക്തിപരമായി ഞാൻ തയ്യാറാണു്.

ശ്രീമതി കെ. ആർ. ഗൗരി : പരശുരാമൻ മഴുവെറിഞ്ഞു് ഉണ്ടാക്കിയതാണെന്നാണു് കഥ. ആ ഉല്പത്തിയിലേക്കു തിരിച്ചുപോകുമെന്നു വിചാരിച്ചാൽ മതി.

ശ്രീ. ഇ. ജോൺ ജേക്കബ്ബു്: ഒരു പരശുരാമൻ മഴുവെറിഞ്ഞുണ്ടാക്കിയ ഭൂമി ഒരു ഗൗരി നശിപ്പിച്ചുവെന്നു പറഞ്ഞാൽ വലിയ വ്യത്യാസം വരികയില്ല.

മി. സ്പീക്കർ : പരശുരാമൻ മഴുവെറിഞ്ഞുണ്ടാക്കിയ ഭൂമി ബ്രാഹ്മണർക്കു് അവകാശപ്പെട്ടതായിരുന്നില്ലേ ?

ശ്രീമതി കെ. ആർ. ഗൗരി : പരശുരാമൻ ബ്രാഹ്മണനായിരുന്നില്ലല്ലോ.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഉടുപ്പോരം ശങ്കരൻ നമ്പൂതിരിപ്പാടാണു് ആ സ്ഥാനത്തു വന്നിരിക്കുന്നതു്.

ശ്രീ. ഇ. ജോൺ ജേക്കബ്ബു്: ഇതിൽ ന്യായമായിട്ടുള്ളതു് ഞാൻ മുൻപു പറഞ്ഞു. ഭൂമി എടുത്തു് ചുമ്മാതെ കൊടുക്കുകയാണെങ്കിൽ കോമ്പൻസേഷൻ വഹിക്കേണ്ടതു് ഗവണ്മെന്റിന്റെ കടമയാണു്. എവിടെനിന്നു പണമുണ്ടാക്കും, എങ്ങനെയുണ്ടാക്കും എന്നൊക്കെ ആലോചിച്ചുകാണും. സർ, ഇവിടുത്തെ ഉദ്യോഗസ്ഥന്മാർ യാതൊരു ജോലിയും ചെയ്യാതെ സെക്രട്ടേറിയറ്റിന്റെ മുൻപിൽ വന്നു ഇങ്കിലാബു് വിളിച്ചപ്പോൾ പത്തു കോടിയും പതിനഞ്ചു കോടിയും അവർക്കു കൊടുക്കാൻ പണമുണ്ടായി, പാവപ്പെട്ട കർഷകത്തൊഴിലാളിക്കു കൊടുക്കാൻ പണമില്ല എന്നു പറയുകയാണെങ്കിൽ നാണമില്ലേ എന്നു ഞാൻ ചോദിക്കുകയാണു്. തീർച്ചയായും പണം ഉണ്ടാകും. അല്ലാതെ ചുമ്മാതെ, ഒരു സിഗറ്റിന്റെ വില മാത്രം ഒരാണ്ടിൽ കൊടുത്തുകൊണ്ടു് വളരെ കഷ്ടപ്പെട്ടു് ആയുസ്സു മുഴുവൻ പ്രയത്നിച്ചുണ്ടാക്കിയ പണം മുഴുവൻ മുടക്കി കൃഷിസ്ഥലമുണ്ടാക്കിയ വ്യക്തികളുടെ കയ്യിൽനിന്നു് എടുത്തുകൊടുക്കുമെന്നു പറഞ്ഞാൽ അതു ക്ഷമിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി : അദ്ധ്വാനമെന്നു പറയുന്നതിനു് എന്തു വ്യാഖ്യാനമാണു നൽകുന്നതെന്നുകൂടി പറഞ്ഞാൽ കൊള്ളാം. അദ്ധ്വാനിച്ചു, അദ്ധ്വാനിച്ചു എന്നു ഒരുപാടു നേരമായി തുടങ്ങുന്നു; അതുകൊണ്ടു ചോദിക്കുകയാണു്.

ശ്രീ. ഇ. ജോൺ ജേക്കബ്ബ് : എന്റെ ബഹുമാനപ്പെട്ട മന്ത്രിണി അദ്ധ്യാനിക്കുന്നുണ്ടോ ? ആ അദ്ധ്യാനംതന്നെയാണ് ഞാൻ പറയുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: അതു വെറും സൂപ്പർഫിഷ്യൽ ആയിട്ടുള്ള അദ്ധ്യാനമല്ലേ ?

ശ്രീ. ഇ. ജോൺ ജേക്കബ്ബ് : പതിനാലു വയസ്സു മുതൽ ഈ രണ്ടു കൈകൊണ്ടും നല്ലപോലെ പണിയെടുത്തു ജീവിച്ച മനുഷ്യനാണു ഞാൻ. ഈ അൻപത്താറാം വയസ്സിലും, ഇനിയൊരു പത്തുവർഷം കൂടിയും നല്ലപോലെ പണിയെടുക്കാനും എനിക്കറിയാം; ചെയ്യുകയും ചെയ്യും. എന്റെ ബഹുമാനപ്പെട്ട സ്നേഹിതയെക്കൊണ്ട് അതു സാധിക്കുമോ എന്നുള്ളതു കണ്ടറിയണം. അതുകൊണ്ടു് അദ്ധ്വാനം എന്നു പറയുന്നതിന്റെ വ്യാഖ്യാനം ബഹുമാനപ്പെട്ട മന്ത്രിക്കു് ഇതുവരെ മനസ്സിലായില്ലെങ്കിൽ എന്താണു പറയേണ്ടതു്. കുറെ സന്താനങ്ങളെയൊക്കെ ദൈവം കല്പിച്ചുകൊടുത്തിരുന്നെങ്കിൽ അതു മനസ്സിലായേനെ.

സർ, ഇതിൽക്കൂടുതലായി ഈ ബില്ലിനെപ്പറ്റി ഞാൻ പറയാനാഗ്രഹിക്കുന്നില്ല. വളരെ പോരായ്മകളും ഉണ്ടു്. ആ പോരായ്മകളും ഞാനാഗ്രഹിക്കുന്ന രീതിയിൽ പരിഹരിക്കാൻ സാധിക്കുമെന്നു് എനിക്കു വിശ്വാസമില്ല. എങ്കിലും കുറച്ചൊക്കെ ഭൂവുടമയെന്നു പറയുന്ന ആളുകളെ സംബന്ധിച്ചു് ഈ രാജ്യത്തെ പൗരന്മാരാണവരെന്നുള്ളതു കണക്കിലെടുത്തുകൊണ്ടു് അവരോടുമാത്രം വിവേചനം കാണിക്കാത്ത രീതിയിൽ നടപ്പാക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ടി ജേക്കബ്ബ്: സർ, എനിക്കു ഭൂപരിഷ്ക്കരണ (ഭേദഗതി) ബില്ലിനെ അനുകൂലിച്ചു് രണ്ടുവാക്കു പറയാനുണ്ടു്. ഭേദഗതി ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ കാര്യങ്ങളെ സംബന്ധിച്ചും വിശദമായി പറയേണ്ട കാര്യമില്ല. അതൊക്കെ ഭേദഗതികളെന്ന നിലയിൽ വരുന്നുണ്ടു്. അതുകൊണ്ടു് ഇതിൽ അന്തർഭവിച്ചിരിക്കുന്ന തത്വങ്ങളെസംബന്ധിച്ചു് എന്താണു് വാക്കുകൾ പറയാനേ ഉദ്ദേശിക്കുന്നുള്ളു. ഭേദഗതികൾ വരുത്തിയിട്ടുള്ളതു് ചില മൗലികങ്ങളായ തത്വങ്ങളെ അടിസ്ഥാനമാക്കിയാണു്. അതിൽ പ്രധാനമായ നിഗമനങ്ങളിലോരോന്നിനെ സംബന്ധിച്ചും എടുത്തുപറയാനുള്ളതു്, ഭേദഗതി ചെയ്തപ്പോൾ ആ വകുപ്പുകൾ കൂടുതൽ സംപുഷ്ടങ്ങളായിട്ടുണ്ടു്, കൂടുതൽ പ്രയോജനകരങ്ങളായിട്ടുണ്ടു് എന്നാണു്. ഉദാഹരണമായി പറഞ്ഞാൽ, കുടിയായ്മ എന്ന പദത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുത്താൻ കഴിയുന്നതായി സെലക്ട്കമ്മിറ്റിയുടെ പരിശോധനാവസരത്തിൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള മിക്കവാറും എല്ലാ വിഭാഗങ്ങളെയും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. 1964 ലെ ഒറിജിനൽ ബില്ലിന്റെ ഒരു പ്രധാന ന്യൂനതയായി നിലനിന്നതു് പല കുടിയായ്മയും കുടിയായ്മയിൽപ്പെടാതെ ഉണ്ടായിരുന്നുവെന്നതാണു്. സെലക്ട്കമ്മിറ്റി ഇക്കാര്യം നല്ലപോലെ പരിശോധിക്കുകയും, അന്വേഷിക്കുകയും കിട്ടാവുന്നിടത്തോളം വിവരങ്ങൾ അടിസ്ഥാനമാക്കി പലതും ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. അതു് പ്രധാനമായ ഒരു നേട്ടമാണു്. കുടിയായ്മയെ സംബന്ധിച്ചിടത്തോളം ഇതിനു മുൻപു് ഒരിക്കലും ആരും പരിശോധിച്ചിട്ടില്ലാത്തവിധത്തിൽ പരിശോധിച്ച വിവാദപരമായ ഒന്നാണു് പണയക്കുടിയാനെ സംബന്ധിച്ച പ്രശ്നം. ശ്രീ. ചാക്കോ ബിൽ അവതരിപ്പിച്ച അവസരത്തിലും പണയക്കുടിയായ്മ കുടിയായ്മ സ്വഭാവമുള്ളതാണോ കുടിയായ്മയുടെ നിർവചനത്തിൽ പെടുന്നതാണോ എന്നൊക്കെ തർക്കം വന്നിട്ടുണ്ടു്. കോൺഗ്രസ്സുകാർ തന്നെ അന്നത്തെ കോൺഗ്രസ്സ്ഗവണ്മെന്റിനോടു ആവശ്യപ്പെട്ടിട്ടുണ്ടു്. കോൺഗ്രസ്സിന്റെ തത്വങ്ങളും വച്ചുകൊണ്ടുപോലും അതു സ്വീകരിക്കാൻ ശ്രീ. ചാക്കോയോ മറ്റാരെങ്കിലുമോ ഒരവസരത്തിലും തയ്യാറായിട്ടില്ല. കുടിയായ്മ സ്വഭാവം അനുവദിച്ചുകൊടുക്കുന്നതിനുവേണ്ടി കുന്നത്തൂർ, പറവൂർ, തൊടുപുഴ മുതലായ പ്രദേശങ്ങളിലുള്ള കോൺഗ്രസ്സ്—കേരളകോൺഗ്രസ്സ് രാഷ്ട്രീയചിന്താഗതിയുള്ള കൃഷിക്കാർതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ആവേശത്തോടുകൂടി പറയുന്നതു ഞാൻ കേട്ടിട്ടുണ്ടു്. അതു് വാസ്തവത്തിൽ ഇന്നു സാധിച്ചിരിക്കുകയാണു്. മലബാറിൽ ചില ഭാഗങ്ങളിൽ (കോഴിക്കോട്ടും മറ്റും) കാരായ്മ എന്നറിയപ്പെടുന്ന സംപ്രദായമുണ്ടു്. അതിന്റെ കാര്യവും ചർച്ചയിൽ വളരെ സംശയങ്ങളും ഉണ്ടാക്കി. അതും ഒക്കെ ഉന്മൂലനം ചെയ്തിട്ടുണ്ടു് എന്നുള്ളതു് സ്വാഗതാർഹമാണു്.

ഗവണ്മെന്റു ബില്ലുകൊണ്ടുവരുന്നുവെന്നറിഞ്ഞുകൊണ്ടു് ആയിരക്കണക്കിനാളുകളെ പോലീസുകമ്പടിയോടുകൂടി പല സ്ഥലത്തും ഒഴിപ്പിച്ചിട്ടുണ്ടു്. കോട്ടയം ജില്ലയിൽ പാലാമ്പടം എന്ന സ്ഥലത്തു് പ്രവേശിച്ചു് കൃഷിചെയ്ത ആയിരക്കണക്കിനു കൃഷിക്കാരെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നത്തിൽനിന്നും അവർക്കു് ഈ ബില്ലിൽ സംരക്ഷണം നൽകിയിട്ടുണ്ടു് എന്നുള്ളതു് അവരെ സംബന്ധിച്ചിടത്തോളം ആവേശകരമായ കാര്യമാണു്. കേരള കാൺഗ്രസ്സിനേടു് ബന്ധമുള്ള കൃഷിക്കാരാണു് അവർ. പക്ഷേ അവർ ഈ ബില്ലുകൊണ്ടുവന്ന ഗവണ്മെന്റിനെ സ്വാഗതം ചെയ്യുന്നുവെന്നുള്ളതു് എനിക്കു് നേരിട്ടു് ബോദ്ധ്യമുള്ള കാര്യമാണു്. മലബാറിലെ പ്രൈവറ്റു് ഫോറസ്റ്റുകളിൽ വളരെക്കാലമായി പ്രവേശിച്ചിട്ടുള്ള കുടിയാന്മാർ രേഖയില്ലാത്തവരാണു്. നിലമ്പൂർ കോവിലകം, മണ്ണാർക്കാടു് മുതലായ നിരവധി ഏക്കർ പ്രൈവറ്റു് ഫോറസ്റ്റുകളിൽ അനേകായിരം കുടിയാന്മാരുണ്ടു്. എത്രയെന്നു് കൃത്യമായി പറയാൻ നീവൃത്തിയില്ല, പത്തുപതിനായിരം കർഷകകുടുംബങ്ങൾക്കു് സംരക്ഷണം നൽകുന്നതിനുള്ള വ്യവസ്ഥ കുടിയായ്മയുടെ നിർവചനത്തിൽ കൊണ്ടുവന്നിട്ടുണ്ടു്. ഇങ്ങനെ പുതിയ നിർവചനപ്രകാരമുള്ള ഒരു കുടിയായ്മയെ സൃഷ്ടിക്കുന്നതിനും അവർക്കു് പരിപൂർണ്ണമായ സ്ഥിരാവകാശം നൽകുന്നതിനും സാധിക്കുമാറു് നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ കർഷകലക്ഷങ്ങളെ സംബന്ധിച്ചിടത്തോളം, കുടിയാന്മാരെസംബന്ധിച്ചിടത്തോളം ചരിത്രത്തിൽ സുവർണ്ണലിപികളിൽ എഴുതപ്പെടേണ്ട ഒന്നാണെന്നു് പറയാൻ ഞാനാഗ്രഹിക്കുന്നു. മറ്റൊരു പ്രധാനമായ കാര്യം പാട്ടം വാരം സംപ്രദായം എന്നെന്നേക്കുമായി അവസാനിപ്പിക്കുന്ന ഭേദഗതി വരുത്തി എന്നുള്ളതാണു്. ഈ ഗവണ്മെന്റിനെക്കൊണ്ടല്ലാതെ മറ്റൊരു ഗവണ്മെന്റിനെക്കൊണ്ടും അതു സാദ്ധ്യമല്ല. ധീരമായി, ഒരു നിശ്ചിത ദിവസം തീരുമാനിച്ചശേഷം കൈവശക്കാർക്കു് ആ ഭൂമി സ്ഥിരമായി കൊടുക്കാനും ഇടപാടുകളും ഗവണ്മെന്റു നേരിട്ടു നടത്താനുമുള്ള മെഷീനറിയും ഏർപ്പാടുകളും ഉണ്ടാക്കി പാട്ടം-വാരം-ജന്മി-നാടുവാഴിത്ത സംപ്രദായം അവസാനിപ്പിക്കുന്ന ഒരു നിയമം മറ്റൊരിടത്തും ഉണ്ടായിട്ടില്ല. അങ്ങനെ നോക്കുമ്പോൾ കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം ഒരു മാഗ്നാകാർട്ടാ ആണു് ഈ ബിൽ. ഇതിന്റെ ചർച്ചാവേളയിൽ, ഇത്രയും ധീരമായ തീരുമാനമെടുക്കാൻ കഴിയുമോ എന്നു സംശയിച്ചിരുന്നു. സെലക്ടുകമ്മിറ്റിയുടെ ചർച്ചാവേളയിൽ, കുടികിടപ്പുകാരനു് പർച്ചേസ് റൈറ്റു് നൽകുവാനും പരിപൂർണ്ണമായി കുടികിടപ്പവസാനിപ്പിക്കുവാനുമുള്ള തീരുമാനം എടുക്കാൻ ഇടവന്നിട്ടുള്ളതു് തീർച്ചയായും അഭിമാനകരമായ ഒരു കാര്യമാണു്. ചില പോരായ്മകളും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടു്. അതൊക്കെ ഭേദഗതി ചെയ്യാവുന്നതേയുള്ളു. കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം വിവേചനം കാണിച്ചുകൊണ്ടു് പല തരത്തിലുള്ള കുടികിടപ്പുകാരായി ചിത്രീകരിക്കാൻ പാടില്ല. അതിനുവേണ്ടി ഏകീകൃതമായ വ്യവസ്ഥകളും കൊണ്ടുവന്നിട്ടുണ്ടു്. മറ്റൊരു പ്രധാനമായ കാര്യമുണ്ടു്, പാട്ടക്കുടിശ്ശികയുടെ പേരിൽ വസ്തുവിൽനിന്നു് ഒഴിഞ്ഞുപോകേണ്ട ദയനീയമായ സ്ഥിതി. ഈ ദയനീയസ്ഥിതിക്കും അറുതിവരുത്തുന്നതിനുള്ള വ്യവസ്ഥകളും കൊണ്ടുവന്നിട്ടുണ്ടു്.

പാട്ടക്കുടിശ്ശികയ്ക്കു് കോടതിവഴി വസ്തു ഒഴിഞ്ഞുപോകേണ്ടിവരുന്ന ദുസ്ഥിതിയ്ക്കു് ഒരുതി വരുത്തേണ്ടതു് അത്യന്താപേക്ഷിതമാണു്. ഇങ്ങനെയൊരു തത്വം അംഗീകരിക്കുകയും അതേ സമയത്തു തന്നെ ഭൂവുടമകൾക്കു് അല്പെങ്കിൽ ജന്മിമാർക്കു്, അവരും മനുഷ്യരാകയാൽ, അവരുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിനും മാനുഷികമായ ഒരു സമീപനത്തോടുകൂടി അവരുടെ പാട്ടക്കുടിശ്ശിക തീർത്തുകൊടുക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യങ്ങളും ഇതിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ചെറുകിട ഭൂവുടമകളോട് എത്ര കാരുണ്യം കാണിക്കാൻ ശ്രമിച്ചാലും, കേരളത്തിൽ ഒഴിപ്പിക്കാനുള്ള അവകാശം കൊടുത്തുകൊണ്ട് കാരുണ്യം കാണിക്കുന്നതു ശരിയായിരിക്കുകയില്ല. ഒഴിപ്പിക്കാനുള്ള അവകാശം കൊടുത്താൽ പിന്നെ ബില്ലിന്റെ തത്വംതന്നെ നാമാവശേഷമാകുന്നതാണു; അതിന്റെ മറ പിടിച്ചുകൊണ്ട് ഒഴിപ്പിക്കൽ നിർബാധം നടക്കും. പാട്ടം ദാർ സംപ്രദായം അവസാനിപ്പിക്കാനുള്ള ഭേദഗതി ബില്ലായതുകൊണ്ട് അവരെ സംബന്ധിച്ചിടത്തോളം ഒഴിപ്പിക്കാനുള്ള വ്യവസ്ഥ പാടില്ലെന്നുള്ളതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണു. അതേ സമയത്തുതന്നെ ചെറുകിട ഭൂവുടമകളോട് വാസ്തവത്തിൽ കാരുണ്യം കാണിക്കുന്നതിനുള്ള ഒരു ശ്രമവും ഇതിൽ കാണുന്നുണ്ട്. നഷ്ടപരിഹാരം എന്ന നിലയിൽ എന്തെങ്കിലും കൂടുതലായിട്ട് അവർക്കു കൊടുക്കാൻ കഴിയുമോ എന്നു പരിശോധിക്കണം എന്ന അഭിപ്രായം ഞങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ചെറുകിടജന്മിമാർ എന്നൊരു വിഭാഗം, പട്ടാളത്തിൽ പോയിട്ടുള്ളവർ, ഗവണ്മെന്റു സർവീസിൽ അന്യനാടുകളിൽ കഴിയുന്നവർ, ഭാര്യമാരില്ലാത്ത ഭർത്താക്കന്മാർ, വിധവകൾ എന്നിങ്ങനെ പ്രത്യേകവിഭാഗം ഭൂവുടമകൾ പ്രത്യേക പരിഗണന അർഹിക്കുന്നവരായിട്ടുണ്ട്. അവരെ നിശ്ശേഷം നാമാവശേഷമാക്കാൻ സമ്മതമായിട്ടില്ല. ഇന്നത്തെ കാർഷികോല്പാദനരംഗത്തു് അവർക്കു് ഇനിയും ചില പങ്കു വഹിക്കാനുണ്ട്. അവരെ നാമാവശേഷമാക്കുന്ന സമീപനം ശരിയല്ല, ബില്ലിൽ അങ്ങനെയുണ്ടെന്നു പറയുകയല്ല.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : ഉല്പാദനം വർദ്ധിപ്പിക്കാതെ ഭൂമി കൈവശം വച്ചിരിക്കുന്നവരെ സംരക്ഷിക്കുന്നതു ശരിയാണോ ?

ശ്രീ. കെ. ടി. ജേക്കബ്: അതു ഒരു വലിയ തത്വമാണു. ഒന്നോ രണ്ടോ പറ നിലം, അല്ലെങ്കിൽ കാൽ ഏക്കർ, അരയേക്കർ സ്ഥലംമാത്രമുള്ള വ്യക്തികളുടെ കാര്യമല്ല ഞാൻ പറയുന്നതു്. ആ ഇനത്തിൽ ഒരു വിഭാഗം ആളുകൾ നമ്മുടെ നാട്ടിൽ ഉണ്ട്. അവർക്കു ഗവണ്മെന്റു നഷ്ടപരിഹാരം നൽകേണ്ടതാണു്. നഷ്ടപരിഹാരമെന്ന നിലയിൽ അൽപ്പം വല്ലതും കൂട്ടികൊടുക്കാൻ കഴിയുമോ എന്നു പരിശോധിക്കണമെന്നേ പറയുന്നുള്ളൂ. അല്പാതെ വേലചെയ്യാതെ കഴിയുന്നവർക്കു പ്രത്യേകസഹായം ചെയ്യണമെന്നോ അങ്ങനെയൊരു വിഭാഗത്തെ നിലനിറുത്തണമെന്നോ പറയുന്നില്ല.

സർ, ഞാൻ മനസ്സിലാക്കിയിടത്തോളം കാർഷികമേഖലയിൽ സമഗ്രമായ ഒരു മാറ്റം വരുത്തുന്നതിനുള്ള ഈ ഭേദഗതി ബില്ലിൽ ചില സവിശേഷതകളും ഉണ്ടെന്നേ കാണാം. നമ്മുടെ നാട്ടിലെ ധനികകർഷകരാണെങ്കിൽ, തോട്ടത്തിന്റെ രൂപത്തിലും മറ്റുതരത്തിലും വസ്തുവാങ്ങി കുന്നുകൂട്ടുകയാണു്. മുതലാളിത്തവ്യവസ്ഥിതിയിലാണു് അവർ ഭൂമി സമ്പാദിക്കുന്നതും ഉൽപ്പാദനം കുന്നുകൂട്ടുന്നതും. ഈ സംപ്രദായംകൊണ്ടു രാജ്യത്തിനു ഗുണം പിടിക്കാൻ പോകുന്നില്ല. ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ ഗവണ്മെന്റു കഴിഞ്ഞ ഇരുപതു വർഷമായി കാർഷികരംഗത്തു മുതലാളിത്ത സംപ്രദായത്തിൽ ഭൂമിയും ഉൽപ്പാദനവും ചില പ്രത്യേക സ്ഥാനത്തു കുന്നുകൂട്ടുന്ന സംപ്രദായം വളർത്തിവരികയാണു്. ഭൂമിക്കു പരിധി നിശ്ചയിക്കാതെ, ഭൂമി കുന്നുകൂട്ടുന്നതിനെ നിയന്ത്രിക്കാതെ ഈ രീതി തുടരുന്നതിനാൽ അമിതമായ വിലവർദ്ധനവു ഭൂമിക്കുണ്ടായിട്ടുണ്ട്. ഇൻഡ്യയിൽ പൊതുവെ ഈ നില തുടരുകയാണു്. ഈ ബില്ലിൽ ഭൂമിക്കു പരിധി നിശ്ചയിക്കുന്നുണ്ട്. പരിധിയിൽ കായൽനിലങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. അതു് ഇതിന്റെ ഒരു സവിശേഷതയാണു്. ധനികവർഗ്ഗം കൃഷിയുടെ മുതലാളിത്തം നിലനിറുത്തുന്ന സംപ്രദായത്തെ ചെറുക്കുന്നതിനു് നിയമപരമായി ചെയ്യാവുന്ന ഒരു കാര്യം എന്ന നിലയിൽ വാസ്തവത്തിൽ ഭൂപരിധി കൊണ്ടുവന്നിട്ടുള്ളതു് വളരെ സ്വാഗതാർഹമാണു്.

രണ്ടാമതു ജന്മിനാടുവാഴിത്ത സംപ്രദായം പാടേ അവസാനിപ്പിക്കുന്നതുപോലും വളരെ സ്വാഗതാർഹമാണു്, ഏറ്റവും താഴെക്കിടയിലുള്ള കുടികി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്പുകാരെ സ്വതന്ത്രരാക്കി വസ്തുവിന്റെ ഉടമയാക്കുന്നതു മറ്റൊരു സവിശേഷതയാണു്. വിവിധ മേഖലകളിൽ പണിയെടുത്തു ജീവിക്കുന്ന കർഷകരെ സംബന്ധിച്ചിടത്തോളം അവർക്കു ആശ്വാസം നൽകുന്ന ഏറ്റവും നല്ല ഒരു ബില്ലായി ഇതു രൂപാന്തരപ്പെട്ടിരിക്കുകയാണു്. ഇൻഡ്യയിൽ മറ്റുപല സംസ്ഥാനങ്ങളിലും നിലവിലുള്ള പല ബില്ലുകളും പരിശോധിക്കാൻ എനിക്കു അവസരം കിട്ടുകയുണ്ടായി. മഹാരാഷ്ട്രയിലെ ബിൽ അടുത്തകാലത്തു പരിശോധിച്ചുനോക്കി. അതിനകത്തു കുടികിടപ്പുകാരെ ഒഴിപ്പിക്കരുതെന്നു് ഒരു ഹെഡ്ഡിംഗുണ്ടു്. പക്ഷേ, അതിനു താഴെ രണ്ടുമൂന്നു ആവശ്യങ്ങൾക്കുവേണ്ടി ഒഴിപ്പിക്കാമെന്ന വ്യവസ്ഥ ചെയ്തിരിക്കുകയാണു്. മഹാരാഷ്ട്ര, പഞ്ചാബു് തുടങ്ങി ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ഭൂപരിഷ്ക്കരണ ബില്ലുകളും ഉള്ളതിൽ കുടികിടപ്പുകാർക്കു് യഥാർത്ഥത്തിൽ സംരക്ഷണം നൽകുന്നില്ല. അതുപോലെതന്നെ കുടിയായ്മയുടെ കാര്യവും. ചില കുടിയായ്മയെ സംബന്ധിച്ചു് കോടതിയിൽ വ്യവഹാരം വരുമ്പോൾ അതു കുടിയായ്മ അല്ലാതാകുന്നുണ്ടു്. മറ്റു സംസ്ഥാനങ്ങളിൽ 200–ം 600–ം ഏക്കർവരെ പരിധിയായി കൊള്ളിച്ചിട്ടുണ്ടു്. ഇങ്ങനെ നോക്കുമ്പോൾ കാർഷികപരിഷ്ക്കരണമെന്നു പറയുന്നുണ്ടെങ്കിലും യഥാർത്ഥ കർഷകരെ സംബന്ധിച്ചിടത്തോളം സംരക്ഷണം വേണ്ടത്ര കിട്ടിയിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ നാളിതുവരെ ഒരു സംസ്ഥാനവും നടപ്പാക്കാൻ ധൈര്യപ്പെടാത്ത ഒരു ഭേദഗതിബില്ലാണു് നാം ഇവിടെ കൊണ്ടുവന്നിട്ടുള്ളതെന്നു കാണാം.

സർ, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ചില തടസ്സവാദങ്ങൾ ഉണ്ടാകാം. കോൺഗ്രസ്സ് സ്നേഹിതന്മാർ പറയും, ഇതിലെ ചില ക്ലാസുകൾ ഭരണഘടനാപരമായി നിലനില്പില്ലാത്തതാണെന്നു്. ഇതു ഭരണഘടനയുടെ ഷെഡ്യൂളിൽപെടുത്താൻ പറയുകയില്ലെന്നും പറഞ്ഞേക്കാം. ഇതിന്റെ ആദ്യ ചർച്ചാവേളയിൽത്തന്നെ ഇതു് ഭരണഘടനയുടെ ഷെഡ്യൂളിൽ ഉൾപ്പെടുത്താൻ അർഹമല്ലെന്നു വാദിച്ചിട്ടുണ്ടു്. ഞാൻ ഒരു നിയമ വിദഗ്ദ്ധനല്ലാത്തതുകൊണ്ടു് അതിനെപ്പറ്റി കൂടുതലൊന്നും പറയുന്നില്ല. ഈ ഭേദഗതി ബിൽ ഭരണഘടനയുടെ ഷെഡ്യൂളിന്റെ പരിധിയിലുപ്പുറം പോകാനും, കോടതി ചോദ്യം ചെയ്യപ്പെടാനും ഇടവരാതിരിക്കട്ടേ എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ഒരു സാധാരണക്കാരൻ എന്ന നിലയിലും, ഒരു കർഷകൻ എന്ന നിലയിലും എന്റെ അഭിപ്രായം, ഇതിൽ വരുത്തിയ മാറ്റങ്ങൾ കോടതി ചോദ്യം ചെയ്യത്തക്ക മഹാപരാധങ്ങൾ ഉൾക്കൊള്ളുന്നതല്ലെന്നും, ആകാശം ഇടിഞ്ഞുവീഴുന്നയാതൊന്നും ഇതിലില്ലെന്നുമാണു്. തലനാരിഴ കീറുന്ന നിയമപരമായ വ്യാഖ്യാനങ്ങൾ അടിസ്ഥാനമാക്കി ഇതിൽ ഭേദഗതിചെയ്ത നല്ല തത്വങ്ങൾ വിലകുറച്ചു കാണിക്കാൻ ഇടയാകാതിരിക്കട്ടെ എന്നാശിച്ചുപോവുകയാണു്. ഏതായാലുംശരി, ഈ ബില്ലിന്റെ ഭേദഗതി ചെയ്ത രൂപത്തിൽ ചില പോരായ്മകളുള്ളതു് വിശദമായ ചർച്ചാവേളയിൽ പരിഹരിക്കാവുന്നതാണു്. എത്രയുംവേഗം ഇതു പാസ്സാക്കി നടപ്പാക്കാനുള്ള സാഹചര്യം ഉണ്ടാകട്ടെ എന്നു ഞാനാഗ്രഹിക്കുകയാണു്.

സർ, ഈ ബിൽ ഇത്രയും താമസിച്ചുപോയതിനെപ്പറ്റി ചില പരാമർശങ്ങൾ ഇവിടെ നടന്നു. വളരെ തിടുക്കത്തിൽ ഇതു പാസ്സാക്കാൻ ശ്രമിച്ചിരുന്നെങ്കിൽ നേരത്തെ സൂചിപ്പിച്ച ചില കുടിയായ്മകൾ ഇതിൽ ഉൾപ്പെടുത്താൻ സാധിക്കുമായിരുന്നില്ല. ചില പ്രത്യേക പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം വേണ്ടിടത്തോളം പഠിച്ചു പരിഹാരം കാണാനും കാലതാമസം സഹായകമായിട്ടുണ്ടു്. പൊതുവേ ബില്ലിനെ സംബന്ധിച്ചിടത്തോളം ക്ലേശകരമായ പഠനംനടത്തി ആവശ്യമായ മാറ്റം വരുത്താനാണു് കാലതാമസം പ്രയോജനപ്പെട്ടിട്ടുള്ളതു്. ഇതിനെ ഒരിക്കൽ കൂടി ഞാൻ സ്വാഗതം ചെയ്യുകയാണു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : സർ, എനിക്കുമുൻപു ചിലർ പ്രസംഗിച്ചപ്പോൾ പരശുരാമൻ മഴ എറിഞ്ഞു കടലിൽനിന്നുദ്ധരിച്ചതാണു് കേരളം എന്നു പറയുകയുണ്ടായി. അങ്ങനെ മഴ അല്ലെങ്കിൽ കോടാലി എറിഞ്ഞു കടലിൽനിന്നു് ഉയർത്തി

യെടുത്തു എല്പിച്ച കേരളം ഭരിക്കാൻ ഇപ്പോഴും കുറെപേർ അരിവാളുമായിട്ടു വന്നിരിക്കുകയാണു്. പരശുരാമൻ മഴു എറിഞ്ഞു കടലിൽനിന്നുയർത്തിയെടുത്ത കേരളത്തെ ഈ നാട്ടിലെ ജനങ്ങൾക്കു കൃഷിചെയ്തു ജീവിക്കാനായിട്ടു വിട്ടുതന്നതാണു്. ഇന്നാകട്ടെ അരിവാളുമായി അതു ഭരിക്കാൻ വന്നവർ ഭൂമി മുഴുവൻ തുണ്ടുതുണ്ടായി നുറുക്കിനുറുക്കി പലർക്കായി വീതിച്ചു കൊടുക്കാൻപോവുകയാണു്. അതാണു് എനിക്കു ഈ ബില്ലിനെപ്പറ്റി ആദ്യമായിട്ടു പറയാനുള്ളതു്.

സർ, ഇടയ്ക്കു ഒരു സംഗതി ഞാൻ ഓർത്തുപോവുകയാണു്. ഈ ബില്ലിനെപ്പറ്റി വാദപ്രതിവാദം തുടങ്ങിയപ്പോഴും ഭരണഘടനാപരമായി ഇതിനു നിലനില്പില്ല, 9—ാം ഷെഡ്യൂളിൽ ഉൾപ്പെടുത്താൻ ഇതു് അർഹമല്ല എന്നൊക്കെ ചില നിയമപരമായ വാദങ്ങളും ഇവിടെ ഉന്നയിക്കുകയുണ്ടായി പലരും. എനിക്കു അതിനെസംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രിയോടു് ഒരുകാര്യം പറയാനുള്ളതു്, വലിയ ശമ്പളം കൊടുത്തു ഒരു അഡ്വക്കേറ്റു ജനറലിനെ ഇവിടെ നിയമിച്ചിട്ടില്ലേ? നമുക്കു നിയമസംബന്ധമായി എന്തെങ്കിലും സംശയം ഉണ്ടായാൽ അതു ദൂരികരിക്കുന്നതിനായി ഇവിടെ വന്നിരുന്നു് നമ്മുടെ സംശയനിവാരണം വരുത്താൻ അഡ്വക്കേറ്റു ജനറൽ ബാധ്യസ്ഥനല്ലേ? എന്തുകൊണ്ടു അതു ചെയ്യുന്നില്ല?

ശ്രീ. കെ. ടി. ജോർജ്ജു് : യൂണിവേഴ്സിറ്റി ബില്ലിന്റെ ചർച്ചാവേളയിൽ, വലിയ ശമ്പളംവാങ്ങുന്ന അഡ്വക്കേറ്റു ജനറൽ ഇവിടെ വന്നതിന്റെ ഫലമെന്തായെന്നറിയാമോ?

ശ്രീ. ജോസഫു ചാഴിക്കാടൻ : യൂണിവേഴ്സിറ്റി ബില്ലിലെ കുറെ വകുപ്പുകൾ ഹൈക്കോടതിയുടെ ഫുൾബഞ്ചിൽ ഭേദഗതിചെയ്തു. അങ്ങനെ സംഭവിക്കാതിരിക്കാൻ, അഡ്വക്കേറ്റു ജനറൽ വിദഗ്ദ്ധമായ നിയമോപദേശം നൽകാൻ പ്രാപ്തനല്ലെങ്കിൽ മാറ്റി വേറെ ആളെ നിയമിക്കണം. ഹൈക്കോടതി ജഡ്ജിമാർ എത്ര ശ്രമിച്ചാലും മാറ്റി എഴുതാൻ കഴിയാത്തവിധത്തിൽ നിയമോപദേശം നൽകാൻ കഴിവുള്ളവരെ ആസ്ഥാനത്തു നിയമിക്കണം.

ശ്രീ. മുസ്തഫാ കെമാൽ : ചില കേസുകളിൽ ഹൈക്കോടതിയുടെവിധി സുപ്രീംകോടതി അസ്ഥിരപ്പെടുത്തുന്നതായി ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഇപ്പോഴം ഉച്ചസമയമാണു്. വൈകിട്ടത്തെകാര്യം പിന്നെ പറയാം. ഹൈക്കോടതി ഫുൾബഞ്ചുകൂടി നിയമസഭയിൽ നാം പാസ്സാക്കിയ ബില്ലിൽ പല ന്യൂനതകളും ഉണ്ടെന്നു വ്യാഖ്യാനിച്ചു വിധിച്ചു. സുപ്രീംകോടതിയിൽപോയാൽ അതു മാറുമോ എന്നു അവിടെ പോയതിനുശേഷമല്ലേ അറിയാൻ പറ്റൂ. സുപ്രീംകോടതി അതിന്മേൽ എന്തെങ്കിലും ചെയ്യുമ്പോഴം അതിനെപ്പറ്റി ആലോചിച്ചാൽമതി. ഇപ്പോഴം അതിനെപ്പറ്റി ചിന്തിച്ചിട്ടു കാര്യമില്ല. സുപ്രീംകോടതിയിൽ പോയാൽ അസ്ഥിരപ്പെടുമെന്നു് ബഹുമാനപ്പെട്ട മെമ്പർക്കു ഉറപ്പുണ്ടെങ്കിൽ അങ്ങനെ വിശ്വസിച്ചുകൊള്ളണം. എനിക്കുവിരോധമില്ല.

ഇന്നത്തെ റവന്യൂമന്ത്രി ശ്രീമതി ഗൗരിഅവർകളെപ്പറ്റി ഒരു വാക്കു എനിക്കു പറയണം. ഈ രാഷ്ട്രീയ ബന്ധബിൽ ഓ! അല്ല കാർഷികബന്ധ നിയമം അല്ലെങ്കിൽ അഗ്രേറിയൻ റിലേഷൻസു് ബില്ലിനെ കടിഞ്ഞൂൽകൊച്ചായി പ്രസവിച്ചതു ഈ ശ്രീമതി ഗൗരിയാണു്, ആ ബിൽ പാസ്സായി, കുറെനാഴം കഴിഞ്ഞു ഭരണഘടനാപരമല്ലെന്നു പറഞ്ഞുപോയി. അതിന്റെശേഷം ശ്രീ. പി. ടി. ചാക്കോ ആ കൊച്ചിന്റെ പിതൃസ്ഥാനം ഏറ്റെടുത്തുകൊണ്ടു ആ കൊച്ചിന്റെ വേഷം മാറ്റി കൊണ്ടുവന്നു. അതും നേരെപോയില്ല. പ്രായോഗികമല്ലാത്തവിധത്തിൽ ആയിരുന്നു ആ നിയമവും. ശ്രീമതി ഗൗരിയുടെ രണ്ടാം പ്രസവത്തിൽകൂടി ആ കൊച്ചുതന്നെ വീണ്ടും നമ്മുടെ മുമ്പിൽ വന്നിരിക്കുകയാണു്. ഗൗരിയമ്മ പ്രസവിച്ച ആദ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ആൺകുട്ടിയുണ്ട്. അതിനെയാണ് ഗണപതിയെന്നു പറയുന്നത്. തുമ്പിക്കൈയും കൊമ്പും കൊടവയറുമൊക്കെയുള്ള ഒരു ഗണപതി. എങ്ങനെയാണ്?

''മുട്ടി മുയങ്കി വിളിച്ചു
മലമങ്കയും പെറ്റു പിള്ളയ്ക്കേ
കുട്ടിക്കണപതിയാണേ ഒരു–
കുട്ട വയറനെൻറമ്മോ''

എന്നതുപോലെ ഈ ശ്രീമതി ഗൗരി പ്രസവിച്ച ആദ്യത്തെ കുട്ടിയെ നോക്കിയപ്പോൾ കൈ കൊള്ളാം, കാല് കൊള്ളാം മുഖം വന്നപ്പോൾ തുമ്പിക്കൈയും കൊമ്പുമാണുള്ളത്. ആദ്യത്തെ കാർഷിക ബന്ധബിൽ നോക്കിയപ്പോൾ ഗണപതിയുടെ മുഖത്തിനു കൊമ്പും തുമ്പിക്കൈയും ഉണ്ടായിരുന്നതുപോലെ പല ന്യൂനതകളും ഉണ്ടായിരുന്നു. അതുകൊണ്ടാണ് ഞാൻ പറയുന്നതു നിയമം നാം ഉണ്ടാക്കുമ്പോൾ അതു ദൂര വീക്ഷണത്തോടുകൂടി കൈകാര്യം ചെയ്യ നടപ്പിലാക്കണമെന്ന്. ഇല്ലെങ്കിൽ ഇതുപോലെയുള്ള ദോഷങ്ങൾ ഉണ്ടാകും. ഒരു ചെറിയ ഉദാഹരണം പറയാം. നമ്മുടെ രാജ്യത്തു രണ്ടേക്കറിൽ കൂടുതൽ നിലം ഉണ്ടെങ്കിൽ അവരിൽ നിന്നും ലെവി എടുക്കണമെന്നു ഒരു നിയമം ഉണ്ട്. ആ നിയമം വന്നതിന്റെ ഫലമായിട്ടു രണ്ടരയേക്കറും മൂന്നേക്കറും നിലം ഉള്ളവർ രണ്ടേക്കർ നിലം വച്ചിട്ടു ബാക്കിയുള്ളതു പുരയിടമായി മാറിക്കൊണ്ടിരിക്കയാണ്. നല്ല ഒന്നാംതരം ഇരുപ്പു നിലങ്ങളായി വന്നിരുന്ന രണ്ടരയേക്കറും മൂന്നേക്കറും നിലങ്ങളും പുരയിടങ്ങളായി മാറുകയാണ്. കാരണം രണ്ടേക്കറിൽ താഴെയുള്ളവർക്കു മാത്രമല്ലേ ലെവിയിൽ നിന്നും ഇളവു കിട്ടുകയുള്ളു.

ശ്രീമതി കെ. ആർ. ഗൗരി : രണ്ടേക്കറിൽ കൂടുതൽ ഭൂമിയുണ്ടെങ്കിൽ അതിൽ നിന്നും രണ്ടേക്കർ കഴിഞ്ഞു ബാക്കി വരുന്നതിൽനിന്നു മാത്രമേ ലെവി ഈടാക്കുകയുള്ള എന്നു ശ്രീ. ചാഴിക്കാടൻ എല്ലാപേരോടും പറഞ്ഞു മനസ്സിലാക്കിയാൽ മതി.

ശ്രീ. ജോസഫ് ചാഴിക്കാടൻ : എന്നാൽ ഞാൻ നാളെ വീട്ടിൽപോയിട്ട് അവിടെ കരണ്ണന്ന ആളുകളെ വിളിച്ചു ഇതെല്ലാം പറഞ്ഞുകൊടുക്കാം. രണ്ടേക്കറിൽ മിച്ചമുണ്ടെങ്കിലെ നിങ്ങൾ കൊടുക്കേണ്ടതുള്ളൂ. അല്ലെങ്കിൽ ലെവിയൊന്നും കൊടുക്കേണ്ടെന്നു വിളിച്ചു പറയാം. വിവരം ഇല്ലാതെ നിയമം ഉണ്ടാക്കുന്നതിന്റെ മുഖവിധിയാണ് ഇതെല്ലാം. ഞങ്ങളുടെ നാട്ടിൽ നല്ല ഒന്നാംതരം ഇരുപ്പു നിലങ്ങളായിരുന്ന എഴെട്ടായിരത്തോളം പറ നിലങ്ങൾ പുരയിടങ്ങളായി മാറിയതു ഈ നിയമം ഉണ്ടാക്കിയതുകൊണ്ടാണ്. അതിന്റെ ഫലമായിട്ടു നമ്മുടെ നാട്ടിൽ പത്തുപതിനായിരത്തോളം പറ നെല്ലു വിളവിൽ കുറവു വരികയാണ്. ഇവിടെ ഉണ്ടാക്കുന്ന നിയമം രാജ്യത്തെ എങ്ങനെ ബാധിക്കുമെന്നും ജനങ്ങളെ എങ്ങനെ പിടികൂടുമെന്നും നേരത്തെ ആലോചിച്ചു തീരുമാനിക്കണം. ഇല്ലെങ്കിൽ അതു രാജ്യത്തിന്റെ പൊതുവായുള്ള അഭിവൃദ്ധിക്കു ഏതെങ്കിലും തരത്തിലുള്ള ദോഷം വരുമെന്നു കണ്ടു അത്തരം നിയമങ്ങൾ ഉണ്ടാക്കുകയോ നടപ്പിലാക്കുകയോ ചെയ്യാതെ സൂക്ഷിക്കണം. നിങ്ങൾ നെല്ല് എന്തിൻവേണ്ടി പിടിച്ചു എടുക്കുന്നു. ഈ ഗവണ്മെൻറിനോടു ഞാൻ ആവശ്യപ്പെടുകയാണ്. എത്രയും വേഗം ഈ നെല്ലിന്റെ കൺട്രോൾ വിടണം. കൺട്രോൾ വിട്ടാൽ ഈ നെല്ലിന്റെ വില താനെ കുറയും. പുറത്തുനിന്നും ധാരാളം അരി മാർക്കറ്റിൽ വരും. റേഷന്റെ വിലയേക്കാൾ വളരെ വേഗത്തിൽ വില കുറഞ്ഞു നമുക്കു മാർക്കറ്റിൽ നിന്നും അരി മേടിക്കുവാൻ സാധിക്കും. ഇതൊക്കെ ആരോടു പറയുവാൻ? കണ്ണുള്ളവർ കാണട്ടെ കാതുള്ളവർ കേൾക്കട്ടെ; ഇന്നത്തെ കൺട്രോൾ ഈ ഗവണ്മെൻറു വച്ചിട്ടുള്ളതുതെറ്റാണ്. അതു രാജ്യത്തിനു ദോഷമാണ്. ജനങ്ങളെ ദ്രോഹിക്കുകയാണ്. നെൽകൃഷിയിൽ നമ്മുടെ രാജ്യത്തു വളരെയധികം അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്. ആന്ധ്ര തുടങ്ങിയ മറ്റു സംസ്ഥാനങ്ങളിലും നെൽകൃഷിക്കുധാരാളമായ അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്. ആ സ്ഥിതിക്കു ഇന്നുള്ള ഈ നിയമം ഈ ഗവണ്മെൻറു എടുത്തുകളയണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്. രാജ്യത്തിന്റെ അഭിവൃദ്ധിക്കു വേണ്ടി നാംഈ നിയമം എടുത്തു കളയണം. നാം ഒരു നിയമം ഉണ്ടാക്കുമ്പോൾ അതിന്റെ 'ആഫ്റ്റർ ഇഫക്ട്' എന്തായിരിക്കുമെന്നു ആലോചിക്കണം. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ാവി എന്തായിരിക്കും, രാജ്യത്തിന ദൂരവ്യാപകമായ ദോഷം ഉണ്ടാക്കുമോ എന്നെല്ലാം ആലോചിക്കണം. അങ്ങനെ ആലോചിക്കാത്തതുകൊണ്ടാണ് നമുക്ക അവ ഉദ്ദേശിക്കുന്നതരത്തിൽ നടപ്പിൽ വരുത്തുവാൻ കഴിയാതെ പോകുന്നത്.

ശ്രീമതി ഗൗരിയെ സ്തുതിച്ച രണ്ട വാക്കുകൂടി പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. കാർഷികബന്ധ നിയമമെന്നോ കേരളാ ഭൂപരിഷ്കരണ ഭേദഗതി നിയമമെന്നോ, ഇതിൽ ആദ്യത്തെ നിയമം ഇവിടെ കൊണ്ടുവന്നതു ശ്രീമതി ഗൗരിയാണ്. 1957-ലാണ് ആദ്യമായി ശ്രീമതി ഗൗരി ആ നിയമം ഇവിടെ അവതരിപ്പിച്ചത്. ആ കൊച്ചിനെ പ്രസവിച്ച ദിവസംമുതൽ അതിനു കുറപ്പന്റെ സുഖക്കേടുതുടങ്ങി.

ശ്രീ. എം. കെ. ദിവാകരൻ : 1954-ൽ പി. എസ്. പി. ഗവണ്മെന്റിന്റെ കാലത്തു ഇപ്രകാരം ഒരു ബിൽ ഉണ്ടായിരുന്നില്ലേ ?

ശ്രീ. ജോസഫ് ചാഴിക്കാടൻ : അതു അവതരിപ്പിച്ച പാസ്സാക്കിയൊന്നുമില്ല. പണ്ടു മഴ എറിഞ്ഞതുപോലെ എറിഞ്ഞു. അതേയുള്ളു. അതു പ്രായോഗികമാക്കുകയുണ്ടായില്ല. ഈ കാർഷികബന്ധനിയമം ആദ്യം കൊണ്ടുവന്നതു ശ്രീമതി ഗൗരിയാണെങ്കിലും അതിൽ ആദ്യമേ പാകപ്പിഴ വന്നു. അതിനെ പരിഷ്കരിച്ചാണ് പാക്കോ കൊണ്ടുവന്നതു. അതും ശരിയായില്ല. അതുകൊണ്ടാണ് ഇപ്പോൾ ഈ ബിൽ വീണ്ടും ശ്രീമതി ഗൗരി കൊണ്ടുവന്നിരിക്കുന്നതു. അപ്പോൾ ആദ്യം കൊണ്ടുവന്നതും ശ്രീമതി ഗൗരിയാണ്, ഇപ്പോൾ കൊണ്ടുവന്ന പ്രായോഗികമാക്കാൻ പോകുന്നതും ശ്രീമതി ഗൗരിയാണ്. ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. " Give the devil his due " പിശാചിനും അവന്റെ വീതം കൊടുക്കണമെന്നു. അങ്ങനെ നോക്കുകയാണെങ്കിൽ മാർക്സിസ്റ്റുപാർട്ടി വന്നതിന്റെ ഫലമായിട്ടാണ് എം. എൽ. എ. മാരായ നമ്മൾക്കു ഒരു വീടു കിട്ടിയതു. 1957–58 ലാണ് അതുണ്ടാക്കിയതു. ഇപ്പോൾ അവർ വീണ്ടും അധികാരത്തിൽ വന്നപ്പോൾ അതിനപ്പുറത്തായി നാലോ അഞ്ചോ ആറേ ഏഴോ നിലയിലുള്ള കെട്ടിടം നമ്മൾക്കായി ഉണ്ടാക്കുകയാണ്. ഇതെല്ലാം ഈ മാർക്സിസ്റ്റുകാർ ഇവിടെ അധികാരത്തിൽ വന്നിട്ടു നമുക്കു കിട്ടുന്നതാണ്. എന്തെല്ലാം ദ്രോഹമുണ്ടായാലും നമ്മുടെ കൈയിൽ വന്ന കാര്യങ്ങൾ നമുക്കു നിഷേധിക്കുവാൻ പാടില്ലല്ലോ? ഇവിടെ പോലീസില്ല, സർവ്വത്ര അരാജകത്വമാണ്, ആളുകളുടെ ജീവനും സ്വത്തിനും രക്ഷയില്ല എന്നൊക്കെയുണ്ടെങ്കിലും അതുപോലെയുള്ള ചില കാര്യങ്ങൾ അവർ ചെയ്യുന്നുണ്ടെങ്കിലും എം. എൽ. എ. കാർട്ടേഴ്സ് ഉണ്ടാക്കിയതുപോലെയുള്ള ചില നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ട്. പറയുമ്പോൾ ഗുണവും ദോഷവും പറയണമല്ലോ ? അങ്ങനെ എം എൽ. എ. കാർട്ടേഴ്സ് ഇവിടെ പണികഴിപ്പിച്ചതിനും ഒരു ഭൂനയബിൽ ഈ രാജ്യത്തു കൊണ്ടുവന്നതിനും ഞാൻ ശ്രീമതി ഗൗരിയെ അഭിനന്ദിക്കുകയാണ്. റവന്യൂമന്ത്രി ഇവിടെ പറയുകയുണ്ടായി സെക്ഷൻ തിരിച്ചു ഇപ്പോൾ എന്തിനു പറയുന്നു, അതെല്ലാം രണ്ടാം വായന സമയത്തു പറഞ്ഞാൽ മതിയല്ലോ എന്നു. ഭേദഗതി അവതരിപ്പിച്ചു അപ്പോൾ പറഞ്ഞാൽ മതിയല്ലോ എന്നു. കേട്ടുകൊള്ളാം. ആ ഉപദേശമനുസരിച്ചു പോകാമെന്നുതന്നെയാണ് ഞാനും തീരുമാനിച്ചിരിക്കുന്നതു. ഇവിടെ ഈ നിയമത്തിൽ സീലിംഗ് എന്നു പറയുന്നതു പാടില്ല എന്നു ജോസഫ് ചാഴിക്കാടൻ ഡെഫനിറ്റായിട്ടു പറയുന്നു. ഭൂമിക്കു സീലിംഗ് ഉണ്ടാകാനേ പാടില്ല ഭൂമിക്കു സീലിംഗ് ഉണ്ടാകാനേ പാടില്ല എന്നു പറയുവാനുള്ള കാരണം പത്തും ഇരുപതും മുപ്പതും നാൽപ്പതും കൊല്ലങ്ങൾക്കു മുമ്പ് ഞങ്ങളുടെ പൂർവ്വികന്മാർ കാടുകളിൽ കയറി കുറെ സ്ഥലം വെട്ടിപ്പിടിച്ചു നല്ല ഭൂമിയായി മാറ്റിയിട്ടുണ്ടായിരിക്കാം. കാട് എന്നു പറഞ്ഞാൽ എങ്ങനെയുള്ള കാടാണ്.....

" സിംഹ വ്യാഘ്ര ശല്യാദി–
മൃഗ ഗണ കീർണ്ണം ആതപഹീനം
ഘോര രാക്ഷസകുലസേവിതം ഭയാനകം
ക്രൂര സർപ്പാദി പൂർണ്ണം "

LIBRARY ARCHIVES Kerala Legislative Assembly

ആയ ഈ വനങ്ങളിലേയ്ക്ക് നമ്മുടെ കാരണവന്മാർ പോയി അമ്പതോ നൂറോ ഏക്കർ വെട്ടി അവിടെയുള്ള മരങ്ങളെല്ലാം മാറ്റി കല്ലുവെട്ടി കയ്യാല വച്ച് റബ്ബറോ അല്ലെങ്കിൽ മറ്റു വിളകളോ ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെ കായലിന്റെ കാര്യം പറയുകയാണെങ്കിൽ കായൽ പൊക്കി എടുക്കുകയാണു്. ഏഴാം എട്ടാം താഴ്ചയുള്ള കായലിൽ വെള്ളത്തിൽ മുങ്ങി അടിത്തട്ടിൽ ചെന്നു ഒരു ചെളിക്കട്ട കുത്തികൊണ്ടുവന്നു തട്ടാൻ മാലയുണ്ടാക്കുന്നതു കണ്ടിട്ടുണ്ടോ, ഒരു ചെറിയ കുന്നിക്കുരു പോലെ ആദ്യം ഉണ്ടാക്കി അതിന്റെ മുകളിൽ ഒരു അരിമ്പു വച്ച് വീണ്ടും കുന്നിക്കുരു ഉണ്ടാക്കി അതിന്റെ മുകളിൽ അരിമ്പു വച്ച് അങ്ങനെയങ്ങനെ അവസാനം നോക്കുമ്പോൾ അതു ഒരു മാലയായിത്തീരും, അതുപോലെ ഈ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾ വെള്ളത്തിനടിയിൽ ചെന്നു ഒരു കഷണം ചെളികുത്തിവച്ച് വീണ്ടും മുങ്ങി വീണ്ടും ചെളിക്കട്ടകൊണ്ടുവച്ച് അങ്ങനെ അതാവത്തിച്ച് വളരെ കഷ്ടപ്പെട്ട ഭൂമിയാക്കി എടുക്കുകയാണു്. ഇങ്ങനെ പത്തും പന്ത്രണ്ടും അടി വീതിയിൽ രണ്ടും മൂന്നും നാലും മൈൽ നീളത്തിൽ വരമ്പു കുത്തിയെടുത്തിട്ടാണു് കൃഷി ചെയ്യുന്നതു്. അന്നാണെങ്കിൽ അങ്ങനെ കൃഷിചെയ്താൽ കിട്ടുന്ന നെല്ലിനു വിലപോലുമില്ല. ഇന്നാണെങ്കിൽ ഒരു പറ നെല്ലിനു പത്തു രൂപ വില കിട്ടും. കുറെക്കാലം മുമ്പു പുഞ്ചക്കൃഷി യാതൊരു ആദായവുമില്ലാത്തതായിരുന്നു. വരമ്പു കുത്തിക്കുന്നതിനു മുടക്കുന്ന സംഖ്യപോലും നെല്ലു വിറ്റാൽ കിട്ടുമായിരുന്നില്ല. അങ്ങനെ വളരെ കഷ്ടനഷ്ടങ്ങൾ സഹിച്ച് ഇപ്പോൾ പത്തും നൂറും ഏക്കർ നിലങ്ങൾ കൃഷിയോഗ്യമായിട്ടുണ്ടായിരിക്കും. അതുപോലെ തന്നെ തൊടുപുഴ തുടങ്ങിയ കിഴക്കൻ സ്ഥലങ്ങളിൽ നിന്നും ആളുകൾ കാട്ടാന, കരടി, സിംഹം തുടങ്ങിയ ഹിംസ്രജന്തുക്കളെമായിമല്ലിട്ടു ഭൂമി പിടിച്ചെടുത്തിട്ടുണ്ടായിരിക്കും. അതു മാത്രമോ? ക്രൂരമായ മലമ്പനിയുണ്ടല്ലോ! മലമ്പനിയുടെ തുള്ളലും വിറയലും എല്ലാം വന്നിട്ടു ഒരു സെറ്റു മരിച്ചാൽ മാത്രമേ മറ്റൊരു സെറ്റിനു അവിടെ ജീവിക്കുവാൻ സാധിക്കുകയുള്ളു. അങ്ങനെ ജീവനും ധനവും ത്യജിച്ച് വളരെയധികം കഷ്ടനഷ്ടങ്ങളും സഹിച്ച് പത്തോ നാൽപ്പതോ ഏക്കർ ഭൂമി ഒരുത്തന്റെ കൈവശം ഉണ്ടെങ്കിൽ അതു ഇന്നലെവരെ കവറുതെ നടന്ന "റസ്കൂ ഹോമിലെ" പെണ്ണുങ്ങൾക്കും ആണുങ്ങൾക്കും കൊടുക്കുവാൻ സാധിക്കുകയില്ല. ഇങ്ങനെ കൊടുത്താൽ ഒരുകാലത്തു അവർ തന്നെ ഇതിനെതിരായി വരും ഈ നിയമം മാറ്റികിട്ടണമെന്നു അവർ തന്നെ വാദിക്കും.

കഴിഞ്ഞ ഒന്നു രണ്ടു ആഴ്ചത്തെ പത്രം വായിച്ചാൽ ഒരു കാര്യം തുടർച്ചയായി പറഞ്ഞിരിക്കുന്നതു് കാണാം. അതായതു് മാർക്സിസ്റ്റുകാർക്കു് കാർഷിക ഭൂപരിഷ്കരണ ബിൽ പാസാക്കരുതെന്നു് നിർബന്ധമുണ്ടെന്നും, അതുപോലെ കോഴിക്കോട്ടുള്ള വലിയ വലിയ മുസ്ലീങ്ങളുടെ ഭൂമി ഈ ബിൽ പാസായാൽ കണ്ടിച്ചു പോകുമെന്നുള്ളതുകൊണ്ടു് മുസ്ലീംലീഗിനും ഈ ബിൽ പാസാക്കരുതെന്നു് നിർബന്ധമുണ്ടെന്നും എല്ലാം. എല്ലാവരും ഈ ബിൽ പാസാക്കുന്നതിനു് എതിരാണെന്നു് അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞിട്ടുണ്ടു്. അങ്ങനെ എല്ലാവരും ഈ ബിൽ പാസാക്കുന്നതിനു് എതിരാണെന്നു് പറഞ്ഞു പറഞ്ഞാണു് ഇപ്പോൾ ഈ ബിൽ പാസാക്കുന്നതിനു വേണ്ടി കൂടിയിരിക്കുന്നതു്. എനിക്കു പറയുവാനുള്ളതു് ഈ ബിൽ രണ്ടു നാലു ദിവസത്തെ ജനറൽ ഡിസ്കഷൻ നടത്തിയതിനുശേഷം ഒരു സെലക്ട് കമ്മിറ്റിക്കു് വിടണമെന്നാണു്. ജനറൽ ഡിസ്കഷന്റെ ഫലമായിട്ടു് പറഞ്ഞതും കേട്ടതും മന്ത്രി പറഞ്ഞതും കേട്ടതുമെല്ലാംകൂടി വെച്ച് സെലക്ട് കമ്മിറ്റിക്കുവിട്ടു് ആവശ്യമായ മാറ്റങ്ങളും വരുത്തി ഒരു ആഴ്ച കഴിഞ്ഞതിനുശേഷം കൊണ്ടുവന്നു് പാസാക്കണമെന്നാണു്.

(ഈ സമയം ശ്രീ. കെ. എം. ജോർജ്ജ് സീറ്റിൽ ഇരുന്നുകൊണ്ടു് എന്തോ പറഞ്ഞു.)

അപ്പോൾ എന്നെപ്പോലെ വിവരമുള്ളവർ വേറെയുമുണ്ടു് അല്ലേ? മാർക്സിസ്റ്റു പാർട്ടിയിലെ പാലക്കാട്ടു് മെമ്പർ ശ്രീ. ആർ. കൃഷ്ണനും ഈ ബിൽ വീണ്ടും സെലക്ട് കമ്മിറ്റിക്കു് വിടണമെന്നാവശ്യപ്പെട്ടിട്ടുണ്ടു് അല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇങ്ങനെ അങ്ങോട്ടും ഇങ്ങോട്ടും സംസാരിക്കുന്നതു് ശരിയല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഇങ്ങോട്ടു സംസാരിച്ചാൽ പിന്നെ അങ്ങോട്ടു സംസാരിക്കേണ്ടേ? അതും എന്റെ നേതാവു് എന്നോടു് ഇങ്ങോട്ടു സംസാരിച്ചാൽ അതു് ഞാൻ കേട്ടിട്ടു് മറുപടി പറയേണ്ടേ ?

[Dy. Speaker in the Chair]

Dy. Speaker : Shri Chazhikkattu may continue.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : സാറേ, Continue ചെയ്യുകയെന്നു പറഞ്ഞാൽ കുറെയധികം വിഷമമുണ്ടു്. പണ്ടു്, കുഞ്ചൻനമ്പ്യാർ രാജസദസ്സിൽവെച്ചു് തുള്ളൽ നടത്തികൊണ്ടിരുന്നപ്പോഴും കുറച്ചു സമയം നിറുത്തുകയുണ്ടായി. അപ്പോഴും രാജാവു് നമ്പ്യാരോടു് തുള്ളാൻ ആവശ്യപ്പെട്ടപ്പോഴും നമ്പ്യാർ "കാലം വാർദ്ധക്യമാക കൊണ്ടേടിയനെ ചാടിക്കൊലാ ഭൂപതേ." എന്നു രാജാവിനോടു് പറയുകയുണ്ടായി.

മനുഷ്യൻ ഭൂമിയിൽ അദ്ധ്വാനിച്ചു് പണവും മുടക്കി ആയുസ്സും അപകടപ്പെടുത്തി വളരെയധികം ക്ലേശിച്ചു് കഷ്ടപ്പെട്ടു് ഉണ്ടാക്കിയ രിക്കുന്ന ഭൂമി ഒരു നിയമം കൊണ്ടുവന്നു് പെയ്യെടാ അവിടെ, എന്നു് പറഞ്ഞാൽ നടക്കുമെന്നു് തോന്നുന്നില്ല. ഇങ്ങനെ കഷ്ടപ്പെട്ടുണ്ടാക്കിയ ഭൂമി റോഡിൽകൂടി ബീഡിയും വലിച്ചു്, ഒരു തുമ്പുപോലും കൈകൊണ്ടു് എടുക്കാതെ, ഭൂമിയിൽ കയറുകപോലും ചെയ്യാതെ തെക്കോട്ടും വടക്കോട്ടും "ഇൻകിലാബു് സിന്ദാബാദു്, ഇൻകിലാബു് സിന്ദാബാദു" " എന്നു് വിളിച്ചുകൊണ്ടു നടക്കുന്നവർക്കു് കൊടുക്കണമെന്നു പറഞ്ഞാൽ അതു് സമ്മതിച്ചു തരികയില്ല. പാവപ്പെട്ടവർക്കു് കൊടുക്കണം. അതിനു് ഞാൻ എതിരല്ല. പക്ഷേ അതു് ഇങ്ങനെയല്ല കൊടുക്കേണ്ടതു്. കേരളത്തിലാണു് ഏറ്റവും ജനസംഖ്യ കൂടുതലുള്ളതെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. പലർക്കു് പിള്ളേരില്ലെങ്കിലും ചിലർക്കു് പത്തും പന്ത്രണ്ടും പിള്ളേർ വീതമുണ്ടു്. ഇങ്ങനെ ജനസംഖ്യ കൂടി കൂടി വരികയാണു്. കേരളത്തിനാകെ 14985 ചതുരശ്ര മൈലോ മറ്റോ വിസ്തീർണ്ണമുണ്ടു്. പതിനയ്യായിരം തികച്ചില്ല. അതിൽ തന്നെ കാട്ടാന, കരടി, കാട്ടുപോത്തു് മുതലായവ താമസിക്കുന്ന മലകളും ചീങ്കണ്ണി, മുതല മുതലായവ വസിക്കുന്ന പേമ്പനാട്ടു കായൽ, അഷ്ടമുടി കായൽ, അഞ്ചുരുതണ്ടു് കായൽ ഇങ്ങനെ തെക്കേ അറ്റം മുതൽ വടക്കേ അറ്റംവരെയുള്ള കായലുകളും ഉണ്ടു്. ഈ മലകളും കായലുകളും നീക്കികഴിഞ്ഞാൽ ബാക്കിയുള്ളതു്,—അതു് ഞാൻ പണ്ടു പറഞ്ഞിട്ടുള്ളതാണു് ഇപ്പോഴും അതിൽ നിന്നും കുറയാനേ വകയുള്ളൂ, കാരണം കായൽ നികത്തിയെടുക്കുകയും വനം കയ്യേറുകയും ചെയ്തിട്ടുണ്ടു്—കഷ്ടിച്ചു് പതിനായിരം ചതുരശ്രമൈലോളം കാണും. ഒരു കാട്ടാനയ്ക്കു് ശരാശരി നൂറു് ഏക്കർ സ്ഥലം കൊടുത്തിട്ടുണ്ടു്. അതുപോലെ തന്നെ കരടിക്കും, കാട്ടുപോത്തിനും. ഒരു പെരുമ്പാമ്പിനുപോലും പതിനഞ്ചേക്കറോളം കൊടുത്തിരിക്കുന്നു. അതേസമയം ഒരു ഭാര്യയേയും മക്കളേയും രക്ഷിച്ചുകൊണ്ടുപോകുന്നതിനു് ഒരു കുടുംബത്തിനു് അനുവദിച്ചിട്ടുള്ളതു് പത്തേക്കറാണു്. ഇതു് എവിടത്തെ ന്യായമാണു്? ഗവണ്മെന്റു ചെയ്യേണ്ടതു് എന്താണെന്നു് വെച്ചാൽ ഭൂമിയില്ലാത്ത ജനങ്ങൾക്കു് ഭൂമി കൊടുക്കണം. കുടികിടപ്പുകാരനു് സ്ഥിരമായി സ്ഥലം കൊടുക്കണം. അതിനുവേണ്ടി ഗവണ്മെന്റിന്റെ കൈവശമിരിക്കുന്ന മിച്ചമുള്ള ഭൂമിയെടുത്തു വീതിച്ചുകൊടുക്കണം. അതിനു് ഗവണ്മെന്റു തയ്യാറാകാതെ പാവപ്പെട്ട കൃഷിക്കാരന്റെ കൈവശമിരിക്കുന്ന ഭൂമി, അതും അവന്റെ ഭാര്യയും, പിള്ളേർക്കും, ബന്ധുക്കൾക്കും ജീവിക്കുന്നതിനുവേണ്ടി കഷ്ടപ്പെട്ടും ബുദ്ധിമുട്ടിയും ഉണ്ടാക്കിയ ഭൂമി തരാടുക്കണമെന്നു പറഞ്ഞാൽ അതു് എവിടത്തെ നടപ്പാണു്. ഒരു ഭർത്താവിനും ഭാര്യയും മൂന്നു് പിള്ളേർക്കുംകൂടി പത്തോ പന്ത്രണ്ടോ ഏക്കറൊക്കെ വെച്ചിട്ടുള്ളതു്. അതിൽ കൂടുതലുള്ള ഓരോരുത്തർക്കും ഓരോ ഏക്കർ വീതം കൂടി കൂട്ടികൊള്ളാനാണു് വ്യവസ്ഥ. ഒരു കുടുംബത്തിലെ പ്രായമായ ഒരു ചെറുക്കൻ പെണ്ണുകെട്ടികൊണ്ടുവന്നാൽ വല്ല ഉരപ്പുരയിലോ അടുക്കളയിലോ കഴിയണം. അവനു് രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മൂന്നു പിള്ളേരും കൂടിയായാൽ അവരെ പോറ്റുന്നതിനു സാധിക്കാതെ വരും. ഒരു ഏക്കർ ഭൂമികൊണ്ടു അവനെന്തുചെയ്യാനാ ? അവന്റെ അപ്പൻ സമ്പാദിച്ചിട്ടുള്ള ഭൂമി സീലിംഗിന്റെ ഏർപ്പാടുകൊണ്ടു അവനു കിട്ടുകയുമില്ല. അപ്പോഴും ഒരാൾ പാടുപെട്ട സമ്പാദിക്കുന്ന ഭൂമി അവന്റെ പിള്ളേക്കു അനുഭവിക്കാൻ കൊടുക്കാതെ വല്ലവർക്കും കൊടുക്കുന്നതെന്നാണോ ? അതുകൊണ്ടു എന്റെ അഭിപ്രായത്തിൽ ഈ ബില്ലിൽ കൊടുത്തിട്ടുള്ള സീലിംഗ് എന്നുള്ള ചാപ്ടർ തന്നെ എടുത്തുകളയണമെന്നാണു്. ഞാൻ ഇതെല്ലാം പറയുമ്പോഴും നാളെ നമുക്കു ഭൂമി കിട്ടുമെന്നു വിചാരിച്ചുകൊണ്ടിരിക്കുന്നവർ പറയുമായിരിക്കും, ഈയാൾ എന്തോന്നു പറയുന്നു, ഇതെല്ലാം പഴഞ്ചൻ അഭിപ്രായമല്ലേയെന്നു് 1945-ൽ ഇവിടെ 50 ഏക്കർ വരെ കൈവശം വയ്ക്കുന്നതിനു സീലിംഗ് ഏർപ്പെടുത്തുന്നതിനവേണ്ടി ഒരു റസലൂഷൻ അവതരിപ്പിച്ചപ്പോഴും അതിനെ വളരെ ശക്തിയായി എതിർത്തുകൊണ്ടു രണ്ടു മൂന്നു മണിക്കൂർ സമയം ഞാൻ വാദിച്ചതാണു്. അതു വോട്ടിനിട്ടു അന്നു തള്ളുകയുണ്ടായി. അതു കഴിഞ്ഞിട്ടു ഇപ്പോഴും ഇരുപത്തിയഞ്ചു കൊല്ലത്തോളമായി അപ്പോഴാണു സീലിംഗ് പത്തു ഏക്കർ ആക്കികൊണ്ടുള്ള നിയമം കൊണ്ടുവന്നിരിക്കുന്നതു്. ഇതു കാലത്തിനു ചേർന്നതല്ല, നീതിയുള്ള പറ്റിയതല്ല. അതുകൊണ്ടു സീലിംഗ് എന്നുള്ള സെക്ഷൻ തന്നെ എടുത്തുകളയേണ്ടതാണു്.

പിന്നൊന്നു പറഞ്ഞിരിക്കുന്നതു് പ്രതിഫലം കൊടുക്കുന്നതിനെപ്പറ്റിയാണു്. ആദ്യത്തെ ഇരുപതിനായിരം രൂപയ്ക്കു 100 ശതമാനം അതു് വന്നു വന്നു് 50 ശതമാനംവരെയാകുന്നു. മാർക്കറ്റു വാല്യുവിന്റെ 50,55,60 ശതമാനം വിലകൊടുത്താൽ മതിയെന്നാണു് പറഞ്ഞിരിക്കുന്നതു്. ഒരാളിന്റെ ഭൂമി ബലമായിട്ടു് എടുത്തിട്ടു് അവനു് വിലയും കൊടുക്കുകയില്ലെന്നാണു് വരുന്നതു്. ഭൂമിയെടുത്തിട്ടു് അവൻ വേറെയെങ്ങിനെയെങ്കിലും രക്ഷപ്പെടാമെന്നു വെച്ചാൽ അതിനു് ന്യായമായ വിലയും കൊടുക്കുകയില്ല. വസ്തു ബലമായി പിടിച്ചടക്കുന്നതിനവേണ്ടി വെച്ചിട്ടുള്ള ചാപ്ടറും, അതിനു് വിലകൊടുക്കുന്നതിനവേണ്ടി ഉൾപ്പെടുത്തിയിട്ടുള്ള ചാപ്ടറും പരിപൂർണ്ണമായി ഇല്ലായ്മ ചെയ്യണം.

പിന്നെ എസ്റ്റേറ്റിനെ കുറിച്ചാണു് പറഞ്ഞിരിക്കുന്നതു് എസ്റ്റേറ്റിന്റെ ഡഫനിഷനകത്തു് തേയില, റബ്ബർ, കാർഡമം, കാപ്പി മുതലായവയാണു് ഉൾപ്പെടുത്തിയിട്ടുള്ളതു്. നമ്മുടെ സംസ്ഥാനത്തിനു് കേരളം എന്നുള്ള പേരു് കിട്ടിയതെങ്ങിനെയാണെന്നറിയാമോ ? കേരളം എന്നുള്ള പദം ഉണ്ടായതു് കേരം+അളം =കേരളം എന്നാണു്. ഉപ്പു് അളം ഉപ്പളം. ഇവിടെ ധാരാളം കേരവൃക്ഷം ഉള്ളതുകൊണ്ടാണു് കേരളം എന്നുള്ള പേരു് തന്നെ കിട്ടിയതു്. അതുകൊണ്ടു് ഏറ്റവും പ്രധാനപ്പെട്ട കേരവൃക്ഷം കൂടി എസ്റ്റേറ്റിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തേണ്ടതാണു്. സാധാരണ ഞങ്ങളുടെ നാട്ടിൽ ഒരു തേങ്ങ കുഴിച്ചിട്ടാൽ എട്ടു് ഒൻപതു് കൊല്ലമാകുമ്പോഴാണു് ഒന്നും രണ്ടും കായ്കുലകൾ വീതം വരും. പന്ത്രണ്ടു് കൊല്ലം കഴിഞ്ഞാൽ ഒരു തെങ്ങു് നല്ലപോലെ കായ്ക്കും.

ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ : കേരം കൂടുതലുള്ള സ്ഥലത്തിനെ കേരളം എന്നു പറയും. അതുപോലെ ചാഴി കൂടുതലുള്ള സ്ഥലത്തിനെ എന്താണാവോ പറയും ?

ശ്രീ. ജോസഫ് ചാഴിക്കാടൻ : ചാഴിക്കാടു് എന്നു പറയും. തെങ്ങു് ഈ രാജ്യത്തെ ഏറ്റവും വലിയ സമ്പത്താണു്. ഒരു കുടുംബത്തിന്റെ മുമ്പിൽ നാലു് തെങ്ങു് ഉണ്ടെങ്കിൽ അതിൽനിന്നു് നാന്നൂറു് അഞ്ഞൂറോളം തേങ്ങ കിട്ടും. അതുകൊണ്ടു് രണ്ടു പേരുള്ള കുടുംബത്തിനു് കഴിയാൻ സാധിക്കും. എന്റെ ചെറുപ്രായത്തിൽ ആയിരം തേങ്ങായ്ക്കു് പതിനേഴര രൂപവച്ചു ഞാൻ വിറ്റിട്ടുണ്ടു്. ഇപ്പോഴാണെങ്കിൽ ആയിരം തേങ്ങായ്ക്കു് അറുന്നൂറു രൂപ കിട്ടി ചിലയിടത്തു് ആയിരത്തിനു് 750 രൂപവരെ കിട്ടുന്നുണ്ടു്.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ : സർ, ഈ പ്രസംഗത്തിന്റെ ഉദ്ദേശം എന്താണെന്നു് മനസ്സിലാകുന്നില്ല. ശ്രീ. ചാഴിക്കാട്ടു് ഇവിടെ എന്താണു് പറയുന്നതെന്നു് മനസ്സിലാകുന്നില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ആഹാ, ഞാൻ പറയുന്നതൊന്നും മനസ്സിലായില്ലേ? ഈശ്വരൻ മനുഷ്യർക്കു് ബുദ്ധികൊടുക്കുന്നതു് പല വിധത്തിലാണു്. ചിലർക്കു് ആരെങ്കിലും എന്തെങ്കിലും പറയുന്നതു കേട്ടാൽ ഉടനെ മനസ്സിലാകും. മറ്റു ചിലർക്കു് ആരെങ്കിലും എന്തെങ്കിലും പറയുന്നതു് കേട്ടാൽ ഉടനെ മനസ്സിലാകുകയില്ല. വീട്ടിൽ ചെന്നു് വൈകുന്നേരത്തെ ഭക്ഷണം കഴിഞ്ഞു് കിടക്കുമ്പോഴായിരിക്കും പറഞ്ഞതു് എന്താണെന്നു് മനസ്സിലാകുന്നതു്. മറ്റു ചിലർക്കു് പിറ്റേദിവസം രാവിലെ ഒരു ഗ്ലാസ്സു് ചൂടു് കാപ്പി കുടിക്കുമ്പോഴായിരിക്കും പറഞ്ഞതു് എന്താണെന്നു് മനസ്സിലാകുന്നതു്. അതേപോലെ ഞാൻ പറയുന്നതൊന്നും ഇപ്പോൾ മനസ്സിലായില്ലെങ്കിൽ പിന്നീടു് എപ്പോഴെങ്കിലും മനസ്സിലാകും. ചാഴിക്കാടൻ പറഞ്ഞതു് ശരിയാണു്, തെങ്ങുകളെക്കൂടി എസ്റ്റേറ്റിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തേണ്ടതാണു് എന്നു് നിങ്ങൾക്കു് മനസ്സിലാകും. ഞാൻ പറഞ്ഞുവരുന്നതു് കേരള ഭൂപരിഷ്കരണഭേദഗതി ബില്ലിന്റെ ഇരുപതാം അദ്ധ്യായം എടുത്തുകളയണമെന്നുള്ളതിനെപ്പറ്റിയാണു്. സീലിംഗിനെക്കുറിച്ചു് പറഞ്ഞിരിക്കുന്ന അദ്ധ്യായം ആവശ്യമില്ലാത്തതാണു്. അതുകൊണ്ടു് അതു് എടുത്തു കളയണം. അതുപോലെ സീലിംഗു് അനുസരിച്ചുള്ള ഭൂമി കൊടുത്തിട്ടു് ബാക്കിയെടുക്കുന്ന ഭൂമിയ്ക്കു് കൊടുക്കുന്ന വില വളരെ കുറവാണു്. അതുകൊണ്ടു് ആ അദ്ധ്യായവും അപ്പാടെ എടുത്തുകളയണം, ഇതു് ബില്ലുമായി ബന്ധമില്ലെങ്കിൽ നിങ്ങളും ഈ നിയമസഭയുമായിട്ടു് യാതൊരു ബന്ധവുമില്ലെന്നു് ഞാനും പറയുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : അതുകൊണ്ടു് കേരവൃക്ഷം ഒരു പത്തു പന്ത്രണ്ടു കൊല്ലം കഴിഞ്ഞതിനുശേഷമേ കായ്ക്കുകയുള്ളു. തെങ്ങിൻതൈക്കു തന്നെ ഇന്നു രണ്ടു രൂപവരെ വിലയുണ്ടു്. മലബാറിൽച്ചെന്നു് നല്ല തെങ്ങിൻതൈകളും കൊണ്ടുവന്നു് ഇവിടെ നടുന്നുണ്ടു്. മദ്ധ്യപ്രായത്തിലുള്ള തെങ്ങിൽനിന്നു കിട്ടുന്ന തേങ്ങ നട്ടു മുളപ്പിച്ചെടുക്കുന്ന തെങ്ങിൽനിന്നേ നല്ല ആദായം കിട്ടുകയുള്ളു. അതുപോലെ കമുകാണെങ്കിൽ നല്ല മൂത്ത കമുകിൽനിന്നു കിട്ടുന്ന വിത്തു നട്ടാലേ നല്ല കായ് ഉണ്ടാകയുള്ളു. ചക്കയെ സംബന്ധിച്ചാണെങ്കിൽ, കടിഞ്ഞൂലുണ്ടാകുന്ന ചക്കയുടെ കുരു നട്ടെടുത്തുണ്ടാകുന്ന മൂപ്പാവു് ആദ്യംമുതലേ നല്ലവണ്ണം കായ്ക്കും.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ : ഈ രൂപത്തിൽ ബില്ലുമായി ബന്ധമില്ലാത്ത സംഗതികളും പറയുന്നതു് ശരിയാണോ ?

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : അഞ്ചു് നിയമസഭയിൽ പുതിയ ആളല്ലേ? പഴയ ആളുകളാണെങ്കിൽ ഇതു് എന്നോടു് ചോദിക്കുകയില്ല. 'പുതുവാളായതുകൊണ്ടു്' ചോദിക്കുകയാണു്. പുതിയ ആളുകളും ഇതൊന്നും കണ്ടിട്ടില്ല.

അതുകൊണ്ടു് തെങ്ങിനെ എസ്റ്റേറ്റിൽ ഉൾപ്പെടുത്തണം. പത്തോ പതിനഞ്ചോ ഏക്കറുള്ള തെങ്ങിൻ പുരയിടത്തെ എസ്റ്റേറ്റിൽ ഉൾപ്പെടുത്തണം. ഉൾപ്പെടുത്തിയില്ലെങ്കിൽ തെങ്ങു് ഈ രാജ്യത്തു് അഭിവൃദ്ധിപ്പെടുത്താൻ സാധിക്കാതെവരും. അതു് രാജ്യത്തിനു് ഭയങ്കരമായ ദോഷംചെയ്യും. നെഹ്രുതന്നെ അദ്ദേഹത്തിന്റെ ഒരു റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്, ആദായം കിട്ടുന്നതിനു് കൂടുതൽകാലം നിൽക്കേണ്ടതും അതുപോലെതന്നെ ആദായം കിട്ടിത്തുടങ്ങിയാൽ കൂടുതൽ കാലം നിൽക്കുന്നതുമായ കൃഷി ഭൂമികളെ വീതിക്കാൻ പാടില്ലെന്നു്, അതുകൊണ്ടു് രാജ്യത്തിനു് ആദായം കിട്ടുന്ന തെങ്ങിൻതോപ്പുകളെ പ്ലാന്റേഷനിൽ ഉൾപ്പെടുത്തണം. തെങ്ങിനോളം കൂടുതൽ കൃഷിച്ചെലവു് നടത്തേണ്ടതും, കൂടുതൽ കാലത്തേക്കു ഫലം കിട്ടുന്നതുമായ മറ്റു വൃക്ഷങ്ങളും അധികം ഈ രാജ്യത്തില്ല. അതുകൊണ്ടു് തെങ്ങിനെ ഇതിൽനിന്നു് ഒഴിവാക്കിയിരിക്കുന്നതു് തെറ്റാണു്; അതു് രാജ്യത്തിനു് ദോഷംചെയ്യും. ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതനുസരിച്ച് 12 ഏക്കർ തെങ്ങിൻ പുരയിടമുണ്ടെങ്കിൽ മിച്ചമുള്ള രണ്ടേക്കർ സർക്കാരിനെ ഏല്പിക്കണം. ഈ രണ്ടേക്കർ തെങ്ങ് സർക്കാർ അന്വേഷിക്കുമോ? യാതൊന്നും നടക്കുകയില്ല. അതു ക്രമേണ നശിച്ചുപോകാനാണ് ഇടയുള്ളതു്. അതുകൊണ്ട് തെങ്ങിൻതോപ്പുകളെ സീലിംഗിന്റെ പരിധിയിൽനിന്നും മാറ്റണം. ഞാൻ ഇതു ആവത്തിച്ചു പറയുന്നതുകൊണ്ട് ഒരു തരക്കേടുമില്ല. മലബാറിൽ പറപ്പനങ്ങാടി മുതലായ സ്ഥലങ്ങളിൽ നല്ല തെങ്ങുകളുണ്ട്. അതുകൊണ്ട് വലിയ തെങ്ങിൻതോട്ടങ്ങളുണ്ടാക്കി ശാസ്ത്രീയമായ രീതിയിൽ കൃഷി നടത്തണമെങ്കിൽ അഞ്ചും പത്തും തെങ്ങുപോരാ. ആയിരക്കണക്കിനു് തെങ്ങുകൾ ഒന്നിച്ചു് വളമിട്ടു് ഉണ്ടാക്കുകയാണെങ്കിൽ ഈ രാജ്യത്തെ സാമ്പത്തികസ്ഥിതി നന്നാവും. തെങ്ങ് നല്ലവണ്ണം ഉണ്ടാക്കുകയാണെങ്കിൽ ഇവിടെ ആവശ്യമുള്ള പണമുണ്ടാകും. ആണ്ടുതോറും തേങ്ങ വിറ്റു് കേരളത്തിൽവരുന്ന സംഖ്യ കുറഞ്ഞു കുറഞ്ഞു വരികയാണു്. ഈ അടുത്തകാലത്തു് ഞാൻ ലോകനാഥൻ റിപ്പോർട്ടിൽ വായിച്ചു; 50 കൊല്ലത്തിനുമേൽ പ്രായമായ തെങ്ങുകളാണു് കേരളത്തിലുള്ള 80 ശതമാനം തെങ്ങുകളും എന്നു്. 50 വയസ്സിൽ കൂടിയ തെങ്ങുകളാണു് കേരളത്തിലുള്ളതിൽ 80 ശതമാനവും. അങ്ങനെ തെങ്ങുകൃഷി ഈ രാജ്യത്തു് വർദ്ധിപ്പിച്ചു് നമ്മുടെ സാമ്പത്തികസ്ഥിതി വർദ്ധിപ്പിക്കേണ്ടതു് വളരെ ആവശ്യമാണു്. നമ്മുടെ സാമ്പത്തികസ്ഥിതി തെങ്ങു് കൃഷിയെ സംബന്ധിച്ചിടത്തോളം ദിവസേന താണു താണു വരികയാണു്. മുൻകാലങ്ങളിൽ തേങ്ങയ്ക്കു വില കുറവായിരുന്ന കാലത്തു് തെങ്ങു് കൃഷിയിൽ ആരും പ്രത്യേകം ശ്രദ്ധിച്ചിരുന്നില്ല. ഞാൻ നേരത്തേ പറഞ്ഞതുപോലെ ആയിരം തേങ്ങയ്ക്കു് 17 രൂപ 18 രൂപയ്ക്കു വിലയുണ്ടായിരുന്നുള്ള. ആ കാലങ്ങളിൽ തെങ്ങുകൃഷി നഷ്ടമായിരുന്നു. ഒരു കാലത്തു് കരുമുളകു് കൃഷി നഷ്ടമായിരുന്നു. കരുമുളകു് ഒരു കണ്ടിക്കു് 60 രൂപ വില വന്നിട്ടുള്ള കാലമുണ്ടായിരുന്നു. ഇന്നു അതു് ആയിരം രൂപാവരെ വിലയുണ്ടു്. അതുപോലെ തന്നെ തേങ്ങയുടെ വിലയും ഇന്നു വളരെ ഉയർന്നുകഴിഞ്ഞിരിക്കുകയാണു്. അതുകൊണ്ടു് എസ്റ്റേറ്റിന്റെ ഡെഫിനിഷനിൽ തെങ്ങുകൂടി ഉൾപ്പെടുത്തണം.

അതുപോലെ കായൽനിലക്കാരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. കായൽ നിലങ്ങളും രണ്ടും മൂന്നും ഏക്കറായാൽ കൃഷി നേരേ നടക്കുകയില്ല; വിളവുണ്ടാകുകയുമില്ല. കൃഷി ആരെങ്കിലും ചെയ്തുകൊള്ളട്ടെ. കൃഷിനിലങ്ങളും ചെറിയ കഷണങ്ങളായാൽ വരമ്പുവേണം.

ഡപ്യൂട്ടി സ്പീക്കർ : ശ്രീ. ജാൺ ജേക്കബ്ബ് അതൊക്കെ പറഞ്ഞുകഴിഞ്ഞതാണു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ജാൺജേക്കബ്ബ് പറഞ്ഞതു് ശരിയാണെന്നു വിവരമുള്ള ആളുകൾകൂടി പറയേണ്ടേ? കായൽ നിലങ്ങളും ചെറിയ തുണ്ടാക്കിയാൽ കൃഷി നടക്കുകയില്ല. മുൻപു് ഇവിടെ ഒരു നിയമം പാസായതിന്റെ ഫലം ഞാൻ ഇവിടെ പറഞ്ഞിട്ടുള്ളതാണു്. രണ്ടേക്കറിൽ കൂടുതൽ നിലമുള്ളവരിൽനിന്നു് ലവി എടുക്കുന്നതിന്റെ ഫലമായിട്ടു് നിലം കുറഞ്ഞുപോകുന്നു. അതുപോലെ കായൽ നിലങ്ങളിൽ വരമ്പുകളിൽ പുഞ്ചകൃഷിക്കാർ കുടിൽവച്ചു് താമസിക്കുന്നുണ്ടു്. ആ സ്ഥലം അവർക്കു സ്ഥിരമായി കൊടുത്താൽ തോടിന്റെ വശങ്ങളിൽ വരമ്പു ബലപ്പെടുത്താൻ സാധിക്കുകയില്ല. അതിന്റെ ഫലമായി കുടിൽ ഇരിക്കുന്ന സ്ഥലവും മറ്റും വെള്ളം കേറുമ്പോൾ ഇടിഞ്ഞുപോകുന്നു. അങ്ങനെ അഞ്ഞൂറു് അറുന്നൂറു് ഏക്കർ നെൽപ്പാടങ്ങളിൽ ഒട വീണു് കൃഷിക്കു് നഷ്ടമുണ്ടാകുകയും ചെയ്യുന്നുണ്ടു്. കൃഷിയിറക്കുന്നതിനുവേണ്ടി പണം മുടക്കുന്ന നിലം ഉടമസ്ഥന്മാർക്കു് വരമ്പുകൾ കേടുവന്നാൽ ഉണ്ടാകുന്ന നഷ്ടത്തെപ്പറ്റി ബോദ്ധ്യമുണ്ടെങ്കിലും അതു് നന്നായി സംരക്ഷിക്കുന്നതിനു് സാധിക്കുന്നില്ല. കൂലിവേലക്കാരായ ആളുകൾക്കു് കിടപ്പാടം ഉണ്ടാക്കിക്കൊടുക്കുന്നതു് നല്ലതുതന്നെ. എങ്കിലും വരമ്പുകളിൽ താമസിക്കുന്നതുകൊണ്ടു് ഇതുപോലുള്ള അപകടങ്ങൾ ഉണ്ടാകുമെന്നുള്ളതിനാൽ, കൃഷിക്കു പൊതുവേ രാജ്യത്തിനും നഷ്ടമുണ്ടാകുമെന്നുള്ളതു് കണക്കിലെടുത്തുകൊണ്ടു്, കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ക്കാക്കും കുടികിടപ്പുകാക്കും ദോഷം വരാത്തവിധത്തിൽ അവരെ മാറ്റിത്താമസിപ്പിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുകയും, അവരെ മാറ്റിത്താമസിപ്പിക്കുന്നതിനു് എവിടെയെങ്കിലും സ്ഥലം കൊടുത്തുകൊണ്ടു്, പണം വാങ്ങി മാറിക്കൊടുക്കണമെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്യണം. നിലം ഉടമസ്ഥന്മാക്കു് കൃഷിസ്ഥലത്തിനു് ദോഷം ചെയ്യാൻ ഇടയുണ്ടെന്നു കാണുകയാണെങ്കിൽ എന്തെങ്കിലും സംഖ്യ കൊടുത്തു് അവരെ മാറ്റാനുള്ള അവകാശവും അധികാരവും ഈ കൃഷിക്കാർക്കു് കൊടുക്കേണ്ടിയിരിക്കുന്നു.

ഡപ്യൂട്ടി സ്പീക്കർ : മി. ചാഴിക്കാടനു് നാളെ സംസാരിക്കാം.

സഭ പിരിയുന്നതിനു മുൻപായി പ്രധാനപ്പെട്ട ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ടു്.

മഹാത്മാഗാന്ധിയുടെ ജന്മശതാബ്ദി ദിനമായ ഒക്ടോബർ മാസം രണ്ടാംതീയതി ആ മഹാത്മാവിനോടുള്ള ആദരാജ്ഞലികളം അർപ്പിക്കുന്നതിനായി ഈ നിയമസഭയുടെ ഒരു പ്രത്യേകസമ്മേളനം കൂടണമെന്നു് ഇക്കഴിഞ്ഞ 23—ാംതീയതി കൂടിയ ബിസിനസ്സു് അഡ്വൈസറി കമ്മിറ്റിയുടേയും പാർട്ടി നേതാക്കന്മാരുടേയും ഒരു യോഗം തീരുമാനിക്കുകയുണ്ടായിട്ടുണ്ടു്. ആ തീരുമാനം ഈ സഭയുടെ മുൻപാകെ ഞാൻ വയ്ക്കുന്നു. സഭയുടെ അനുമതി ഈ കാര്യത്തിൽ ഉണ്ടാകുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ഒക്ടോബർ രണ്ടാംതീയതി രാവിലെ 9 മണിക്കു് സഭ സമ്മേളിക്കുന്നതാണു്. വിവിധ പാർട്ടി നേതാക്കന്മാർക്കു് ആദരാജ്ഞലികളം അർപ്പിക്കുന്നതിനു് അവസരം നൽകുന്നതാണു്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ എട്ട മണിക്കു് വീണ്ടും കൂടുന്നതുമാണു്.

The Assembly adjourned at 1 P. M. to meet again at 8 A. M. on Wednesday, the 1st October, 1969.

LIBRARY ARCHIVES Kerala Legislative Assembly